240390

# ഉഉ്

എല്ലാ വ്യാഴാഴ്ച്ച

സ്വം.ടിവിക്കുന്നു.

ജ്ഞാവിൻ ജന്റ്. ഞെങ്കവിൽ വെലിയ്യ്

ചേരി: -കെ.പി.-ഉണ്ണിക്കുട്ടിൻ.

240390



# സംഭവിക്കുന്നു

A. 1474

240390

# ഇത്

# എല്ലാ വ്യാഴാഴ്ചയും

## സംഭവിക്കുന്നു

SEN GUPTA PUBLIC LIB...
Date...........................
PUTHIYARA.

ഗ്രന്ഥകർത്രി:

ജെയിൻ എസ്സ്. മെക്കിൽവെയിൻ.

1956 ആഗസ്റ്റ് 15

പരിഭാഷകൻ:

കെ. പി. ഉണ്ണികൃഷ്ണൻ ബി. ഏ.

ഒരു 'ജനാ' പ്രസിദ്ധീകരണം

വില 12ണ.

ഒന്നാം പതിപ്പ് കോപ്പി 1000.

കവർ: ഒ. ടി. മോഹൻ

'JANARTS' Madras—3.

പ്രസാധകന്മാർ:

ജനാ പബ്ലിക്കേഷൻസ്

കക്കാട്, എൻ. മലബാർ.

---

Photograph on the cover is from a scene from the English Film 'It Happens Every Thursday.' By Courtesy of Universal Pictures (India) Ltd.

---

Printed at the Janatha Press, Madras-5.

SEN GUPTA PUBLIC LIBRARY
Date..................
PUTHIYARA.

A Malayalam Version

OF

**It Happens Every Thursday**

By Jane S. Mc LLvaine.

This translation is Published with the Permission of the Author and the Publisher (The Curtis Publishing Company).

# ഗ്രന്ഥകർത്രിയെപ്പററി

നാവികസേനയിൽനിന്നു പിരിഞ്ഞശേഷം ഒരു നാടൻ പത്രത്തിൻെറ ഉടമസ്ഥനും പത്രാധിപരുമെന്ന നിലയിൽ ജീവിതം നയിക്കാൻ തുടങ്ങിയ റോബിൻസനു് തൻെറ ഭാൎയ്യയുടെ കഴിവുകഠം ആദ്യം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് അദ്ദേഹത്തിൻെറ സഹപത്രാധിപയായി ഭാൎയ്യ ജെയിൻ ഏററവും വലിയ സഹായിയാണെന്നുകണ്ടപ്പോഠം അയാഠം അവളുടെ കഴിവുകളെ അംഗീകരിക്കാൻ നിർബ്ബന്ധിതനായി. രണ്ടു കുട്ടികളുടെ രക്ഷാകർത്തൃത്വമുള്ള ഒരു കുടുംബിനിയായിട്ടുപോലും ജയിൻ പത്രമാപ്പീസിലെ ജോലികഠം ചെയ്യുന്ന കാൎയ്യത്തിൽ ഒരിക്കലും വിമുഖത കാണിച്ചില്ല. 'സ്റ്റീവിനെ'യും 'മീയ'യേയും സ്നേഹിച്ചിരുന്നതുപോലെതന്നെ അവർ ആർകീവിനേയും സ്നേഹിച്ചു. 1949-ൽ ജെയിൻ പെൻസിൽവാനിയ വിമൻസ് പ്രസ്സ് അസോസിയേഷൻ വക സമ്മാനം നേടി തൻെറ പത്രപ്രവത്തനത്തിലുള്ള കഴിവിന്നു് സാക്ഷ്യപത്രം നേടി. കുട്ടികഠക്കവേണ്ടി ഗ്രന്ഥകർത്രി എഴുതിയ രണ്ടു പുസ്തകങ്ങഠം വളരെ പ്രശസ്തിയാർജ്ജിച്ചവയാണ്. പത്രപ്രവത്തനത്തിൽ തനിക്കു് നേരിട്ട പലവിധ അനുഭവങ്ങഠം എത്ര ഭംഗിയായിട്ടാണ് അവർ ചിത്രീകരിച്ചിരിക്കുന്നതു!

## പുസ്തകത്തെപ്പററി

ജെയിനിൻേറയും റോബിൻസൻേറയും ക്ഷമാശീലത്തിൻെറ ഉരകല്ലായിരുന്ന 'ആർക്കീവ്' എന്ന നാടൻ വാരിക. അതു് പുനരുദ്ധരിച്ച് പ്രശസ്തവാരികയാക്കിത്തീക്കാൻ വെമ്പൽകൊണ്ട ആ ദമ്പതികളുടെ തിക്തവും മധുരവുമായ നിരവധി അനുഭവങ്ങറം കലാസുന്ദരമായ കുറെ വരികളിൽ പകത്തിയതാണു് 'ഇതു് എല്ലാം വ്യാഴാഴ്ചയും സംഭവിക്കുന്നു' എന്ന ഈ കൊച്ചുപുസ്തകം. പത്രപ്രവത്തനത്തെപ്പററി അറിയുന്നവക്ക് ധാരാളം ഗുണപാഠം നൽകുന്നു ജയിൻ. പത്രപ്രവത്തനത്തെപ്പററി അറിയാത്തവക്ക് ആ അപരിചിതമേഖലയിലെ പല രംഗങ്ങളും കാണാൻ ഗ്രന്ഥകർത്രി സഹായിക്കുന്നു. അങ്ങിനെ എല്ലാവക്കും വായിക്കാനും രസിക്കാനും വേണ്ടി എഴുതിയ ഈ അനുഭവകഥ വളരുന്ന തലമുറക്ക് ഉത്തേജനം നൽകുമെന്നു് തീർച്ചയാണു്.

## ഒരു അഭിപ്രായം

SEN GUPTA PUBLIC LIBRARY
Date.........
PUTHIYARA.

'ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ'—എന്ന ലോക പ്രസിദ്ധമായ പത്രത്തിൽ ഈ പുസ്തകത്തെപ്പററി ഇപ്രകാരം കുറിച്ചിരിക്കുന്നു.

"ലോകത്തിലെ ഏററവും പ്രയോജനകരമായ ഒരു പ്രവൃത്തിയെന്നു് ഗ്രന്ഥകർത്രി കരുതുന്ന ഒന്നിൻെറ വിജയത്തിന്നു് വേണ്ടി ചിലവഴിക്കപ്പെട്ട ബുദ്ധി ശക്തിയേയും, ഭാവനയേയും കഠിനാദ്ധ്വാനത്തെയും പററിയുള്ള രസകരമായ ഒരു മുഴുനീള കഥയാണു് 'ഇതു് എല്ലായ്പ്പോഴും സംഭവിക്കുന്നു' എന്നതു്. ഗ്രന്ഥകർത്രിയുടെ ആവേശം മററുള്ളവരെക്കൂടി ആവേശഭരിതരാക്കുന്നു. അവരുടെ പുസ്തകം വായിക്കുന്നതു് എപ്പോഴും സംതൃപ്തിയുളവാക്കുന്ന ഒരു അനുഭവമായിരിക്കും."

# പ്രസാധകക്കുറിപ്പ്

ഓസ്കാർ വൈൽഡ് ഒരിക്കൽ പറയുകയുണ്ടായി "നമ്മിലധികം പേക്കും ശരിയായ ജീവിതം, നാം നയിക്കാത്ത ഒന്നാണ്." നമ്മിലധികം പേക്കും ആ അഭിപ്രായം വള്ളിപുള്ളി തെററാതെ ബാധകമാണുതാനും. എന്നാൽ "ഇത് എല്ലാ വ്യാഴാഴ്ചയും സംഭവിക്കുന്നു" എന്ന ഈ പുസ്തകത്തിൻെറ ഗ്രന്ഥകർത്രിക്കും, അവരുടെ കൂട്ടുകാരനും ഈ അഭിപ്രായം ഒരിക്കലും യോജിക്കാത്തതാണെന്നു കാണാം. അവക്ക് എന്തുവേണമെന്നു രണ്ടു പേക്കും അറിയാമായിരുന്നു. അതിന്നുവേണ്ടി അവർ പണിയെടുത്തു. അതിന്നുവേണ്ടിയല്ലാതെ ഒന്നിനും അവർ പരിശ്രമിച്ചിട്ടുമില്ല.

പണത്തിന്നും, പ്രശസ്തിക്കും നേടിക്കൊടുക്കാൻ കഴിയാത്ത ഒരു സംതൃപ്തി പത്രാധിപവൃത്തികൊണ്ടു് ഗ്രന്ഥകർത്രിയും അവരുടെ ഭർത്താവും നേടിയിരുന്നു. എല്ലാ കഷ്ടതകളേയും തരണം ചെയ്തുകൊണ്ടു് വിജയത്തിലേക്ക് എത്തിച്ചേർന്ന രണ്ടു പത്രാധിപന്മാരുടെ ജീവിതകഥ നല്ലൊരു നോവൽ വായിക്കുമ്പോഴുള്ള സംതൃപ്തിയോടെ വായിക്കാൻ കഴിയുന്നു.

ഇതിനകം ഈ കഥ ചലച്ചിത്രമാക്കപ്പെട്ടിട്ടുണ്ടു്. ലോകത്തിലെ നിരവധിലക്ഷം ആളുകൾ ചലച്ചിത്രത്തിലൂടെയും വിവിധ ഭാഷകളിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞ പുസ്തകങ്ങളിലൂടെയും അറിഞ്ഞ 'ആർകീവി'ൻെറ കഥ കൈരളിയുടെ മുമ്പിലും ഞങ്ങൾ കാണിക്കവെക്കുന്നു.

ഇന്നെനിക്കു തോന്നുന്നു, ഇതിനെല്ലാം ഇടവരുത്തിയത് മത്സ്യമാണെന്ന്. അല്ലെങ്കിൽ ഞാൻ റോബിൻസൺ മെക്കിൽവെയിനെ വിവാഹം കഴിക്കുകയോ, ഒരു നാടൻ പത്രാധിപയാവുകയോ ഇല്ലായിരുന്നു. ഈ പുസ്തകവും എഴുതുമായിരുന്നില്ല.

മീൻപിടുത്തം എനിക്കിഷ്ടമുള്ള ഒരു ജോലിയായിരുന്നില്ല. വാസ്തവത്തിൽ 1938 ജൂണിൽ ഞാൻ ബോബിനെ ആദ്യമായി കണ്ടപ്പോഴും എന്നെസംബന്ധിച്ചേടത്തോളം വിവാഹത്തിനെന്നപോലെ മത്സ്യം പിടുത്തത്തിനും വിദൂരമായ ഒരു പ്രസക്തി മാത്രമേ ഉണ്ടായിരുന്നുള്ളു. ദിവസവും പടിക്കൽ വന്നു ചേരുന്ന ഒരു സാധനമെന്നതിൽ കവിഞ്ഞ് പത്രങ്ങളെപ്പററി അക്കാലത്ത് എനിക്ക് യാതൊരു വിവരവുമുണ്ടായിരുന്നില്ല.

18 വയസ്സ് പ്രായം. കുടുംബജീവിതത്തിന്നത്യാവശ്യമാണ് വിവാഹമെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. ഒരു കഷെൽഫിൽ കയ്യെത്താവുന്ന ദിക്കിൽ വെക്കുന്ന ഒരു ടോണിക്ക്പോലെ സൂക്ഷിക്കേണ്ട സാധനമാണ് ഭർത്താവെന്നാണ് ഞാൻ കരുതിയിരുന്നത്. അത് ബോബിനെ കാണുന്നതിന്നു മുമ്പായിരുന്നു.

ഒരു കുടുംബിനിയാവുതിന്നുമുമ്പ് പലതും കാണാനും ചെയ്യാനുമുണ്ടെന്ന് ഞാൻ വിശ്വസിച്ചു.

'വിധി' രഹസ്യമായി എന്നെ പരിഹസിക്കുകയായിരുന്നു. വർജീനിയയിലെ മിഡിൽബർഗ്ഗിലുള്ള എൻെറ ഒരു സുഹൃത്തിൻെറ വീട്ടിൽ ഇരിക്കുമ്പോഴാം ഒരു ദിവസം മെലിഞ്ഞുനീണ്ട് അല്പം പ്രായംതോന്നിക്കുന്ന ഒരാരം കയറി വന്നത് ഞാൻ കണ്ടു.

വിവേകവും അന്തസ്സും ഒത്തിണങ്ങിയ ഒരു പുരുഷനാണദ്ദേഹമെന്നു് എനിക്കു തോന്നി.

എൻെറ പരിപാടികളെല്ലാം മാറി. പോകേണ്ടുന്ന സ്ഥലമെല്ലാം ഞാൻ മറന്നുകഴിഞ്ഞിരുന്നു. ബോബിനെ വിവാഹം കഴിക്കണമെന്ന ആഗ്രഹം മാത്രമാണു് മനസ്സിൽ അവശേഷിച്ചുള്ളു.

എന്നാൽ അദ്ദേഹത്തെ 'കട്ടക്കിലാക്കുക' എളുപ്പമുള്ള കാര്യമായിരുന്നില്ല. ഇരുപത്തേഴാം വയസ്സിൽ അദ്ദേഹം വാഷിങ്ങ്ടനിലെ ദേശീയസമിതിയുടെ ഉപാദ്ധ്യക്ഷനായിരുന്നു. മാത്രമല്ല, വിവാഹകാര്യത്തിൽ അദ്ദേഹത്തിന്നു് അന്തഃപുരത്തിലെ എസ്കിമോവിനോളം പോലും താല്പര്യമുണ്ടായിരുന്നില്ല. സർവ്വോപരി അദ്ദേഹത്തിന്നു് കുതിരകളെ കണ്ടുക്രൂടായിരുന്നു. ഈ ഉൾനാട്ടിലാകട്ടെ, ഒരാകർഷണവസ്തുവായി കുതിരമാത്രമേ ഉള്ളുതാനും. 'എങ്ങിനെയെങ്കിലും വാഷിങ്ങ്ടനിൽ എത്താൻ കഴിഞ്ഞെങ്കിൽ' എന്നു് ഞാൻ ആശിച്ചു.

"നിങ്ങൾ പട്ടണത്തിലേക്കു പോകാറുണ്ടോ"? ഒരു ദിവസം ബോബ് ചോദിച്ചു.

"എല്ലാ വ്യാഴാഴ്ചയും മത്സ്യം വാങ്ങാൻ പോകാറുണ്ടു്"—ഞാൻ മറുപടി പറഞ്ഞു.

"എന്തിന്നു്?"--ബോബ് ഉൽകണ്ഠ പ്രകടിപ്പിച്ചു.

"മത്സ്യം വാങ്ങാൻ!"—ഞാൻ ഉടൻ മറുപടി നൽകി.

"ഇവിടെനിന്നു് ചെസാപീക്കിലേക്കു് 40 നാഴിക ദൂരം മാത്രമേ ഉള്ളുവെങ്കിലും ഇവിടെ പച്ചമത്സ്യം കിട്ടുവാൻ വലിയ പ്രയാസമുണ്ടു്. അതുകൊണ്ടു് ആഴ്ചയിലൊരിക്കൽ ഞാൻ പട്ടണത്തിൽ പോയി മത്സ്യം വാങ്ങി കൊണ്ടുവരാറുണ്ടു്. അയൽപക്കക്കാരിൽ ആർക്കെങ്കിലും വേണമെങ്കിൽ അവർക്കും കൊണ്ടുവരും."

"കൊള്ളാം, പട്ടുകുപ്പായത്തിൽ പൊതിഞ്ഞ ഒരു മീൻകാരിയെ ഞാൻ ആദ്യമായി കാണുകയാണ്. ആട്ടെ, അടുത്ത വ്യാഴാഴ്ച ടൌണിൽ വരുമ്പോൾ നമുക്കൊപ്പം ഊണു കഴിക്കാം; എന്തു് പറയുന്നു?"— ബോബ് അന്വേഷിച്ചു.

അങ്ങിനെയാണ് ഞങ്ങൾ തുടങ്ങിയത്. അടുത്തദിവസം രാവിലെ എനിക്ക് 28 ഓർഡർ ലഭിച്ചു. ഞങ്ങൾ പതിവായി കാണാറുള്ള റസ്റ്റോറൻറിന്നടുത്തുള്ള മാക്ക്റെറിൻെറ ഉടമ എനിക്ക് മൊത്തവിലക്ക് മത്സ്യം നൽകുവാൻ സമ്മതിക്കുകയും ചെയ്തു.

ബോബിന്നു് 'കടൽ ഭക്ഷണം' നന്നെ പിടിച്ചതായി ആദ്യം തന്നെ ഞാൻ മനസ്സിലാക്കി. കുറെനാൾ കഴിഞ്ഞപ്പോൾ, ഒരുമിച്ച് ജീവിക്കുകയാണെങ്കിൽ ഒരാളുടെ ചിലവുകൊണ്ടു് രണ്ടുപേക്ക് കഴിഞ്ഞുകൂടാമെന്നു് ബോബ് കണ്ടുപിടിച്ചു.

പിന്നീട് അദ്ദേഹമാണ് മുൻകയ്യെടുത്തത്. "പിന്നെ നമ്മുടെ വിവാഹം കഴിഞ്ഞാലുണ്ടല്ലോ—കുതിരകളിയൊന്നും ഉണ്ടാവില്ല. നാം കടലിലേക്കാണ് മധുവിധു ആഘോഷിക്കാൻ പോവുക."

പണ്ടൊരിക്കൽ യൂറോപ്പിലേക്ക് പോവുകയായിരുന്ന ഒരു സുഹൃത്തിനെ യാത്രയയക്കാൻ പോയപ്പോൾ കണ്ട 'നോർമാണ്ടി' എന്ന കപ്പലിനേക്കാൾ ചെറുതായി മറെറാരു കപ്പൽ ഞാൻ കണ്ടിരുന്നില്ല. അതുകൊണ്ടു് ഞാൻ ഭാവനയിൽ ദർശിച്ചതു്, ഉല്ലോലങ്ങളായ കല്ലോലങ്ങളിൽക്കൂടി സോല്ലാസം സഞ്ചരിച്ചിരുന്ന വലിയൊരു യാനപാത്രംമാത്രമാണ്. കടലിലെ മധുവിധുവുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവിതത്തിലെന്നും നിസ്സാരമായിരിക്കുമെന്നു് ബോബ് പറഞ്ഞതിൻെറ പൊരുൾ അന്നെനിക്ക് മനസ്സിലായിരുന്നെങ്കിൽ വരാനിരിക്കുന്നതെന്താണെന്നു ഊഹിക്കാമായിരുന്നു.

അദ്ദേഹം എത്ര ശരിയായിരുന്നു! ഇന്നു് കുട്ടികൾക്ക് സുഖമില്ലാതാവുമ്പോഴും പ്രസ്സിന്നു തകരാറുണ്ടാകുമ്പോഴും പരസ്യക്കാർ പുരികം ചുളിക്കുമ്പോഴും ഞങ്ങളുടെ മധുവിധുവെക്കുറിച്ച് ചിന്തിക്കുകയും അങ്ങിനെ ജീവിതഭാരം ലഘൂകരിക്കുകയും ചെയ്യുന്നു.

1939 ജൂണിൽ 'മിഡിൽ ബർഗ്ഗിൽ' വെച്ചാണ് ഞങ്ങൾ വിവാഹം ചെയ്തതു്. വിവാഹപീഠത്തിൻെറ മുമ്പിൽ നില്ക്കുമ്പോൾ പരിഭ്രമംകൊണ്ടു് ബോബിൻെറ കാൽമുട്ടുകൾ വിറച്ചിരുന്നു. വല്ലായ്മക്കിടയിൽ കാറിൻെറ താക്കോൽ നഷ്ടപ്പെട്ടു. ഞങ്ങൾക്ക് താമസിക്കാൻ ഏർപ്പെടുത്തിയിരുന്ന വാഷിങ്ടൻ ഹോട്ടലിൽ ചെന്നപ്പോൾ, ആഫ്രിക്കയിൽനിന്നു് ബോബ് പരിചയപ്പെട്ടിരുന്ന ഒരാളെക്കാണാനിടയായി 1937-നു ശേഷം അവർ തമ്മിൽ കണ്ടിരുന്നില്ല. ഞങ്ങൾ മൂന്നു പേരും അല്പം കുടിച്ചിരുന്നു. കെനിയയിലെ വർഷകാലത്തെ കുറിച്ച് എനിക്കന്നു് വിശദമായി മനസ്സിലാക്കാൻ സാധിച്ചു.

ഞങ്ങൾ തനിച്ചായപ്പോൾ 'മസ്സാച്യുസെററ്സി' ലെ 'മാഞ്ചസ്റ്റർ ബോട്ട്‌യാർഡി'ൽ ചെന്നു് ബോട്ട് കയറുവാൻ തീർച്ചപ്പെടുത്തി. രണ്ടു ദിവസം ഞങ്ങൾ കപ്പൽ ശുചീകരണവൃത്തിയിൽ വ്യാപൃതരായി. എന്നെസംബന്ധിച്ചേടത്തോളം അത് രസമുള്ള ഒരു ജോലിയായിരുന്നില്ല. എന്നെ വിവാഹം ചെയ്ത മനുഷ്യൻ കേവലം ഒരു സ്വേച്ഛാധികാരിയാണെന്നു് ഞാൻ മനസ്സിലാക്കി. ക്ലേശകരമായ വീട്ടുജോലികൾ എനിക്ക് ചെയ്യേണ്ടിവന്നു; ദുസ്സഹമായ പല വാക്കുകളും കേൾക്കേണ്ടിവന്നു.

ഒടുവിൽ ഞങ്ങൾ ബോട്ടിൽ കയറി കരവിട്ടപ്പോൾ ഞാൻ ആശ്വാസം കൊണ്ടു. പിന്നീടെനിക്ക് നെടുവീർപ്പിനല്ലാതെ ശ്വാസിക്കുവാൻ സമയമുണ്ടായിരുന്നില്ല. കാററും മഴയും മൂടൽമഞ്ഞും സഹിച്ച് രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ ഞങ്ങൾ യാത്ര തുടർന്നു. എൻെറ പട്ടുവസ്ത്രങ്ങളെല്ലാം നന

ഞ്ഞും കരിപിടിച്ചും ചീത്തയായതിനാൽ എനിക്ക് ബോബിന്റെ പരുക്കൻ കാക്കി ഉടുപ്പുകൾ ധരിക്കേണ്ടിവന്നു.

പ്ലിമത്ത് പാറക്കെട്ടുകൾക്കടുത്തുവെച്ച് കടൽ ശാന്തമായി. കരയടുക്കാൻ ഞങ്ങളെ പോർത്തുഗീസ് മീൻപിടുത്തക്കാർ സഹായിച്ചു. ഭക്ഷണത്തിന്നും നൃത്തത്തിന്നും അവർ ഞങ്ങളെ ക്ഷണിക്കുകയുണ്ടായി. ഏറ്റം വരുന്നതുവരെ 4 മണിക്കൂർ ഞങ്ങൾ അങ്ങിനെ സുഖമായി കഴിച്ചുകൂട്ടി.

വിശ്രമരഹിതമായ രണ്ടാഴ്ചകൾക്കുശേഷം ഞങ്ങൾ മാഞ്ചസ്റ്ററിലേക്ക് തിരിച്ചു. ബോബിന്റെ താടിരോമങ്ങൾ നീണ്ടു വളർന്നിരുന്നു. എന്റെ തലയിലും കൈകളിലും പരുക്കു പററിയിരുന്നതു് കെട്ടീട്ടുണ്ട്. വസ്ത്രങ്ങളെല്ലാം മുഷിഞ്ഞു പോയിരുന്നു. കാററുകൊണ്ട് മുഖം കരുവാളിച്ചുപോയതിനാൽ ചിരിക്കുമ്പോൾ എനിക്ക് വേദന തോന്നി. പക്ഷെ അന്യോന്യം സംസാരിക്കുന്നതിൽ ബോബ് സന്തോഷിച്ചു.

37 അടി നീളമുള്ള ഞങ്ങളുടെ ബോട്ടുമായി തുലനം ചെയ്താൽ വാഷിങ്ങ്ടനിലെ ഞങ്ങളുടെ രണ്ടുമുറിവീട് വളരെ സൌകര്യമുള്ളതായിരുന്നു. ചലിക്കുകയില്ലെന്നതാണ് അതിനുള്ള പ്രത്യേക ഗുണം. ഞാൻ കടൽസാമാനങ്ങൾ വലിച്ചെറിഞ്ഞ് ഒരു ഗൃഹസ്ഥയാകുവാൻ തയ്യാറായി. വേണ്ടാത്ത സാധനങ്ങൾ ജാലകത്തിൽക്കൂടി ഇഷ്ടംപോലെ വലിച്ചെറിയാൻ സാധിക്കുന്നില്ലെന്നത് മാത്രമാണ് എനിക്കുണ്ടായിരുന്ന വിഷമം. എന്നാൽ പ്രശാന്തമായ ഈ ജീവിതം അധികനാൾ തുടരുവാൻ സാധിച്ചില്ല.

രാഷ്ട്രീയനഭസ്സിൽ യുദ്ധമേഘങ്ങൾ ഇരുണ്ടുകൂടുവാൻ തുടങ്ങിയിരുന്നു. ഞങ്ങളുടെ മേശക്കു ചുററും വാദകോലാഹലങ്ങൾ പടർന്നുപിടിച്ചു. പുറത്തുപോയാലും ആരെങ്കിലുമൊരാൾ തീവ്രമായ വാദം ആരംഭിക്കുകയായി. ജനങ്ങൾ അന്യന്റെ കാര്യത്തിൽ

കൈചെലുത്തുന്നവരോ ഏകാന്തവാസികളോ ആയി മാറി. വാഷിംഗ്ടണിലാകെ അഭിപ്രായവ്യത്യാസങ്ങൾ അലതല്ലി.

1941 വസന്തകാലത്ത് ഒരു രാത്രി ക്ഷീണിച്ച് വിവശനായ നിലയിൽ ബോബ് വീട്ടിലെത്തി.

"ഞാൻ 'നേവി'യിൽ ചേരുവാൻ പോകുന്നു." ബോബ് പ്രഖ്യാപിച്ചു.

"എന്തിന്?"—ഞാൻ ചോദിച്ചു.

"നാം താമസിയാതെ യുദ്ധത്തിലേർപ്പെടുക തന്നെ ചെയ്യും. ആ നിലയിൽ വേഗത്തിൽ പോകുന്നതാണ് നല്ലതെന്ന് ഞാൻ കരുതുന്നു"—ബോബ് മറുപടി നൽകി.

ഡോക്ടർ പരിശീലനം പൂർത്തിയാകാത്ത നിലയിൽ ബോബ് അകന്നുപോകുകയില്ലെന്ന് ഞാൻ വ്യാമോഹിച്ചു. വിവാഹിതയായിട്ട് കൊല്ലങ്ങൾ രണ്ടു കഴിഞ്ഞിട്ടും എനിക്ക് ഭർത്താവിനെ മനസ്സിലാക്കുവാൻ സാധിച്ചില്ല.

ജീവിതത്തിലാദ്യമായി ബോബ് വിശ്രമമില്ലാതെ പ്രവർത്തിക്കുവാൻ തുടങ്ങി. പൊതുകാര്യത്തിൽ സ്വാധീനമുള്ളവരായി തനിക്കറിയാവുന്ന ഓരോ ആളേയും അദ്ദേഹം സന്ദർശിച്ചു. അവർ ചോദിച്ചു: "നിങ്ങൾക്കെന്താണിത്ര ശാഠ്യം? ആരും നിങ്ങളെ നിർബ്ബന്ധിക്കുന്നില്ലല്ലോ. നിങ്ങൾ ഒരച്ഛനാവാൻ പോവുകയാണ്. മി. ബോബ്! നിങ്ങളെത്ര ഭാഗ്യവാനാണ്!"

ഒടുവിൽ ബോബ് ഒരു വിദഗ്ദ്ധനാവികനെ കാണ്മാനിടയായി. "നിങ്ങളെയാണ് ഞങ്ങൾ തേടിക്കൊണ്ടിരിക്കുന്നത്. നിങ്ങളുടെ ആഫ്രിക്കൻനാട്ടു ഭാഷാപരിജ്ഞാനം മദ്ധ്യധരണ്യാഴിപ്രദേശത്ത് ഞങ്ങൾക്ക് വലിയ സഹായകമായിരിക്കും. അയാൾ ബോബിനെ പ്രോത്സാഹിപ്പിച്ചു:

SEN GUPTA
Date.........
PUTHIYARA

ഉത്സാഹഭരിതനായി മൂളിപ്പാട്ടു പാടിക്കൊണ്ടാണ് ബോബ് അന്ന് വീട്ടിൽ തിരിച്ചെത്തിയതു്. എന്നാൽ ദേഹപരിശോധന അപ്പോഴും പൂർത്തിയായിരുന്നില്ല. മൂന്നാമത്തെ തവണ അദ്ദേഹം പാസ്സായി; ലഫ്ടനൻറ് ജൂനിയർ ഗ്രെയ്ഡ് ലഭിച്ചു. പക്ഷെ അദ്ദേഹം പോയതു് ആഫ്രിക്കയിലേക്കല്ല, പനാമയിലേക്കാണ്.

ഞാൻ താൽക്കാലികമായി വർജീനിയയിലേക്ക് മാറി. ഒന്നാമത്തെ പ്രസവം ആസന്നമായ നിലയിൽ ബോബിൻെറകൂടെ പോകുന്നതു് പിന്നീടാകാമെന്നു് തീർച്ചപ്പെടുത്തി. പക്ഷെ പേൾഹാർബർ ആക്രമണത്തോടുകൂടി ആ പരിപാടിയെല്ലാം തകർന്നു! 1942 ജനവരി 11–ാംനു- വാഷിംഗ്ടണിൽ വെച്ചു് സ്റ്റീവിനെ പ്രസവിച്ചതിന്നുശേഷം ആ ജൂണിൽ ബോബ് കല്പനയിൽ വരുന്നതുവരെ അദ്ദേഹവുമായി കൂടിച്ചേരുവാൻ ഞങ്ങൾക്ക് സാധിച്ചതേയില്ല. കുട്ടിയുടെ തലയിൽ തലോടിക്കൊണ്ടു് ബോബ് വ്യസനപൂർവ്വം പറഞ്ഞു: "ഇവനും മററു കുട്ടികളെപ്പോലെ തന്നെ ഇരിക്കുന്നല്ലോ. ഇവൻ വേറൊരു തരത്തിലായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചതു്."

ബോബ് പനാമയിലായിരുന്ന പത്തു മാസം പത്തു സംവൽസരങ്ങൾപോലെ അനുഭവപ്പെട്ടു. യുദ്ധം കൊടുമ്പിരിക്കൊള്ളുകയാണ്. ജീവിതം സുരക്ഷിതമല്ലാതായിത്തീർന്നു. ഭയവും അനിശ്ചിതാവസ്ഥയും എങ്ങും നടമാടി.

ഒരേ തെററ് ആവർത്തിക്കുവാൻ ഞാൻ ഉദ്ദേശിച്ചില്ല. നാവികവകുപ്പ് അനുവദിക്കുന്നതുവരെ ബോബിൻെറ കൂടെത്തന്നെ കഴിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തി.

ഞാൻ വീട്ടിൽ തന്നെ കഴിഞ്ഞുകൂടണമെന്ന് വാദിച്ച ഒരു വിഭാഗമുണ്ട്. ചെല്ലുന്നേടത്തെല്ലാം ഭർത്താക്കന്മാരെ അനുഗമി

ക്കവാൻ സ്ത്രീകൾക്കവകാശമില്ലെന്നും പാർപ്പിടസൌകര്യങ്ങൾ ഉണ്ടാവുകയില്ലെന്നും അവർ നിർദ്ദേശിച്ചു. എങ്ങും എപ്പോഴും ഒപ്പം ജീവിക്കുന്നതു് കുടുംബബന്ധം ദൃഢീഭവിപ്പിക്കുവാൻ അത്യന്താപേക്ഷിതമാണെന്നു് ഞാൻ മനസ്സിലാക്കി.

അങ്ങിനെ ഒരു രാത്രി തൻെറ ആദ്യത്തെ കപ്പൽ നയിക്കുവാൻ ബോബിന്നു് കല്പന ലഭിച്ചു. അദ്ദേഹം മിയാമിയിൽനിന്നും പുറപ്പെട്ടു; ഞാനും സ്റ്റീവും ഞങ്ങളുടെ പഴയ കാറിൽ നിർബ്ബന്ധപൂർവ്വം വർജീനിയയിലേക്കു് നീങ്ങുകയും ചെയ്തു.

യുദ്ധകാലം നീങ്ങിക്കൊണ്ടിരുന്നെങ്കിലും സമയം സ്തംഭിച്ചു നിന്നു. അതിൻെറ വ്യക്തിത്വം നഷ്ടപ്പെട്ടു് കഴിഞ്ഞിരുന്നു. നഷ്ടപ്പെടുന്ന ജീവിതങ്ങളുടേയും പൊട്ടിമുളക്കുന്ന സംഘട്ടനങ്ങളുടേയും മുക്കപ്പെടുന്ന കപ്പലുകളുടേയും എണ്ണം കൊണ്ടാണതു് അളക്കാൻ തുടങ്ങിയതു്. യുദ്ധാനന്തരം താൻ ഒരു നാടൻ വത്തമാനപത്രം വാങ്ങുവാൻ ആലോചിക്കുന്ന കാര്യത്തിൽ എൻെറ അഭിപ്രായം അന്വേഷിച്ചുകൊണ്ടു് ഒരു ദിവസം 'ഗോഡൽ കെനാലി'ൽ വെച്ചു് ബോബ് എനിക്കൊരു കത്തെഴുതി. മനുഷ്യജീവിതത്തിൽ അപ്രതീക്ഷിതമായുണ്ടാവുന്ന വഴിത്തിരിവുകളെക്കുറിച്ചു ഞാൻ ഇന്നോക്കുന്നു. ഏററവും നല്ലൊരുദ്ദേശമാണതെന്നു് അധികമൊന്നും ആലോചിക്കാതെ ഞാൻ ഒരു മറുപടി എഴുതി. പത്രത്തിൻെറ ഭംഗിയായ നടത്തിപ്പു് ഞാൻ ഭാവനയിൽ ദർശിച്ചു. വിലക്കെടുക്കാനുള്ള പണമുണ്ടായാൽപോലും ഞങ്ങൾ രണ്ടുപേക്കും പത്രത്തെക്കുറിച്ചു് യാതൊന്നും അറിവില്ലെന്ന വസ്തുത ഞാൻ ഓത്തതേയില്ല.

തികച്ചും അഞ്ചുകൊല്ലത്തെ നിരന്തരമായ സൈനികസേവനത്തിന്നുശേഷം ബോബ് ജോലിയിൽനിന്നു് പിരിഞ്ഞപ്പോൾ ഞങ്ങൾക്കു് ആരോടും യാതൊരു ബാദ്ധ്യതയും ഉണ്ടായിരുന്നില്ല. എവിടെ പോവാനും എന്തു് ചെയ്യാനും ഞങ്ങൾക്കു് സ്വാതന്ത്ര്യമുണ്ടു്. ബാഹ്യമായി ഞങ്ങളുടെ ലോകത്തിന്നു് യാതൊരു മാററ

വുമില്ലെങ്കിലും ഒന്നിനും സ്ഥിരതയില്ലെന്ന് ഞങ്ങരം ഇരുവരും മനസ്സിലാക്കി. യുദ്ധകാലത്ത് വേർപെടുത്തപ്പെട്ട ഞങ്ങളുടെ ജീവിതം ഒരിക്കൽക്കൂടി ഒന്നുചേർന്ന് കുടുംബജീവിതമായി മാററാൻ ഒരവസരം ഞങ്ങരംക്കു ലഭിച്ചു. ജീവിക്കുവാനും പ്രവൃത്തിക്കുവാനും വിഹരിക്കുവാനും ഒരു സഹജീവി ആവശ്യമാണെന്ന് വിരഹം ഞങ്ങളെ പഠിപ്പിച്ചു. യുദ്ധാനന്തരം ഒരു നാടൻ വാരിക വാങ്ങുവാൻ നിർദ്ദേശിച്ചുകൊണ്ട് ബോബ് എഴുതിയപ്പോരം ഒരുമിച്ച് ഒരു പത്രം നടത്തുന്നത് തീകച്ചും അഭിലഷണീയമായി തോന്നി.

"നിങ്ങരംക്കെങ്ങിനെ ഒരു പത്രം തുടങ്ങാൻ സാധിക്കും? സാധാരണക്കാരനെക്കുറിച്ചോ ഒരു ചെറിയ പട്ടണത്തിലെ ജീവിതത്തെപ്പററിയോ നിങ്ങരംക്കെന്തറിയാം?" — വാഷിംഗ്ടണിൽ വെച്ച് ഈ ചോദ്യമാണ് പലരും ചോദിച്ചത്.

യുദ്ധകാലത്ത് ബോബ് കല്പനയിൽ നാട്ടിൽ വന്നപ്പോരം പണം നിർല്ലോഭം വ്യയം ചെയ്തതിനാൽ ഞങ്ങളുടെ സാല്പസമ്പാദ്യത്തിൽ ഭൂരിഭാഗവും നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. 1945 നവമ്പർ മാസത്തിലെ ആ സായാഹ്നത്തിൽ ഞങ്ങരം ജീവിതത്തിൻെറ വിഷമസങ്കലിതമായ ഒരു വഴിത്തിരിവിലെത്തിയിരിക്കയാണെന്ന് ഓർത്തതേയില്ല. ഞങ്ങളുടെ ഭാവിയിൽ സമൂലമായ പരിവർത്തനം വരുത്തിയ ഒരു കാര്യത്തിലേർപ്പെടുവാൻ ആയിരം ഡോളറിൽ ചുരുങ്ങിയ ഒരു സംഖ്യ മാത്രമേ ഞങ്ങളുടെ കയ്യിലുണ്ടായിരുന്നുള്ളു.

ആ തണുപ്പുള്ള രാത്രിയിൽ ഞങ്ങരം കൈകോർത്തുകൊണ്ട് പുറത്തേക്കിറങ്ങി. പഴക്കം ചെന്ന വീടുകളുടെ ഇടുങ്ങിയ ഇടവഴികളിൽക്കൂടി നടന്നുപോകുമ്പോരം, പതിഞ്ഞതെങ്കിലും രാഷ്ട്രത്തിൻെറ ഹൃദയത്തുടിപ്പ് വ്യക്തമായി ഞങ്ങരംക്ക് കേരംക്കാമായിരുന്നു. ലോകതലസ്ഥാനങ്ങളിലൊന്നായ ഈ മഹാനഗര

ത്തിൽ ആയിരമായിരം ജനങ്ങരം അവിശ്രമം പരിശ്രമിച്ചുകൊണ്ട് പഴയതിൽ നിന്നും വിഭിന്നമായ ഒരു പുതിയ ജീവിതത്തിന്ന് രൂപം കൊടുത്തുകൊണ്ട് ഭാവിതലമുറ പടുത്തുയർത്തുകയാണ്. ഞങ്ങളൊ, അതിലെ പരമാണുക്കരം മാത്രം.

എന്നിരിക്കിലും ഞങ്ങളുടെ ജീവിതം അമൂല്യമാണ്. ആ ഏകതത്തിൻെറ ഓരോ ഭാഗവും സുപ്രധാനമത്രെ. അത്ഥശൂന്യമായ ഒരു പദമാണ് 'ഏകാന്തത'യെന്ന് ഞങ്ങരം മനസ്സിലാക്കി. നാമെല്ലാം അന്യോന്യാശ്രയവത്തികളാണ്. പക്ഷെ അടുത്ത സമ്പക്കം പുലത്തിക്കൊണ്ട്, ഒരെളിയ പത്രദ്വാരാ ഉത്തരവാദപരമായ പൌരജീവിതത്തിൻെറ മഹത്തായ പാഠം ഗ്രഹിക്കുവാൻ നമുക്കു സാധിച്ചെന്നു വരാം. മനുഷ്യാത്മാക്കളിൽ ഉയൻപൊങ്ങിയ സമരത്തിൻെറ ഓളം വെട്ടലുകരംക്കെതിരായി കെട്ടിയുയത്തുന്ന ബലിഷ്ഠമായ ശിലാഭിത്തി അതൊന്നു മാത്രമാകാം.

തെരുവിൽക്കൂടി പോകുമ്പോരം ഞാൻ ബോബിനോട ചോദിച്ചു: "ഒരു നാടൻ പത്രം നടത്തുന്നതുകൊണ്ട് നിങ്ങരംക്ക് സന്തോഷമാവുമോ? അതാണ് വേണ്ടതെന്ന് തീച്ചയുണ്ടോ?"

"ഉവ്വ്". ബോബ് മറുപടി പറഞ്ഞു; "നിങ്ങരംക്കും അതാണിഷ്ടമെങ്കിൽ. കാരണമെന്താണെന്നെനിക്കറിഞ്ഞുകൂട. അതു ചോദിക്കയും വേണ്ട, നമുക്ക് പററിയ ജോലി അതാണെന്ന ഒരു തോന്നൽ എനിക്കുണ്ട്."

ആ കാര്യം അങ്ങിനെ തീരുമാനിക്കപ്പെട്ടു. ഏതു് പത്രം എങ്ങിനെ വാങ്ങണമെന്ന് മാത്രമാണ് ഞങ്ങളുടെ മുമ്പിൽ അവശേഷിച്ച പ്രശ്നം. പെൻസിൽവേനിയയിലെ ഡൌണിങ്ങ് ടൌണിൽ ഞാനും സ്റ്റീവും അമ്മയുടെ കൂടെ താമസിക്കുമ്പോരം എൻെറ പ്രാണേശ്വരൻ പത്രത്തിൻെറ പിറകെ പായുകയായിരുന്നു.

പെട്ടെന്ന് പോയി ഒരു പുതിയ കാറ വാങ്ങുന്നതുപോലെ യല്ല ഒരു പത്രം വാങ്ങുന്നത്. ഞങ്ങൾ ഉപദേശം തേടുന്നവരെ ല്ലാം മററുള്ളവർ പറയുന്നതുപോലെ ചെയ്യാതിരിക്കണമെന്നഭി പ്രായപ്പെടുകയാണ് ചെയ്തത്.

തൻെറ ജന്മദേശമായ 'പെൻസിൽവേനിയ'യാണ് പത്രം സ്ഥാപിക്കാൻ പററിയ സ്ഥലമെന്ന് ബോബ് കരുതി. 'ചെസ്റ്റർകൌണ്ടി'യായാൽ കൂടുതൽ സൌകര്യമായി. രാജ്യം മുഴുവൻ അനേകം ദിവസം ചുററിത്തിരിഞ്ഞതിനുശേഷം പത്രമില്ലാതെ നിരുത്സാഹനായി ബോബ് ഡൌണിങ്ങ് ടൌണിൽ തിരിച്ചെത്തി.

അദ്ദേഹത്തിൻെറ അമ്മയുടെ വീട്ടിൽ കോലായിൽ പോലും ആറംപാർപ്പുണ്ടായിരുന്നു. വിധവയായ അമ്മായിയും വിഭാര്യനായ അമ്മാമനും മച്ചിനിയനും മൂന്നു കുട്ടികളും അവിടെ വെവ്വേറെയായി പാർത്തിരുന്നു. അദ്ദേഹത്തിൻെറ അമ്മ മുമ്പ് സ്റ്റൂഡിയോവായി ഉപയോഗിച്ച ഒരു മുറിയിൽ ബോബും ഞാനും മകനും തിങ്ങി പാർത്തു. പെട്ടിയും വിരിപ്പും സാമാനങ്ങളും പഴയ പെയിൻറ് സാമഗ്രികളും എല്ലാം നാലുപാടും ചിന്നിച്ചിതറി കിടക്കുന്നു. ആ അസുഖകരമായ ചുററുപാടിൽ ഞങ്ങൾ മൂന്നു മാസം കഴിച്ചുകൂട്ടി. ഇതിനും പുറമെ ബോബിന് മഞ്ഞക്കാമിലയും പിടിപെട്ടു. ആകപ്പാടെ സുഖമുള്ളതായിരുന്നില്ല ആ കാലം.

ഈ അനിശ്ചിതത്വം ഞങ്ങളുടെ ആത്മവിശ്വാസത്തെ സാരമായി സ്പർശിച്ചു. തൻെറ സ്വന്തം പട്ടണത്തിൽ പത്രം നടത്തുവാനുള്ള യാതൊരു സാദ്ധ്യതയുമില്ലെന്ന് അന്വേഷണത്തിൽ ബോബിന്നു മനസ്സിലായി. എന്നാൽ ആർകീവ് ഏററെടുക്കുന്നതിൽ സഹകരിക്കാൻ ചില വ്യാപാരികൾ തയ്യാറായെങ്കിലും അതിൻെറ ഉടമ വിസമ്മതം പ്രദർശിപ്പിച്ചതിനാൽ സാമാന്യം നല്ലൊരു തുക നൽകുവാൻ ബോബ് തയാറായി.

ആ നിലയിൽ പെട്ടെന്ന് ഒരു ദിവസം രാത്രി ടെലിഫോൺ ശബ്ദിച്ചു. ബോബ് അങ്ങോട്ട് നീങ്ങി. കുറച്ചുകഴിഞ്ഞു പ്രശാ

ത്തഭാവത്തിൽ മുറിയിലേക്ക് മടങ്ങിവന്നു് സോഫമേൽ തല ചായ്പുകൊണ്ടു് ബോബ് പറഞ്ഞു:

"ഞാൻ അതു് ചെയ്തുകഴിഞ്ഞു."

"എന്തു്?—അദ്ദേഹത്തിൻെറ അമ്മയും അമ്മായി ജന്നിയും അമ്മാമൻ ആൻഡിയും ഞാനും ഒപ്പം ചോദിച്ചു.

"ഞാൻ 'ആർകീവ്' വാങ്ങിയിരിക്കുന്നു." ബോബ് മറുപടി നൽകി.

ബോബിൻെറ ഉഷ്ണനില 102 ഡിഗ്രി വരെയും ഞങ്ങളുടെ പത്രാഭിലാഷസ്വപ്നം ധൂമപടലം പോലെ അന്തരീക്ഷത്തോളവും ഉയന്നിരുന്ന ആ നിമിഷത്തിലല്ലായിരുന്നു പ്രസ്തുത ഫോൺ സന്ദേശം ലഭിച്ചിരുന്നതെങ്കിൽ അയ്യായിരം ഡോളർ അന്യായ വിലകൊടുത്തു് ഒരിക്കലും ആ പത്രം വാങ്ങുമായിരുന്നില്ല. ആ കഴഞ്ഞുമറിഞ്ഞ പരിത:സ്ഥിയിൽ, ആ അനിശ്ചിതാവസ്ഥയിൽ ഒരു തീരുമാനം—അതെന്തായാലും ശരി—അനിവാര്യമായിരുന്നു. തീരുമാനമെടുത്തു് കഴിഞ്ഞ:പ്പോഠം ഹൃദയാസ്വാസ്ഥ്യം വദ്ധിക്കയാണു് ചെയ്തതു്. ഞങ്ങഠംക്കു് പണം കടം വാങ്ങേണ്ടതുണ്ടു്. താമസിയാതെ ഞങ്ങഠം നാടൻ പത്രാധിപന്മാരാവുകയാണു്!

ആ ഇടപാടു് നടന്നതു് 1946 മെയ് 1-ാംനു-യാണു്. ഞങ്ങഠം പ്രവൃത്തിയും മൂലധനവും സാമഗ്രികളുമില്ലാത്ത പ്രസാധകന്മാരായിത്തീന്നു. കേവലം നാമമാത്രമായ ഒരു പത്രമായിരുന്നു അയ്യായിരം ഡോളറിന്നു് ഞങ്ങഠം വാങ്ങിയതു്. ചിലന്തിവല കെട്ടിയ ഒരു ഓഫീസ് മുറിയും രണ്ടു് പഴയ ടൈപ്പ്റൈററും വാതിലിൻെറ ഒരു താക്കോലും പത്രത്തിൻെറ പേരും കുറച്ചു വരിക്കാരും വലിയ പ്രതീക്ഷയും ആണു് മുതലായി കാണിക്കുവാൻ ഞങ്ങഠംക്കുണ്ടായിരുന്നതു്.

ഞങ്ങഠംക്കു് തെററുപററിയ വസ്തുത അന്നു് മനസ്സിലായില്ല. 'ഡൌണിങ്ങ്ടൌൺ', പത്രത്തിൻെറ ചിതാഭൂമിയാണെന്നു് ഞ

ങ്ങൾ ഗ്രഹിച്ചില്ല. പത്രം നടത്തുവാൻ ഏററവും കൊള്ളാത്ത സ്ഥലമാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന സംഗതിയും ഞങ്ങൾ ധരിച്ചില്ല. ആറു പത്രങ്ങൾ അവിടെ ചരമമടയുകയും സംസ്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഫിലാഡൽഫിയയിലെ പത്രങ്ങളോട് മാത്രമല്ല, ഡൌണിങ്ങ്ടൌൺ വാർത്തകൾ ഒന്നാംപേജിൽ തന്നെ പ്രസിദ്ധീകരിക്കുന്ന രണ്ട് പ്രാദേശികപത്രങ്ങളോടും ഞങ്ങൾക്ക് മത്സരിക്കുവാനുണ്ട്. അധികം താമസിച്ചില്ല, 'ആർകീവി'ൻെറ വില്പന 5 പ്രതികളാണെന്നും ഞങ്ങൾക്കുണ്ടെന്നു കണക്കാക്കപ്പെട്ട 1750 വരിക്കാരിൽ ഇഹലോകവാസികൾ 60 പേർ മാത്രമാണെന്നും ഞങ്ങൾ കണ്ടെത്തി. അങ്ങിനെ ആ മെയ്മാസത്തിൽ 70 വയസ്സ് പ്രായംചെന്ന ആ പത്രത്തിൻെറ പൂർണ്ണാവകാശികളും, പത്രാധിപരും, പ്രസാധകന്മാരും, പരസ്യത്തിൻെറ മാനേജർമാരും, റിപ്പോർട്ടർമാരും, കാവൽക്കാർ തന്നെയും ഞങ്ങളാണെന്ന പരമാർത്ഥം മനസ്സിലാക്കുമ്പോൾ പട്ടണം മൌനമവലംബിക്കുകയും ഞങ്ങൾ കമിഴ്ന്നടിച്ചു വീഴുന്നതുകാണാൻ തക്കംപാർക്കുകയും ആയിരുന്നു.

മററു കൊച്ചുപട്ടണങ്ങളിലെ നിവാസികളോട് സാദൃശ്യമുള്ളവർ തന്നെയാണ് ഡൌണിങ്ങ് ടൌണിലെ അയ്യായിരം ആളുകളും. തായ്‌വേരിന്നു് നീളം കൂടിയ ആ വിഭാഗം വിപ്ലവത്തിൽ ഇളകിയില്ല. "ബുദ്ധിമുട്ടാനൊന്നും ഇവിടുത്തെ ജനങ്ങൾ നില്ലുകയില്ല"—മേയർ ഒരിക്കൽ അവരെപ്പററി അഭിപ്രായപ്പെട്ടു. ശബ്ദായമാനമായ ബാഹ്യലോകത്തിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി ഇടതിങ്ങിയ കടുസായ വീടുകളിൽ താമസിക്കുന്ന അവർ വാതിലുകൾ അടച്ചിട്ടതായി തെരുവുകളിൽക്കൂടി സഞ്ചരിക്കുന്ന ഒരാൾക്ക് തോന്നിപ്പോകും.

എന്നാൽ കതകു തുറന്നപ്പോൾ, എവിടെയുമെന്നപോലെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞതു് നന്മയും തിന്മയും ആശയും നിരാശയും മാത്രമാണ്. മാത്രമല്ല, എല്ലാവരും അന്യോന്യം സ

ഘതാപമുള്ളവരും കൂടിയാണെന്നു് ഞങ്ങറം കണ്ടെത്തി. വാഹനവിഷമം നേരിടുമ്പോഴും നിരത്തപടകമുണ്ടാകുമ്പോഴും ജനങ്ങറം സഹായഹസ്തം നീട്ടി. ഒരു ദിവസം, നാലു കുട്ടികളുള്ള ഒരു വിധവയുടെ വീടു് കത്തിയെരിഞ്ഞപ്പോറം അവക്കു് ഭക്ഷണവും വസ്ത്രവും പാപ്പിടവും പെററമ്മമാർ നൽകി. 'ക്രസ്തുമസ്സ് കമ്മററി' രൂപീകരിച്ചപ്പോറം പാവപ്പെട്ട കുടുംബങ്ങറംക്കുവേണ്ടി ഫണ്ടു് പിരിക്കുവാൻ ജോലിത്തിരക്കുള്ള കച്ചവടക്കാർ സമയം കണ്ടു.

ഇത്രമാത്രമല്ല ഞങ്ങളുടെ നിരീക്ഷണം. കാററിൽ കരിയില ഉയന്നപോലെ യഥാസ്ഥിതികസ്വഭാവവും നിക്ഷിപ്തതാല്പര്യവും അന്യോന്യമാത്സര്യവും കൊഴിഞ്ഞുവീഴുന്നതു് പത്രപ്രത്തകന്മാരായതിനുശേഷം ഞങ്ങറം കണ്ടു. ആരും ഒന്നും പ്രഥമദർശനത്തിൽ കാണുന്നതുപോലെയല്ലെന്നു് ഞങ്ങറംക്കു പിന്നീടു മനസ്സിലായി. ഒരു സാധാരണവത്തമാനം തെററിദ്ധാരണയുളവാക്കുന്നതുപോലെ ഒരു പൌരൻെറ മുഖം സ്വഭാവചിത്രീകരണത്തിൽ തെററിദ്ധാരണയുളവാക്കാൻ പര്യാപ്തമായിരുന്നു. ചുരുക്കിപറഞ്ഞാൽ ഒന്നും യഥാത്ഥരൂപത്തിലല്ല ഞങ്ങറം മനസ്സിലാക്കിയതു്.

ഉല്പാദനച്ചിലവു് വളരെ കുറവായിരുന്നതിനാൽ 'ആർകീവിൽനിന്നും അതിൻെറ മുമ്പത്തെ ഉടമക്കു് ആഴ്ചയിൽ സാമാന്യം നല്ലൊരു തുക മിച്ചമുണ്ടായിരുന്നു മുൻപേജിൽ പ്രധാന വാത്തകളുടെ ചില ഇനങ്ങറം പ്രസിദ്ധപ്പെടുത്തിയിരുന്നു. ബാക്കി നാലു പേജിലും ചിത്രങ്ങളും പരസ്യങ്ങളും ഉറംക്കൊള്ളിച്ചിരുന്നു. സ്വന്തം അച്ചടിശാലയിൽനിന്നുള്ള വരവോടൊപ്പം പരസ്യത്തിൽനിന്നുള്ള ലാഭവും ഉടമക്കു് ലഭിച്ചിരുന്നു. അച്ചടിശാലയുടെ മേൽ ഞങ്ങറംക്കൊരവകാശമുണ്ടായിരുന്നെങ്കിലും അതു് വാങ്ങാൻ ഞങ്ങറംക്കൊരിക്കലും കഴിഞ്ഞില്ല. ഇന്നു് ആർകീവിനു് 2500 കോപ്പി ചിലവുണ്ടെങ്കിലും ഞങ്ങറം ഏറെറടുക്കുന്നതിനുമുമ്പുള്ള വരവു് ലഭിക്കുന്നില്ലെന്നതു് വല്ലാത്തൊരു വൈപരീത്യമാണു്. പ

ത്തിനു് വലുപ്പം കൂട്ടുന്നതിന്നനുസരിച്ച് അതിൻെറ ചിലവും വല്ലാതെ വർദ്ധിച്ചുവരുന്നു. ഞങ്ങളുടെ അശ്രാന്തപരിശ്രമം വേറേയും.

ചെറുകിടപത്രാധിപന്മാർ പുറത്തെന്തെങ്കിലും ജോലിയന്വേഷിക്കുന്നതിൻെറ കാരണവും മറെറാന്നല്ല. പലപ്പോഴും പത്രം ഒരുപതൊഴിൽ മാത്രമാണ്. ജീവിച്ചുകൊണ്ടു സമുദായത്തിൻെറ ജിഹ്വയായി തീരേണ്ടുന്ന പത്രം, നശിച്ചുകൊണ്ട് അതിന്നൊരു സൊല്ലയായി തീരുകയാണ്. പ്രസിദ്ധീകരണതീയ്യതിക്കു തലേദിവസം മുതൽ പത്രാധിപർ അതിനെക്കുറിച്ച് ചിന്തിക്കുകയായി. ചവററുകൊട്ടയിൽ കിടക്കുന്ന വല്ല ചിത്രങ്ങളും നുറുങ്ങു കാര്യങ്ങളും കൂട്ടിച്ചേർത്തു പിറേറന്ന് പത്രം പുറത്തു വരുന്നു. സാധാരണയായി അങ്ങിനെ പുറത്തുവരുന്ന പത്രം എച്ചിലിലക്കുസമമായിരിക്കും.

അന്നിതൊന്നും എനിക്ക് മനസ്സിലായിരുന്നില്ല. ആ മെയിമാസംമുതൽ ജീവിതം പെട്ടെന്ന് സംഭവബഹുലമായിത്തീർന്നു. എനിക്കും ബോബിന്നും പ്രതിവാരം ശതക്കണക്കിൽ പുതിയ വരിക്കാരെ ലഭിക്കുമെന്നും ഞങ്ങളുടെ ടൈപ്പ്റൈററിൻെറ ചലനത്താൽ പർവ്വതങ്ങളെ ചലിപ്പിക്കാമെന്നും നഗരസഭയെ ഉടച്ചു വാക്കാമെന്നും ധരിച്ചുപോയി. അധികം താമസിച്ചില്ല, ഞങ്ങരം നിയന്ത്രണം വിട്ട വിമാനത്തേക്കാരം വേഗത്തിൽ താഴ്ന്നു് നിലം പൊത്തി. അപ്പോഴാണ് ആദ്യമായി ആർകീവ് അച്ചടിക്കുവാൻ ഒരു സ്ഥലത്തിൻെറ ആവശ്യമുണ്ടെന്നു് മനസ്സിലായതു്.

അഭിഭാഷകന്മാരേയും രാജ്യതന്ത്രജ്ഞന്മാരേയും പോലെ നാടൻ പത്രാധിപക്കും പല ആകൃതിയും വലുപ്പവുമുണ്ടെങ്കിലും അവരൊരു പ്രത്യേകവർഗ്ഗംതന്നെയാണ്. വിജയത്തിൻെറ മാനദണ്ഡം പണത്തിന്നും പൈസക്കും പകരം 'കമ്മവും കടവും' ആണെന്നതത്രെ അവരുടെ തൊഴിലിൻെറ പ്രത്യേകത.

സഹജീവികളുടെ അഭ്യുദയത്തിൽ ആത്മാത്ഥമായ താല്പര്യം, ഭൂതദയ, സഹനശീലം, വ്യക്തിസ്നേഹം എന്നിവ ഒരു നാ

ടൻ പത്രാധിപരുടെ ലക്ഷണമത്രെ. ദുരാഗ്രഹമില്ലാത്ത ജിജ്ഞാസ, അഹംഭാവലേശമില്ലാത്ത അറിവ്—ഇവ രണ്ടും അദ്ദേഹത്തിന്റെ അത്യന്താപേക്ഷിതമായ ഉൽകൃഷ്ടഗുണങ്ങളത്രെ. ജനസാമാന്യത്തിൽനിന്ന് കേവലം വേർപെട്ട് ഒരുകൂട്ടം തിരുത്തിയെഴുത്തുകാരുടേയും റിപ്പോർട്ടർമാരുടേയും നടുവിൽ കറങ്ങുന്ന വൻകിട പത്രാധിപരിൽ നിന്നും വിപരീതമായി ഒരു നാടൻ വാരികയുടെ പത്രാധിപർ തന്റെ പത്രബന്ധുക്കളുടെ സർവ്വസ്വവുമായിരിക്കണം. ഒരു വൈദ്യനേയും വൈദികനേയും പോലെ അദ്ദേഹം രാവും പകലും ലഭിക്കപ്പെടണം. മുമ്പ് കണ്ടിട്ടില്ലാത്തവരൊഴികെ അപരിചിതരായി അദ്ദേഹത്തിന്ന് ആരുമില്ല.

പത്രാധിപപംക്തിയെഴുതുമ്പോഴും ലിനോടൈപ്പ് ഓപ്പറേറ്റർ കൂടുതൽ കോപ്പികൾക്കാവശ്യപ്പെടുമ്പോഴും, അലമാരയിൽ വളരുന്ന പുഷ്പത്തിന്റെ പേർ ചോദിച്ചുകൊണ്ട് സമീപിക്കുന്ന സ്ത്രീയെ അവരുടെ പദപ്രശ്നം പൂരിപ്പിക്കുന്നതിൽ സഹായിക്കുകയും പത്രാധിപരുടെ ചുമതലയാണ്. എണ്ണമററ സന്ദർശകരോട് സംസാരിക്കുക, വസ്തുതകൾ സംഭരിക്കുക, പരസ്യം സമ്പാദിക്കുക, പ്രൂഫ്‌വായിക്കുക, കോപ്പി ശരിപ്പെടുത്തുക, വാർത്താവിവരണങ്ങളെഴുതുക, പേജുകൾ പൂർത്തിയാക്കുക, ചവററുകൊട്ടകൾ ഒഴിക്കുക, ലേഖകന്മാർ വരുത്തുന്ന തെററുകൾക്ക് ചികിത്സകൾക്കുക—എല്ലാം അദ്ദേഹത്തിന്റെ കർത്തവ്യമാണ്. സ്ഥലത്തെ സകല കമ്മററികളിലും സംഘടനകളിലും അംഗമായിരിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെടുന്നു. "വൈകുന്നേരം വീടു വിട്ടു പുറത്തുപോകാനവസരം കിട്ടുന്നത് നിങ്ങൾക്കല്ലെ" "മററുള്ളവരെപോലെ തിരക്കില്ലല്ലോ നിങ്ങൾക്ക്" എന്നു തുടങ്ങിയ ന്യായങ്ങളുമായാണ് ആളുകൾ ക്ഷണിക്കാൻ വരിക.

അധികം എഴുതുവാനല്ല, സംസാരിക്കാനാണ് അദ്ദേഹത്തിന്ന് സമയം കിട്ടുന്നത്. എല്ലാവക്കും വഴികാട്ടിയായി സ്വന്തം വഴി കാണാതെ ഉഴലുന്ന ഒരു ഭാഗ്യവാനാണയാൾ! ഒരു കോള

ത്തിൻെറ 'ആകസാരം' മിന്നട്ടിനുള്ളിൽ ഒരു തലക്കെട്ടിൽ കൊട്ടു ക്കണം; സഞ്ചരിക്കുന്ന ശബ്ദകോശമായി മാറുകയും വേണം.

ഒരു ശരിയായ നാടൻപത്രാധിപർ ചെറിയ കാര്യങ്ങളിലും ജനങ്ങളിലും വലുപ്പം കാണുന്നു. തൻെറ പ്രദേശത്തിനും ജനങ്ങൾക്കും പ്രജാധിപത്യത്തിൻെറ സുസ്ഥിരതക്കും വേണ്ടി അദ്ദേഹം നിലകൊള്ളുന്നു.

ഇത്തരം ഒരു നാടൻ പത്രാധിപരത്രെ 'മാർട്ടിൻ ലീ ഷ്ലൻറസ്' ' ഡൌണിങ്ങ് ടൌണിൽനിന്നും പതിമൂന്നുനാഴിക അകലെയുള്ള 'ഹണിബ്രൂക്ക്' ' എന്ന കൊച്ചു പട്ടണത്തിലെ 'നോത്തൺചെസ്റ്റർ കൌണ്ടി ഹെറാൾഡി'ൻെറ ഉടമയും പത്രാധിപരും പ്രസാധകനും ആയ അദ്ദേഹം തൻെറ ജീവിതത്തിൽ അതീവ ആഹ്ലാദം കൊള്ളുന്നു: ഫിലാഡൽഫിയയിലെ ഒരു ബേങ്കറായിരുന്നു അദ്ദേഹം. പട്ടണത്തിൽ പണം, സമ്പാദിച്ചുകൊണ്ട് തൻെറ ജീവിതം വ്യർത്ഥമാക്കുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹത്തിന്നു തോന്നി. തൻെറ ഭാര്യ 'മൊല്ലി'യോടും മൂന്നു മക്കളോടും കൂടി സ്വദേശത്ത് മടങ്ങിവന്ന് അദ്ദേഹം ഹെറാൾഡ്‌വിലക്കെടുത്തു. അച്ചടിയന്ത്രത്തിന്ന് മിന്നലേററിട്ടും മേൽപുരക്ക് കേട് തട്ടീട്ടും എത്രയോ ആപത്തുകളുണ്ടായിട്ടും ഒരിക്കലെങ്കിലും പത്രം മുടങ്ങുകയോ ലീയുടെ സന്തോഷത്തിന്നൊരു കുറവ് തട്ടുകയോ ചെയ്തിട്ടില്ല.

1946-ൽ ഹണി ബ്രൂക്ക് സന്ദർശിക്കുമ്പോൾ ഞങ്ങൾ ഭയചകിതരായിരുന്നു. ഞങ്ങളുടെ സൂക്ഷിപ്പ്ധനമെല്ലാം നഷ്ടപ്പെട്ടിരുന്നു. വരാനിരിക്കുന്നതെന്താണെന്നറിയാത്തതിനാലുള്ള ഭയവും അസുഖവുമാണ് ഞങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞുനിന്നത്. എന്നാൽ ഹെറാൾഡിൻെറ ചുകപ്പ് കെട്ടിടം കണ്ടപ്പോൾ ഞങ്ങളുടെ ഹൃദയം കുളിർത്തു. അച്ചടിപ്രശ്നങ്ങളുടെ ഉത്തരത്തിലും കവിഞ്ഞ ചിലത് ഇവിടെ കാണുമാൻ സാധിക്കുമെന്ന് പെട്ടെന്നൊരു പ്രചോദനമുണ്ടായി.

ലീ ഏൻറസിനെ കണ്ടാൽ തോന്നുക ശുഷ്കിച്ച പത്രാധിപരായിട്ടല്ല, ബാങ്കറായിട്ടാണ്. മുഖം വടിച്ചുമിനുക്കി, സ്വർണ്ണച്ചട്ടയോടുകൂടിയ കണ്ണടയുടെ പിന്നിൽ തിളങ്ങുന്ന നീലക്കണ്ണുള്ള നിർമ്മലവസ്ത്രധാരിയായ അദ്ദേഹം ഞങ്ങൾക്ക് ഹാർദ്ദമായ സ്വാഗതമരുളി. "അപ്പോൾ, 'ആർകീവ്' വിലക്കെടുത്ത മെക്കൽ വെൻ ദമ്പതികൾ നിങ്ങളാണ്, അല്ലേ? നിങ്ങളെ കാണ്മാൻ സാധിച്ചതിൽ സന്തോഷമുണ്ട്."

ഹെറാൾഡ് ഓഫീസ്സിൽ തൻെറ മേശക്കരികിലിരുന്നുകൊണ്ട് ഫോണിൽ കൂടിയും കക്ഷികളോടും സംസാരിക്കേണ്ടപ്പോഴൊഴികെ ലീ ഞങ്ങളുമായി സംസാരിച്ചുകൊണ്ടിരുന്നു.

"ആർകീവ് നിങ്ങൾ വാങ്ങിയതു് നന്നായി. നമുക്ക് ഇവിടെനിന്നു് അച്ചടിക്കാം"—ലീ സന്തോഷത്തോടുകൂടി പറഞ്ഞു.

ലോകത്തിൽ വെച്ച് ഏററവും എളുപ്പമായ പ്രവൃത്തി 'ആർകീവ്' അച്ചടിക്കുകയാണെന്നാണ് അദ്ദേഹത്തിൻെറ ഭാവം കണ്ടാൽ തോന്നുക. തൻെറ മനസ്സ് മാററുവാൻ ലീക്ക് എത്രയോ അവസരങ്ങൾ ലഭിച്ചിട്ടും ആ ശുഭാപ്തി വിശ്വാസത്തിനു് അല്പമെങ്കിലും ഹാനി സംഭവിച്ചതായി 'ഹണിബ്രൂ'രിലെ രണ്ടു കൊല്ലത്തെ താമസത്തിനിടയിൽ ഒരിക്കൽപോലും കാണ്മാൻ എനിക്കു സാധിച്ചിട്ടില്ല.

അങ്ങിനെ ഏററവും വലിയ വിഷമത തരണം ചെയ്തു് കഴിഞ്ഞു. പത്രം അച്ചടിക്കുവാൻ ഞങ്ങൾക്കൊരു സ്ഥലം കിട്ടി. പുതിയ മാനേജുമെൻറിൽ ഒന്നാമത്തെ ആർകീവ് രണ്ടാഴ്ചക്കുള്ളിൽ പുറത്തിറങ്ങുന്നതാണെന്നു് നിശ്ചയിക്കപ്പെട്ടു.

ആദ്യത്തെ പരസ്യപ്പെടുത്തൽ എളുപ്പമായിരുന്നു. ഒരു പുതിയ സംരംഭമായതിനാൽ ഞങ്ങളുടെ വരുതിക്കുള്ളിൽ പെട്ട സ്ഥലത്ത് ആദ്യത്തെ രണ്ടുപ്രതികൾ കഴിയുന്നത്ര പ്രചരിപ്പിക്കു

വാൻ തീർച്ചപ്പെടുത്തി. പോസ്റ്റാഫീസുകൾ പരിശോധിച്ചതിൽ 3200 കോപ്പികൾ എളുപ്പം പ്രചരിപ്പിക്കാമെന്നും അതൊരു നേട്ടമാണെന്നും ബോബ് മനസ്സിലാക്കി. ഇതു് കച്ചവടക്കാർക്ക് കൂടുതൽ പ്രചോദനം നൽകുകയും ചെയ്തു.

പരസ്യക്കാർക്ക് പ്രചാരമാണ് ആവശ്യമെന്നു് ഞങ്ങൾ മനസ്സിലാക്കി. വിപുലമായ പ്രചാരത്തിന്നു് പ്രധാന വാർത്തകളും സിനിമാപംക്തികളും ആകർഷണീയമായ ആകൃതിയും ചിത്രങ്ങളും ജനങ്ങൾക്കാവശ്യമായ മററ വിവരങ്ങളും ആവിശ്യമാണു്. വാർത്തകൾ ലഭിക്കുകയാണ് ഞങ്ങളുടെ അടുത്ത പ്രശ്നം.

ഞങ്ങളുടെ ആവശ്യം പ്രത്യേകതരത്തിലുള്ളതായിരുന്നു. പട്ടണത്തിലാണെങ്കിൽ മുൻപേജിൽ സ്ഥലം പിടിക്കുന്നത് "മനുഷ്യൻ ചെയ്യുന്ന തിന്മ"യാണു്. നാട്ടിൻപുറത്താകട്ടെ, "മനുഷ്യൻ ചെയ്യുന്ന നന്മ"യും—പൌരസഭകൾ, ചർച്ച്വാർത്തകൾ, സഹജീവിസ്നേഹം തുടങ്ങിയവയും. ഗ്രാമത്തിലെയും പട്ടണത്തിന്നു പുറത്തുള്ള ആളുകളുടേയും സാമൂഹ്യ ജീവിതത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളാണു് നാടൻ വാരികകൾ പ്രസിദ്ധീകരിക്കുന്നതു്. സമീപസ്ഥമായ ആറു ഗ്രാമങ്ങളിൽ പ്രചരണം വർദ്ധിപ്പിക്കേണ്ടതിനാൽ അടുത്ത പ്രതി പുറപ്പെടുന്നതിന്നു മുമ്പായി ഞങ്ങൾക്ക് ലേഖകന്മാരെ നിയമിക്കേണ്ടിയിരുന്നു. ഇതിനെപ്പററി ഞങ്ങളുടെ മുൻഗാമികൾ ഒരിക്കലും ചിന്തിക്കാതിരുന്നതിനാൽ ഈ പ്രശ്നം ഞങ്ങൾക്ക് പുതുതായിരുന്നു. ഒരാഴ്ച മുഴുവൻ നാട്ടിൻ പുറങ്ങളിലെ പാതകളിൽ കൂടിയും ഊടുവഴികളിൽകൂടിയും സഞ്ചരിച്ച് കോളം ഇഞ്ചൊന്നുക്ക് 5 സെൻറവീതം മികച്ച പ്രതിഫലം നൽകാമെന്നു് വാഗ്ദത്തം ചെയ്തുകൊണ്ടു് ബോബ് ധാരാളം ആളുകളുമായി കൂടിയാലോചിച്ചു. പത്രത്തെപ്പററി കേൾക്കുക പോലും ചെയ്യാത്ത അവരിൽ പലരും സംശയത്തോടെയാണു് ഞങ്ങളെ വീക്ഷിച്ചതു്. അന്തമില്ലാത്ത സംഭാഷണങ്ങൾക്കും വിശദീകരണങ്ങൾക്കും ശേഷം മൂന്നു ലേഖകന്മാരെ ലഭിക്കുന്നതിൽ

ബോബ് വിജയിച്ചു. കുറെ പേരുടെ മേൽവിലാസവും കിട്ടി. അവരെയെല്ലാം കണ്ടു് ലേഖകന്മാരായി ചേർക്കാൻ പിന്നീടെനിക്കു് കഴിഞ്ഞു.

ഡൌണിങ്ങ് ടൌണിലെ റിപ്പോർട്ട് പ്രവർത്തനം സ്വയം നിർവ്വഹിക്കുവാൻ ബോബ് തീർച്ചപ്പെടുത്തി. ഏററവും അധികം ആളുകളുമായി പരിചയപ്പെടുകയാണ് ഇതിന്നുള്ള ഏകമാർഗ്ഗം എല്ലാ മതപുരോഹിതന്മാരേയും കണ്ടു തങ്ങളുടെ പ്രദേശങ്ങളിലുള്ള വാർത്തകൾ അയക്കുകയും "പാതിരിയുടെ പംക്തി"യിൽ എഴുതുവാനും അദ്ദേഹം അഭ്യർത്ഥിച്ചു. പട്ടണത്തിൽ മൂന്നു് ലേബർ യൂണിയൻനേതാക്കന്മാരെകണ്ടു് യൂണിയൻ കാര്യങ്ങൾ റിപ്പോർട്ട് ചെയ്‌വാനാവശ്യപ്പെട്ടു. ഇങ്ങിനെ ഒരാൾ പോലും ഇന്നേവരെ അവരെ സമീപിക്കുകയോ കുറച്ചുവരികളിൽ കവിഞ്ഞ് ഒരെററപത്രമെങ്കിലും ഇതുവരെ യൂനിയൻ പ്രവർത്തനത്തെപ്പററി എഴുതുകയോ ചെയ്യാതിരുന്നതിനാൽ ഇതിലെന്തോ കൃത്രിമമുണ്ടെന്നാണ് അവർ ആദ്യം വിചാരിച്ചതു്. പിന്നീട് അവരുടെ സംഗതികളെല്ലാം ശരിക്കു പ്രസിദ്ധീകരിക്കുന്നുണ്ടെന്നു് കണ്ടപ്പോൾ തങ്ങളുടെ അറിവിൽ പെട്ട സകല വിവരവും നൽകുന്നതിൽ ഞങ്ങളോടു പൂർണ്ണമായും സഹകരിച്ചു.

താമസം വിനാ ബോബില്ലാത്ത കമ്മററിയില്ലാതായി. 'വർത്തകമണ്ഡലം', 'റോട്ടറിക്ലബ്ബ്', 'അമേരിക്കൻ ലീജിയൻ (മഹാസഭ) 'പിരിഞ്ഞുവന്ന പട്ടാളക്കാരുടെ സംഘടന,' ഡൌണിങ്ങ്ടൌൺ യുവക്ക്സഭ' എന്നിവയിലാണ് ആദ്യം ചേർന്നത്. ഒരാഴ്ചക്കകം കമ്മ്യൂണിററി ചെസ്റ്റ്' 'ബോയിസ്സ്കൌട്ട്സ്' എന്നിവയുടെ ബോർഡുകളിൽ അദ്ദേഹം അംഗമായി ചേർക്കപ്പെട്ടു. തുടക്കത്തിൽതന്നെ സ്കൂൾബോഡി'ൻേറയും 'ബറോ കൌൺസി'ലിൻേറയും യോഗങ്ങളിൽ സംബന്ധിക്കുക പതിവായിരുന്നു. ഞങ്ങളുടെ ഒന്നാമത്തെ പ്രതിപുറത്തുവരുന്നതിന്നുമുമ്പു തന്നെ ഒരു രാത്രി രണ്ടോ മൂന്നോ യോഗങ്ങളിൽ സംബന്ധിക്കുക

യും ഉറങ്ങുന്നതിന്നു മുമ്പായി അതിൻെറ റിപ്പോർട്ടെഴുതുകയും ചെയ്തിരുന്നു.

'ഹണിബ്രൂക്കി'ലെ ചെറിയ അച്ചടിശാലയിൽ വെച്ച് ലീ ഏൻറസിൻെറ സ്വന്തം പത്രവും 'പാക്ക്സ്ബർഗ്ഗ് പോസ്റ്റ്' എന്ന വേറൊരു പത്രവും അച്ചടിക്കേണ്ടതിനാൽ ഞങ്ങളുടെ നാലു പേജ് തിങ്കളാഴ്ച തന്നെ പൂർത്തിയാക്കേണ്ടിവന്നു. അടുത്ത വെള്ളിയാഴ്ച പത്രം പുറത്തിറക്കുവാൻ സാധിച്ചുവെങ്കിലും ഒന്നാമത്തെ നാലു പേജിൽ ജീവസ്സായ വാർത്തകളൊന്നും ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. അകാലികമായ മുഖപ്രസംഗങ്ങളും സിനിമാവാർത്തകളുംകൊണ്ടു് പേജുകൾ നിറക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി. താമസിയാതെ അവ 'ആർകീവി'ൻെറ "പ്രത്യേകത"യായി തീരുകയും ദേശവ്യാപകമായ അംഗീകരണം ലഭിക്കുവാൻ കാരണമാവുകയും ചെയ്തു.

എല്ലാം ആഴ്ചയും രണ്ടു കോളം മുഖപ്രസംഗമെഴുതുവാൻ ബോബ് തീർച്ചപ്പെടുത്തി.

"മുഖപ്രസംഗമൊക്കെ എഴുതാൻ നിങ്ങളെന്തിന്നു് വിഷമിക്കുന്നു? ഒരു വാരികയിൽ അതാരും ശ്രദ്ധിക്കയില്ല. ആളുകൾക്കു് വേണ്ടതു് പേരാണു്; പേര്, പേര്, പേര് മാത്രം"—പരിചയസമ്പന്നനായ ഒരു പത്രാധിപർ ഞങ്ങളോടു പറയുകയുണ്ടായി.

"അതവർക്കു് ലഭിക്കും; പക്ഷെ ഞാൻ ആഴ്ചയിൽ രണ്ടു കോളം മുഖപ്രസംഗമെഴുതുവാൻ തന്നെയാണു് ഭാവം. കുരക്കാൻ കഴിയാത്ത നായപോലെയാണു് പത്രാധിപർ മുഖപ്രസംഗമെഴുതാത്ത പത്രമെന്നാണു് എനിക്കു് തോന്നുന്നതു്"—ബോബ് ഉറപ്പിച്ചു പറഞ്ഞു. 1946 മെയി 16-ാം നു- യാണു് ബോബിൻെറ ആദ്യത്തെ മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തിയതു്. പല തവണ തിരുത്തിയെഴുതി മിനുസപ്പെടുത്തിയിരുന്ന ആ ആദ്യലേഖനം, അതു് പ്രസിദ്ധീകരിച്ചിരുന്ന ദിവസത്തെ സംതൃപ്തി തന്നെയാണു് ഇന്നും ഞങ്ങൾക്കു് തരുന്നതു്.

## തികച്ചും സ്വകാര്യം

"ലോകത്തിൽ മറേറതിനേക്കാളും പ്രധാനമായി നിങ്ങറം കരുതുന്ന ഒരു കാര്യം ചെയ്യേതീരുവെന്നു് നിങ്ങറംക്ക് തോന്നുന്നുവെങ്കിൽ എന്തു് പ്രതിബന്ധമുണ്ടെങ്കിലും അതു് ചെയ്യുക; നിങ്ങറംക്ക് വിജയം ലഭിക്കും"

ഞാൻ കോളേജിൽനിന്നു് ബിരുദം നേടിയ കൊല്ലം പണ്ഡിതനായ ഒരു വന്ദ്യവയോധികൻ നൽകിയ ഉപദേശമാണ് മേൽ കാണുന്നതു്. അന്നു് ഞാനൊരു ശില്പിയായി തീരുവാൻ ആഗ്രഹിച്ചിരുന്നു. ആ ആശ സഫലീകരിക്കണമെങ്കിൽ ഞാൻ മൂന്നു കൊല്ലം കൂടി വിദ്യാഭ്യാസം ചെയ്യണം; അക്കാലം സ്വന്തം ചിലവിനുള്ള പണമുണ്ടാക്കുകയും വേണം. ആ വയോ ദ്ധന്റെ പദ്ധതിയനുസരിച്ചു് "എന്തു് പ്രതിബന്ധമുണ്ടെങ്കിലും" ഒരു ശില്പിയായി തീരേണ്ടതില്ലെന്നു് ഞാൻ വേഗത്തിൽ മനസ്സിലാക്കി.

വ്യക്തിപരമായി പറഞ്ഞാൽ ഇടക്കാലം എന്തെങ്കിലും സംഭവിച്ചുവോ എന്നു് പറവാൻ എനിക്കാവില്ല. അക്കാലം അനുഭവ സമ്പൂർണ്ണമെന്നനിലയിൽ, തീർച്ചയായും എന്നെ സംബന്ധിച്ചേടത്തോളം വ്യർത്ഥമല്ലായിരുന്നു. എന്നാൽ ഇക്കാലമത്രയും, വിശിഷ്യ കഴിഞ്ഞ യുദ്ധകാലത്ത് കപ്പലുകളിൽ കഴിച്ചുകൂട്ടിയ രാപ്പകലുകളിൽ ഒരു വിശ്വാസം വളരുകയായിരുന്നു. കഴിഞ്ഞ നവമ്പറിൽ ഞാൻ കപ്പൽ വിട്ടപ്പോറം എന്തു് പ്രതിബന്ധമുണ്ടെങ്കിലും" ഒരു ചെറിയ പത്രം തുടങ്ങണമെന്നു് എനിക്കു് തോന്നി.

നിരവധിപ്രതിബന്ധങ്ങളുടെ ഒരാരംഭം മാത്രമാണിതു്. എന്തായാലും ഇതൊരാരംഭം മാത്രമാണ്; ഒന്നാമത്തെതടസ്ഥങ്ങറം നീങ്ങുകയും ചെയ്തിരിക്കുന്നു. ഭാവി എന്റെ പ്രയത്നത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങറം അനേകംപേർ ഹൃദയപൂർവ്വം സഹായവാഗ്ദത്തം ചെയ്തുവല്ലോ. നിങ്ങളെ നിരാശപ്പെടുത്താതിരിപ്പാൻ ഞാൻ കഴിയുന്നതും പ്രയത്നിച്ചുകൊള്ളാം.

SENGUPTA PUBL... Date ......

ഒരു വാരികയുടെ പ്രധാനജോലി പ്രാദേശിക വാർത്തകൾ ശേഖരിക്കുകയും "പത്രപരിധി"ക്കുള്ളിൽ പെടുന്ന ജീവൽ പ്രശ്നങ്ങളെക്കുറിച്ചെഴുതുകയുമാണ്. വാർത്തകളും അഭിപ്രായങ്ങളും വ്യക്തവും ബഹുജനതാല്പര്യം സ്പർശിക്കുന്നതുമാകണം. ഒരു പ്രത്യേകവർഗ്ഗത്തിന്റെയോ കക്ഷിയുടേയോ താല്പര്യം പുലർത്തുന്നതാണീ പത്രമെന്ന് പറവാനിടവരികയില്ലെന്ന് പ്രത്യാശിക്കട്ടെ.

പത്രാധിപപംക്തി അഭിപ്രായങ്ങൾക്കുള്ളതാണ്. പ്രാധാന്യമർഹിക്കുന്ന പ്രാദേശികവും ദേശീയവുമായ പ്രശ്നങ്ങളെ കുറിച്ച് വരിക്കാരെയോ പരസ്യക്കാരെയോ ഭയന്ന് സ്വാഭിപ്രായം തുറന്നു പറയുവാൻ ധൈര്യപ്പെടാത്ത ഒരു പത്രത്തെ ഞാൻ തെല്ലും ബഹുമാനിക്കുന്നില്ല. ഞാൻ മുഖപ്രസംഗമെഴുതുവാൻ തന്നെ തീരുമാനിച്ചിരിക്കയാണ്. ഈ പത്രം സേവനമനുഷ്ഠിക്കുന്ന ഡൌണിങ്ങ്ടൌണിലെയും മററു പ്രദേശങ്ങളിലെയും പൌരാവലിയുടെ പൊതുക്ഷേമമാണ് എന്റെ ലക്ഷ്യം; ഇതൊരു വമ്പിച്ച ചുമതലയാണ്; ആ നിലയിൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. "പത്രാധിപക്കുള്ള കത്തുകൾ"ക്ക് എല്ലാ ആഴ്ചയിലും പ്രാധാന്യം നൽകുന്നതാണ്. അത് പത്രത്തിന്റെ ജീവസ്സായ ഭാഗമാണെന്ന് ഞാൻ കരുതുന്നു. മുഖപ്രസംഗവുമായി നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതെന്താണെന്ന് തുറന്നു പറയുക. മുഖപ്രസംഗം എഴുതത്തക്കപ്രാധാന്യമുള്ള വല്ല സംഗതിയുമുണ്ടെങ്കിൽ അതിന്റെ വിവിധ വശങ്ങൾ നാം ചർച്ച ചെയ്യുക. അതാണ് പ്രജായത്തത്തിന്റെ കാതൽ.

അവസാനമായി, എനിക്ക് സ്വാർത്ഥതാല്പര്യങ്ങളൊന്നുമില്ല; ഉദ്യോഗവും തേടി ഞാൻ ഓടുന്നതുമില്ല. പരസ്യക്കാരേയും വരിക്കാരേയും അന്വേഷിച്ച് ഞാൻ ചെസ്റ്റർ കൌണ്ടിയിലങ്ങുമിങ്ങും ഓടി നടക്കും. വർത്തമാനങ്ങൾ ശേഖരിക്കാനും തിരുത്തിയെഴുതാനും പന്ത്രണ്ട് പതിനഞ്ചു മണിക്കൂർ ഞാൻ ദിനം പ്രതിജോലിയെടുക്കും. കാരണം സർവ്വോപരി ഇതൊരു വ്യവസായമാണ്.

മററുള്ളവരെപ്പോലെ എനിക്കും ജീവിക്കാൻ അവകാശമുണ്ട്. അങ്ങിനെ ജീവിക്കുന്നതോടൊപ്പം ബഹുജനങ്ങളുടെ താല്പര്യം പുലർത്തുകയും വായിക്കാൻ രസമുള്ള വാത്തകഠം നൽകുകയും ചെയ്യാമെന്നു് പ്രതീക്ഷിക്കട്ടെ.

'—റോബിൻസൺ മെക്കൽ വെയിൻ'

ആദ്യലക്കത്തിൽ എട്ടുപേജുണ്ടായിരുന്നു. ഓരോ പേജിലും ആറുകോളവും പുനഃ പരിശോധനയിൽ പേജുകഠം അപൂണ്ണവും അച്ചടിപ്പിഴകഠം വിപുലവും പരസ്യങ്ങളിലൊന്നു് തല തിരിഞ്ഞതുമാണെന്നു് കണ്ടെത്തി. എന്നിരുന്നാലും ഞങ്ങഠംക്കു് ലോകത്തിലെ എററവും മനോഹരമായ പത്രം അതായിരുന്നു. മാസങ്ങളോളം നിലനിന്ന അനിശ്ചിതാവസ്ഥ ക്കശേഷം ഞങ്ങഠം വരുന്നതെന്തും—നന്മയും തിന്മയും— അഭിമുഖീകരിക്കാനൊരുങ്ങി. ഞങ്ങഠം പുറപ്പെട്ടു് കഴിഞ്ഞു. ഞങ്ങഠംക്കൊരു കാര്യം നിർവ്വഹിക്കുവാനുണ്ട്. മഞ്ഞക്കാമലപിടിപെട്ടു് അവശനായ നിലയിൽ പോലും ബോബ് പ്രവൃത്തി നിത്തിയില്ല. തളർന്നു പ്രവത്തിച്ചിട്ടും എൻെറ കാലടികഠം വീങ്ങീട്ടും കറങ്ങിക്കൊണ്ടിരിക്കുന്ന പ്രസ്സിൽ നിന്നും പുറത്തുവരുന്ന ഒന്നാമത്തെപേജ് കാണുന്നതു് പ്രസവാലയത്തിനുപുറത്തുവെച്ചു് ആദ്യസന്താനത്തെ കാണുന്നതുപോലെയാണു്. എന്തായാലും ഇത്രയും ആത്മസംതൃപ്തിനൽകുന്ന മററൊന്നും എനിക്കുണ്ടാകുവാനില്ല.

"പക്ഷെ എൻെറ പേർ ഇതിൽ കാണ്മാനില്ലല്ലോ—" നാല്പത്തിരണ്ടു് അച്ചടിപ്പിഴകഠം വന്ന ഒന്നാമത്തെ ലക്കം സൂക്ഷിച്ചു നോക്കിക്കൊണ്ടു് ഞാൻ ബോബിനോട്ടു് പറഞ്ഞു.

പുരികം ചുളിച്ചുകൊണ്ടു് ബോബ് പറഞ്ഞു—

"ഒരു പത്രാധിപരെന്നാൽ എന്താണ് നീ വിചാരിച്ചത്? മെയ്ക്കപ്പ് മുതൽ ഒടുവിൽ പത്രം മടക്കുന്നതുവരെയുള്ള സകല

പ്രവൃത്തിയും ചെയ്‌വാൻ സാധിക്കുന്നതുവരെ പത്രത്തിൽ നിന്റെ പേർ പ്രതീച്ചുകൂട."

ഒരു മാസത്തിനുശേഷം എനിക്കൊരവസരം ലഭിച്ചു. 102 ഡിഗ്രി പനിപിടിച്ച നിലയിൽ ബോബ് തീരെ കിടപ്പിലായിരുന്നു.

"എനിക്ക് വെറുതെ കിടന്നുകൂട. പത്രം ആരാണ് പുറപ്പെടുവിക്കുന്നത്?" ബോബ് ചോദിച്ചു.

"നിങ്ങളുടെ സഹപത്രാധിപർ തന്നെ" ബോബിനെ എഴുന്നേല്ക്കാനനുവദിക്കാതെ ഞാൻ മറുപടി നൽകി.

ഒരു വാസസ്ഥലവും തേടി ആഴ്ചകളോളം ചുററിത്തിരിഞ്ഞതിനുശേഷം ഞങ്ങൾക്ക് 'യൂനിയൻ വില്ല'യിൽ ഒരു സ്ഥലം ലഭിച്ചു അത് ഡൌണിങ്ങ് ടൌണിൽനിന്ന് പതിനാലും ഹണി ബ്രൂക്കിൽ നിന്ന് ഇരുപത്തേഴും നാഴിക അകലെ കിടക്കുന്നു. ഞങ്ങൾ അങ്ങോട്ട് മാറി താമസിക്കാനാരംഭിക്കയായിരുന്നു.

ബോബിനെ തല്ക്കാലം സ്വന്തം വീട്ടിൽ തന്നെ കിടത്തിയതിനുശേഷം സ്റ്റീവിനെ യൂനിയൻ വില്ലയിൽ ഒരു സ്നേഹിതന്റെ കൂടെ താമസിപ്പിച്ചു കയ്യിലൊരു കുന്തവുമേന്തി കുതിരപ്പുറത്തു സഞ്ചരിക്കുന്ന നാട്യത്തിൽ ഞാൻ കോട്ടസ് വില്ലയിലേയും ഡൌണിങ്ങ് ടൌണിലേയും വെസ്റ്റ് ചെസ്റ്ററിലെയും ഓരോ പീടികയും പരസ്യങ്ങൾക്കവേണ്ടി കയറിയിറങ്ങി. അന്നെനിക്ക് പ്രസവത്തിന്ന് മൂന്നു മാസമേ ഉണ്ടായിരുന്നുള്ളു.

പ്രാദേശികവ്യാപാരികൾ തങ്ങളുടെ പ്രധാന പരസ്യങ്ങൾ മുമ്പുമുതൽ രണ്ടു ദിനപത്രങ്ങൾക്ക് നൽകുന്നുണ്ടായിരുന്നു. 'ആർക്കീവി'ന്ന് വില്പനപരസ്യങ്ങൾ കിട്ടുന്നത് മൊട്ടുസൂചികൊണ്ട് ചൈനാ വൻകിടങ്ങ് തകൎക്കുന്നതുപോലെ ദുഷ്ക്കരമാണെന്നെനി

ക്കുതോന്നി. മാത്രമല്ല, കച്ചവടക്കാരിൽ അധികം പേരും ആർക്കീവിൻെറ പേർ പോലും കേട്ടിട്ടില്ല.

ഞാൻ ഗർഭിണിയാണെന്നവസ്തുത എനിക്ക് സഹായകമായി. പല കച്ചവടക്കാരും എനിക്ക് ആദ്യത്തെ പരസ്യം നൽകിയത് എൻെറ ബോറ് നീങ്ങുവാൻ മാത്രമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.

അടുത്ത ദിവസം ഞാൻ സ്റ്റീവിനെ ബോബിൻെറ അമ്മയെ ഏല്പിച്ചു. ബോബ് രോഗശയ്യയിൽ നിന്നും വിളിച്ചുപറഞ്ഞു.

"കൌൺസിൽയോഗം, സൈനികവീരർ, റോട്ടറി, വനിതാക്ലബ്ബ്, ഇവയൊന്നും മറക്കരുതേ—" ചൂടുള്ള നെററിയമർത്തിപിടിച്ചുകൊണ്ടദ്ദേഹം പറഞ്ഞു "ഇനി നീയെന്തെല്ലാമാണ് കുഴപ്പത്തിലാക്കുക. എന്നു് ആരു കണ്ടു!"

"ആരും അനിവാര്യമല്ല"—പുറത്തേക്കോടികൊണ്ട് ഞാൻ ഉദ്ധരിച്ചു.

കുറെരാത്രിയായായിക്കാണും. അവസാനമായി പത്രം അച്ചടിയാരംഭിച്ചു. ഡൌണിങ്ങ്ടൌണിൽനിന്ന് ഹണിബ്രൂക്കിലേക്കും, തിരികെയും പിടിയില്ലാത്ത ഒരു സൈക്കളിൽ സഞ്ചരിക്കുന്നതുപോലുള്ള ഒരു പ്രതീതി. രാവിലെ നേരം കുറെയായപ്പോഠം സ്റ്റിവിനെ ഡൌണിങ്ങ് ടൌണിൽനിന്ന് യൂനിയൻ വില്ലയിലേക്ക് മ ററി പാപ്പിക്കുകയും ഞാൻ ഹണിബ്രൂക്കിലേക്ക് പോവുകയും ചെയ്തു. അവിടെ വെച്ച് ലീയിൽനിന്നും ഞാൻ അച്ചടയെപററിയും പ്രസ്സിൽ പത്രം വെക്കേണ്ടതിനെപററിയും മററും പലതും മനസ്സിലാക്കി.

അർദ്ധരാത്രിയോടുകൂടി ഞങ്ങഠം ജോലിതീർത്തു. മെയിൽ സഞ്ചികളും കടലാസ്സുകെട്ടുകളും കാറിൽകയററി ഞാൻ പുറപ്പെട്ടു. ബോബിൻെറ നിർദ്ദേശങ്ങഠം മുഴുവൻ കാര്യമായി നിവ്വഹിച്ചിട്ടുണ്ടോ എന്ന് ഓർമ്മിക്കുവാൻ മാത്രം എനിക്ക് ശേഷിയു

ണ്ടായിരുന്നില്ലെങ്കിലും എന്റെ മോതിരം ചെറുവിരലിന്മേലുണ്ടെന്നു് ഞാൻ ശ്രദ്ധിച്ചു. കീശയിൽ കയ്യിട്ടുനോക്കിയപ്പോൾ എനിക്കൊരു കടലാസുകഷണം കിട്ടി. പുതിയൊരു കക്ഷിയിൽനിന്നും ലഭിച്ച നാലംഗുലം പരസ്യം! 'നാലംഗുലം പരസ്യം; ഒരു ഗുംലത്തിനു് മുപ്പത് സെൻറ്!!'–ഞാൻ നെടുവീർപ്പിട്ടു. 'കഷ്ടം! ഒരു ഡോളർ ഇരുപത്സെൻറ് പീടിക ബില്ലിൽ തീരുമായിരുന്നു. മാത്രവുമല്ല, ഞാനാപരസ്യക്കാരനോടെന്തു പറയും?' കാലുകൾ വിറച്ചു. തലവേദനിക്കുന്നതുപോലെ തോന്നി. കണ്ണുകൾ നിറഞ്ഞു. കവിൾത്തടങ്ങളിൽക്കൂടി കണ്ണീരൊഴുകി–'ഞാനൊരിക്കലും ഒരു പത്രാധിപയാവുകയില്ല' ഞാൻ വിചാരിച്ചു.

പിറെറ ആഴ്ച വിശ്രമമെടുക്കാൻ ഡോക്ടർ ആജ്ഞാപിച്ചു. യൂനിയൻ വില്ലയിൽ സ്റ്റീവ്, സൌണിങ്ങ്ടൌണിലും ഹണിബ്രൂക്കിലുമായിബോബ്, ഇതിന്നു നടുവിൽ അങ്ങിങ്ങായി ഠാഠാഡിൽ ഞാൻ; ആകപ്പാടെ ഞങ്ങൾ അലഞ്ഞു നടക്കുന്ന അഭയാർത്ഥികളെപോലെ ചുററിത്തിരിഞ്ഞു.

മീയ ജനിച്ചതു് ഒരു പ്രവൃത്തിദിവസമായിരുന്നു. ഞാൻ പ്രസവമുറിവിട്ട് പുറത്തു വന്നതോടുകൂടി ബോബ് പത്രത്തിന്റെ ഒരു കോപ്പിയുമായി വന്നെത്തി–"ഇതു് ഒടുവിലത്തെ പ്രതിയായിരിക്കുമെന്നു് കരുതുന്നു" ഞാൻ സാവധാനത്തിൽ പറഞ്ഞു.

ബോബ് ചിരിച്ചു. പേജുകൾ മറിച്ച് ഞാൻ അന്നത്തെ മുഖപ്രസംഗം വായിച്ചു.

## വീണ്ടും സ്വകാര്യം

സ്ത്രീകളെക്കാൾ ബുദ്ധിയുള്ളവരാണ് തങ്ങളെന്നു് വിചാരിക്കുന്നതു് പുരുഷന്മാരെസംബന്ധിച്ചേടത്തോളം അസാധാരണ സ്വഭാവമല്ല. ഒരു നിയമപ്രഖ്യാപനം വഴിയായി സ്ത്രീ പുരുഷ സമത്വം അംഗീകരിക്കാൻ സാധിക്കും. പക്ഷെ ആന്തരമായി ഇതിനോട്ട് യോജിക്കുവാൻ സാധിക്കുന്ന പുരുഷന്മാർ വിരളമാ

ണ്. പുരുഷൻെറ നിലനില്പിന്നടിസ്ഥാനംതന്നെ അധിനായകത്വത്തിൽ അവന്നുള്ള വിശ്വാസമത്രെ. അതിൻെറ വിനാശത്തിൽ അവൻ ഒരു മഹാറാണിയുടെ അടിമയാണ്; അനുകമ്പനാർഹനാണ്; ചുരുക്കത്തിൽ ഒരു പാവയാണ്.

വാസ്തവത്തിൽ പുരുഷനേക്കാൾ ബുദ്ധിയുള്ള സ്ത്രീ ഒതുക്കമുള്ളവളാണ്. അവൻെറ അഹംഭാവത്തിന്ന് അവൾ പ്രോത്സാഹനം നൽകുന്നു. അവൾ പലപ്പോഴും നിസ്സഹായത നടിക്കുന്നു. അവൻ അവളുടെ സഹായത്തിന്ന് കുതിച്ചെത്തുന്നു. അവനാണ് അവൾക്കാവശ്യമായ ഉപദേശം നൽകുന്നത്. ഇവളും ഒരു റാണി തന്നെ. പുരുഷൻ സന്തോഷത്തോടെ ഇവൾക്കുവേണ്ടി പരിശ്രമിക്കുകയും അടിമപ്പെടുകയും ചെയ്യുന്നു.

102 ഡിഗ്രി പനിപിടിച്ച് ഞാൻ കഴിഞ്ഞ തിങ്കളാഴ്ച വട്ടിലെത്തി. എട്ടു പേജുകൾ പൂർത്തിയാക്കി ബുധനാഴ്ചപത്രം തയാറാവേണ്ടതുണ്ട്. ഞാൻ നിസ്സഹായനാണെന്നത് വ്യക്തമാണല്ലൊ. എനിക്ക് അനങ്ങുവാൻ സാധിച്ചില്ല. എങ്കിലും പതിവുപോലെ വ്യാഴാഴ്ചപത്രം പ്രത്യക്ഷമായി. പുരുഷൻെറ അഭമ്യ സ്വഭാവത്തിന്ന് ലഭിച്ച ഒരാഘാതം ഞാൻ മെത്തയിൽ വീണപ്പോൾ എൻെറ ഭാര്യ ജെയിൻ നിശ്ചിതസമയംതന്നെ പത്രികൃത്യസമയത്ത് പുറത്ത് കൊണ്ടുവരുവാനുള്ള ജോലികൾ ചെയ്കയായിരുന്നു ഞങ്ങളുടെ കുടുംബത്തിന്നുവേണ്ടി താമസം വിനാ അവൾക്ക് മറെറാരു ലക്കം പുറത്തിറക്കേണ്ടിയിരുന്നു. ഇതു ഉല്ലാദന പാടവത്തോട് കിടപിടിക്കുവാൻ ഏതു് പുരുഷന്ന് സാധിക്കും?

പത്രത്തിൻെറ പ്രമുഖസ്ഥാനത്ത് അവളുടെ പേർക്കൂടി ചേർക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഇന്നു മുതൽ, മുഖപ്രസംഗത്തിലെ "നാം" വാസ്തവത്തിൽ "ഞങ്ങൾ" ആണ്.

റോബിൻസൺ മെക്കൽ വെയിൻ

ഞാൻ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. ആർകീവ് മടക്കുന്നത് ഹണിബ്രൂക്കിൽ പ്രസിദ്ധമായിരുന്നു. "അങ്ങിനെ, നിങ്ങളിത് കൈകൊണ്ടാണ് മടക്കുന്നത്!"—ഒരു ദിവസം രാത്രി പ്രസ്സിൽ വന്ന ഒരു കൃഷിക്കാരൻ അഭിപ്രായപ്പെട്ടു.

"കൈകൊണ്ട് മടക്കുന്നത്" പത്രം പുറത്ത് കിട്ടുന്നതിൻെറ ഒരവിഭാജ്യഘടകമാണെന്ന് കേട്ടപ്പോഠം ആദ്യം ഞങ്ങളും ഞെട്ടി പോയി. പത്രം പ്രസ്സിൻെറ ഒരററത്തുനിന്ന് പുറപ്പെട്ട് മറെ അററത്തുകൂടി വൃത്തിയാക്കി മടക്കി വിതരണം ചെയ്‌വാൻ തക്ക വിധം പുറത്തു വരികയാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. ആദ്യം ഹണിബ്രൂക്കിലും പിന്നീട് ഞങ്ങളുടെ സ്വന്തം അച്ചടിശാലയിലും പത്രം മടക്കുന്നതു് ബെഞ്ചിമിൻ ഫ്രാങ്ക്ലി'നിൻെറ കാലത്തെ പദ്ധതിയിൽതന്നെ. അച്ചടിവേലതന്നെ. ആശ്ചര്യകരമാംവിധം ഭാരിച്ചതത്രെ.

വലിയപ്രസ്സ് നിലച്ചതിന്നുശേഷം കൈകൊണ്ടു് മടക്കിയ മൂന്നു പത്രങ്ങഠം—ഇതിൽ രണ്ടു പത്രങ്ങഠം മററുള്ളവക്കുവേണ്ടി അച്ചടിക്കുന്നതാണ്—രണ്ടു പേജ് 'മീലി'ൽ അച്ചടിക്കേണ്ടിയിരുന്നു. അക്കാലം ആഴ്ചയിൽ ഇരുപത്തിനാല് പേജുകളുള്ള അയ്യായിരം പ്രതികളാണ് മൂന്നു പത്രങ്ങഠംക്കും കൂടി ഉണ്ടായിരുന്നതു്. അങ്ങിനെ ഒരു ലക്ഷത്തി ഇരുപതിനായിരം ഏടുകഠം ഒതുക്കിവെച്ചു കൈകൊണ്ടു് മടക്കേണ്ടതുണ്ടു്. ആർകീവ് മടക്കുവാൻ മൂന്നു മുതൽ എട്ടുവരെ മണിക്കൂറുകഠം വേണ്ടിവന്നു. അത് തൊഴിലാളികളെയും സംഭാഷണങ്ങളെയും ആശ്രയിച്ചിരുന്നു. ഇക്കാര്യത്തിൽ ഞങ്ങളെ ചില ഹൈസ്കൂഠം വിദ്യാർത്ഥികഠം സഹായിച്ചു. ബുധനാഴ്ച രാത്രി എന്തെങ്കിലും ചെയ്‌വാൻ സന്ദർഭം കിട്ടുന്നത് അവക്കൊരുൽസാഹമായിരുന്നു.

പതിനാലുമുതൽ എഴുപതുവരെ പ്രായമുള്ളവർ ഈ മടക്കുകാരിൽ ഉഠംപ്പെട്ടിരുന്നു. ഹൈസ്കൂഠം കുട്ടികളോടൊപ്പം ചില

പ്പോൾ ബോബിൻെറ അമ്മായികളായ ജന്നിയേയും ഫാനിയേയും കിട്ടാതിരുന്നില്ല. അമ്മായി ജന്നിക്കു് 5 മക്കളെ ഭൂമിക്കു് സംഭാവന ചെയ്‌വാനും അവരുടെ പതിനഞ്ചു സന്താനങ്ങളെ വളർത്തുവാനും ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. അധികമൊന്നും ജോലിയില്ലാത്തതിനാൽ സൌകര്യമുള്ളപ്പോൾ ഞങ്ങളെ സഹായിക്കുന്നതിൽ സന്തോഷമുണ്ടെന്നവർ പറഞ്ഞു. അവിവാഹിതയും ബധിരയുമായ, ബോബിൻെറ അമ്മായി ഫാൻ വലിയൊരു തമാശക്കാരിയാണ്. വലിയകാർഷിക വിദഗ്ധയാണെന്നു് പരക്കെ അറിയപ്പെട്ടിരുന്ന അവർ പല വിഷയങ്ങളെക്കുറിച്ചും ആഴ്ചതോറും സംഭാഷണമാരംഭിക്കും. ഒരു രാത്രി പച്ച തക്കാളിയേക്കാൾ പഴുത്തതക്കാളിക്കുള്ള മേന്മയെ കുറിച്ചു വാദിച്ചു. “തക്കാളിയിൽ പോലും രക്തബന്ധം പ്രധാനമാണ്”—അമ്മായിഫാൻ ഉറക്കെ പറഞ്ഞു. മറെറാരു ദിവസം ജാപ്പ് ‘തുമ്പി’കളെ കുറിച്ച് താൻ നടത്തിയ ഗവേഷണഫലത്തെ കുറിച്ചായിരുന്നു ഭാഷണം.

മടക്കൽ ആരംഭിക്കുന്നതോടുകൂടി കുഴപ്പവും ആരംഭിക്കുകയായി. റേഡിയോ തിരിച്ചുവെച്ചാൽ ശബ്ദം പ്രസ്സിൻെറതിലും ഉയർന്നു കേൾക്കും. പക്ഷെ ഈ ആരവങ്ങൾക്കിടയിലെല്ലാം അമ്മായി ഫാനിൻെറ ശബ്ദം തുടർന്നുകൊണ്ടേയിരിക്കും.

പ്രസ്സുജോലി നിലക്കുമ്പോഴെക്കും മടക്കുന്നവർ കടലാസ്സ് കൂമ്പാരങ്ങൾക്കും യന്ത്രങ്ങൾക്കുമിടയിൽ കറങ്ങുകയായി. അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുവാനുള്ള ഉപാധിയാണ് റേഡിയോ. ചിലക്കുവേണ്ടതു് പഴയ ആലാപനകളും പാട്ടുകളുമാണ്. ബോബിന്നു് വാർത്തകൾ വേണം; കുട്ടികൾക്കു് താളമേളങ്ങൾ; ഇങ്ങിനെ അവിടെ എത്തിവീണവരുടെ രുചിക്കനുസരിച്ച് റേഡിയോ പാടുകയായി. ഹണിബ്രൂക്കിലെ മററു സാധനങ്ങളെപോലെ റേഡിയോവിന്നും മാക്കോണിയുടെ കാലത്തോളം പഴക്കമുണ്ടു്. ഒടുവിൽ അതിൻെറ നാഡികൾ തളർന്നുപോയി

പിന്നീട് ഞങ്ങൾക്കുത്തേജനം നൽകിയതു് സംഭാഷണങ്ങളും മധുരപലഹാരങ്ങളുമാണ്.

കൂട്ടുപ്രവർത്തനത്തിന്റെയും പൊതുലക്ഷ്യത്തിന്റേയും പ്രതീകമാണ് പത്രംമടക്കുന്ന രംഗം. വിഷമകരമായ ഒരു ജോലിയാണിത്. കാല് തരിച്ചുപോകുന്ന സന്ദർഭങ്ങളിൽ ഞാൻ ഷൂസ് അഴിച്ചുമാററി കൽതറയിൽക്കൂടി ഉലാത്താറുണ്ടായിരുന്നു.

എന്നാൽ പത്രം മടക്കി മേൽവിലാസങ്ങളെഴുതി മെയിൽ സഞ്ചിയിൽനിറച്ച് കാറിൽ കയററുന്നത് വരെയുള്ള വിഷമസമ്പൂർണ്ണമായ പ്രവൃത്തിയിലും പരിഹസിക്കുന്നതിലും അന്യോന്യം ബുദ്ധിമുട്ടിക്കുന്നതിലും സ്നേഹവും ഉത്സാഹവും നിലനിന്നു. സാധാരണയായി ബുധനാഴ്ച രാവിലെ, "അഞ്ചുമണിയോടുകൂടി എല്ലാം തീരട്ടെ" എന്നു് ലീ ആൻറസ് ഞങ്ങളെ ആശംസിക്കാറുണ്ടെങ്കിലും ഞങ്ങൾ പത്തുമണിക്കു മുമ്പായി ഹണിബ്രൂക്ക് വിട്ടിരുന്നില്ല. പലപ്പോഴും ഹണിബ്രൂക്കിലെ നിദ്രാധീനമായ തെരുവുകളും വയലുകളും കടന്നു് ഞങ്ങൾ പോകുമ്പോൾ സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കും. രാത്രികളിൽ ഞങ്ങളുടെ കാർ മഞ്ഞിൻ കട്ടകൾ നിറഞ്ഞ ഇടുങ്ങിയ പാതകളിൽ ക്കൂടി വഴുതി പോകുമ്പോൾ നടക്കുന്നവർ ഞങ്ങളെ അനുഗമിക്കുന്നുണ്ടാവും കാറിന്റെ പിൻഭാഗത്തുള്ള പകുതി തുറന്ന പെട്ടിയിൽനിന്നു പത്രങ്ങൾ പാതവക്കിൽ വീണുപോകുമെന്നു് തോന്നും.

ചില കെട്ടുകൾ ഒഴിഞ്ഞു പോവുകയോ ചില കടലാസ്സുകൾ വിട്ടുപോവുകയോ ചെയ്താൽ പോലും അയച്ച പത്രങ്ങൾ കാലത്ത് രണ്ടു മണിക്കു പോസ്റ്റാഫീസ്സിലെത്തികഴിഞ്ഞാൽ ഞങ്ങൾ ആശ്വാസം കൊള്ളും. അങ്ങിനെ ആഴ്ചയിലെ അത്ഭുതം സംഭവിച്ചു; പിന്നീട് അടുത്ത ആഴ്ചക്ക് തയാറെടുക്കുകയായി.

ഞാൻ പരസ്യംമാനേജരുടെ ജോലി ഏറെറടുത്തു. മിക്കവാറും ദിവസങ്ങളിൽ മീയയെ ഒപ്പം എടുത്തു കാര്യം നിർവ്വഹിക്കേണ്ടതുണ്ട്; ഉച്ചക്ക് സ്ക്കൂൾ വിട്ടാൽ സ്റ്റീവിനെയും.

ആ ആദ്യത്തെകൊല്ലം 'ആർകീവി'നെ പററി ആരും കേട്ടിരുന്നില്ല. വല്ലവരും കേട്ടിട്ടുണ്ടെങ്കിൽ തന്നെ അത് നല്ലൊരഭിപ്രായമായിരുന്നുമില്ല. അവരുടേതായ ഒരു പത്രം അവക്കില്ലാതിരുന്നതിനാൽ പരസ്യകാര്യത്തിൽ അവക്ക് ശീലമില്ലായിരുന്നു. പരസ്യത്തിലൊന്നും അവർ പെട്ടെന്നങ്ങു വിശ്വസിച്ചില്ല. സൌമ്യരെങ്കിലും ദൃഢചിത്തരായിരുന്നു അവർ.

"എൻെറ സ്നേഹിതൻെറ പേർ പത്രത്തിൽ വരുത്തുവാൻ ഞാനെന്തിന്ന് പണം ചിലവാക്കണം? കഴിഞ്ഞ മുപ്പതുകൊല്ലമായി ഞാൻ ഇവിടെ കച്ചവടം നടത്തുന്നു. എനിക്കുമുമ്പ് എൻെറ അച്ഛനാണിവിടെയുണ്ടായിരുന്നത്. എൻെറ സ്റ്റോർ എവിടെയാണെന്ന് ഓരോ ആടംകളം അറിയാം" അല്ലെങ്കിൽ ഇങ്ങിനെ പറയും—"നല്ല കാര്യം! ഒരു ദിനപത്രത്തിൽ പരസ്യം ചെയ്താൽ ദിവസത്തിൽ പന്തീരായിരം ആളുകൾ കാണുവാനുള്ളപ്പോൾ നിങ്ങളുടെ പ്രചാരംകുറഞ്ഞ വാരികയിൽ പരസ്യം ചെയ്‌വാൻ ഞാൻ കിറുക്കനാണെന്നാണോ നിങ്ങൾ കരുതുന്നത്?"—

മഞ്ഞിലും മഴയത്തും വെയിലിലും തണുപ്പിലും ഞാൻ പീടികയെണ്ണം കയറിയിറങ്ങി; ക്ഷീണവും നിരാശയും മാത്രമാണെനിക്കനുഭവപ്പെട്ടത്. 'ആർകീവിന്നു' നില നില്ക്കാനുള്ള അർഹതപോലും നിഷേധിക്കുന്ന വ്യാപാരികളുടെ ദൃഢനിശ്ചയം ദൂരീകരിക്കുവാൻ ഞാൻ നിരാശയോടെ പരിശ്രമിച്ചുകൊണ്ടിരുന്നു.

പലപ്പോഴും മിസ്സ് ഒല മാത്രമാണ് എനിക്ക് ആശ്വാസമേകുവാനുണ്ടായിരുന്നത്. മഞ്ഞിൻ കട്ടപോലെ വെളുത്ത മുടിയോടു കൂടിയ ഒല തടിച്ചു കറുകിയ ഒരു സ്ത്രീയായിരുന്നു. തൻെറ ജന്മ സിദ്ധമായ ബുദ്ധിചാതുര്യത്തിന്നനുസൃതമല്ലാത്ത നിലയിൽ അവരുടെ മേശമേൽ കടലാസ്സുകൾ കുഴഞ്ഞു മറിഞ്ഞു കിടന്നിരുന്നു. ബധിരയാണെങ്കിലും നല്ല ചെവിയുള്ള പലരെക്കാളും അവർ കാര്യം മനസ്സിലാക്കിയിരുന്നു. 'ഈ ആഴ്ച എന്നാണ്'

പരസ്യം ചെയ്യേണ്ടതെന്ന കാര്യത്തിൽ യാതൊരു വിവരവുമില്ലെന്ന് മററുള്ളവർ പറഞ്ഞാൽ ഒലയെയാണ് ഞാൻ അവസാനം സമീപിക്കുക പതിവ്.

കാഴ്ചയിൽ ഒരു ഇരുമ്പുസാമാനസ്റ്റോറായി തോന്നുന്ന ഗ്രിഫിത്തിൻെറ സ്റ്റോറാണ് പട്ടണത്തിലെ ഏററവും പഴയ വ്യാപാരശാല. കഴിഞ്ഞ നൂറുകൊല്ലത്തോളമായി, നാട്ടിൻെറ നാനാഭാഗത്തുനിന്നും കർഷകർ ഒത്തുചേരുന്ന ഒരു സ്ഥലമാണ് ഗ്രിഫിത്തിൻെറ പീടിക. സൂക്ഷിച്ചുനോക്കിയാൽ 'ഉപ്പുതൊട്ട് കർപ്പൂരം വരെ' ലോകത്തിലുള്ള സാധനങ്ങളെല്ലാം അവിടെ നിങ്ങൾക്കു കാണാം. അവിടെ ഉള്ളതെല്ലാം അറിയാമെന്ന നാട്യം ഗ്രിഫിത്ത് ദമ്പതികൾക്കില്ല. മുക്കിലും മൂലയിലും കൂടി കിടക്കുന്ന സാധനങ്ങൾ എടുക്കുവാൻ ഏണി കയറുന്നതും വലിച്ചെടുക്കുന്നതും ചിലപ്പോൾ വാങ്ങാൻ വന്നവർ തന്നെയാണ്. മിക്ക സാധനങ്ങളിന്മേലും വിലവിവരമെഴുതി വെച്ചിട്ടില്ലാത്തതിനാലും കണക്കെഴുത്തുകാര്ക്ക് കാത് കേൾക്കാത്തതിനാലും ഒരു സമരം നടത്തിയതിനുശേഷം മാത്രമേ കൃത്യവിലയാക്കുവാൻ നിങ്ങൾക്ക് കഴിയുകയുള്ളു. ദയാഹൃദയനും ഉദാരമതിയുമായ എഡ് ഗ്രിഫിത്ത് കൈമലർത്തിക്കൊണ്ടു് പറയും—"വിലയെപററി ഒരു നിർണ്ണയവുമില്ല; നിങ്ങൾ 50 സെൻറ് തന്നേക്കു. അതുകൊണ്ടൊക്കെ ഒപ്പിക്കാം."

പരസ്യത്തെപ്പററിയാണെങ്കിൽ അദ്ദേഹം പറയും. "നിങ്ങൾ 'ഒല'യെ കാണുന്നതാണ് നല്ലത്. വേണ്ടവലുപ്പവും മാതിരിയുമെല്ലാം അവർ നിർണ്ണയിക്കട്ടെ."

അങ്ങിനെ ഞാൻ ഏടുപ്പിൻെറ പിൻഭാഗത്ത് പുസ്തകങ്ങളാലും കടലാസ്സുകളാലും ചുററപ്പെട്ട, 'ഒല' ഇരിക്കുന്നേടത്തേക്ക് നീങ്ങും.

കടലാസ്സുകൾ തിരിച്ചുമറിച്ചുകൊണ്ടു് അവർ പറയും "ഓ നിങ്ങളോ; പ്രിയപ്പെട്ട ജയിൻ—ഒന്നും തയാറില്ലല്ലോ; ചിലതെ

ല്ലാം ശരിയാക്കുകയാണ്. നല്ല ചൂല്കൾ എത്തീട്ടുണ്ട്". ചിന്തിച്ചുകൊണ്ട് വീണ്ടും തുടരും "പുല്ലുവിത്തും പുതിയതരം പെയിൻറും തയാറുണ്ട്."

ചാരി ഇരുന്നുകൊണ്ട അവർ എന്നെ നോക്കി പുഞ്ചിരിക്കും. "പിന്നെയോ?"—ഞാൻ അലറും.

"എന്ത്?"തല ഒരു ഭാഗത്ത് ചരിച്ചുകൊണ്ട് ഒല ചോദിക്കും.

"വിലയെത്ര? ഏത് മാതിരി?" ഞാൻ കുറിച്ച് കാണിക്കും.

"അതൊന്നും സാരമില്ല. പുല്ലുവിത്ത് വിട്ടുപോകരുത്. ഇപ്പോൾ അതിൻെറ കാലമാണ്"

മിസ്സ് ഒലയുടെ പലതരം സാധനങ്ങളും കൂട്ടിക്കലർത്തി ഒരു മുഴുവൻ പരസ്യമാക്കിയാൽ ഒരവീലിൻെറ രൂപം കിട്ടും. ഒന്നും മറെറാന്നുമായി യോജിപ്പില്ലെങ്കിലും എല്ലാം കൂടിയാൽ നല്ലൊരു രുചി തോന്നും.

എന്തുകൊണ്ടോ, ഞങ്ങളുടെയും മിസ്സ് ഒലയുടെയും കണക്കുകൾ ഒത്തുവരാറില്ല. എല്ലാമാസാവസാനത്തിലും പരസ്യത്തിലുള്ള തകരാറിനെ പററി ചർച്ച നടത്തും. എന്നാൽ സ്റ്റോറിൻെറ നാലു പരസ്യങ്ങൾ ആർകീവിൻെറ ഒരു ലക്കത്തിൽ പ്രത്യക്ഷപ്പെട്ട ആ ദിവസമൊഴികെ മറെറാരിക്കലും അവർ ആക്ഷേപിച്ചിരുന്നില്ല.

"ഈ ആഴ്ചത്തെ പത്രത്തിൽ നിങ്ങളെങ്ങിനെ നാലു പരസ്യം ചേർത്തു?" അവർ കയർത്തു.

"മൂന്നെണ്ണം നാഷനൽ ഏജൻസിയിൽനിന്നും ലഭിച്ചതാണ്. വിതരണക്കാരായി അവർ ന്ങ്ങളുടെ മേൽവിലാസം ചേർത്തുവെന്നെയുള്ളു. നിങ്ങൾ അതിന്നു പണം തരേണ്ടതില്ല" ഞാൻ വിശദീകരിച്ചു.

അവർ വ്യക്തമാക്കി—"ഇത് പണത്തിൻെറ കാര്യമല്ല. പ ലസ്ഥലത്ത് ഞങ്ങളുടെ പേർ ചേർത്തത് ശരിയാണെന്ന് തോ ന്നുന്നില്ല."

ക്ഷമ ഒരു സൽഗ്ഗുണമാണ്. ഞാനൊരിക്കലും അതിനാൽ അനുഗൃഹീതയല്ലെങ്കിലും അതിൻെറ രൂപം എന്താണെന്ന് പര സ്യത്തിൻെറ ജോലി എന്നെ പഠിപ്പിച്ചു. ഓരോ പരസ്യക്കാര നും എന്നെ താമസിപ്പിക്കുകയും ആക്ഷേപം പറയുകയും ചെയ്യു ന്ന സന്ദർഭങ്ങളിൽ ഞാൻ പലപ്പോഴും 'ക്ഷമയുടെ നെല്ലിപ്പടി' കണ്ടിരുന്നു. ഒരിക്കൽ ഒരു 'ഷൂസ്റ്റോർ' മാനേജർ തൻെറ അല മാറയിൽ ഷൂസ് അടുക്കിവെക്കുന്നതും നോക്കി ഞാൻ നാല്പത്ത ഞ്ചുമിനുട്ട കാത്ത്നിന്നു. ഒടുവിൽ ഈ ആഴ്ച താൻ പരസ്യം ചെയ്വാനുദ്ദേശിക്കുന്നില്ലെന്ന് അയാറം പറഞ്ഞപ്പോറം എ ൻെറ ക്ഷമ പൊട്ടിത്തെറിച്ചുപോയി! എന്നെ കാത്തുനിർത്തേണ്ട തില്ല; ഈ വിവരം ആദ്യംതന്നെ പറയാമായിരുന്നു. ഞാൻ വ ല്ലായ്മയോടെ മടങ്ങിയപ്പോറം കൂടുതൽ സമയം ഒരു സ്ഥല ത്ത് കാർവെച്ചതിന്നു ചാർജ്ജ്ചെയ്ത ഒരു ടിക്കററ് കാറിന്മേൽ പതിച്ചതുകൊണ്ടു എൻെറ ക്രോധം ആളിക്കത്തി.

"നമ്മുടെ എല്ലാം പരസ്യക്കാരും പത്തുനാഴിക നടന്നു് കുഴി കുത്തട്ടെ. ഞാൻ അവരുടെ മേൽ മണ്ണുകോരി നിറക്കാം—" ഓ ഫീസിൽ തിരിച്ചെത്തി ഞാൻ ബോബിനോട്ട് പറഞ്ഞു.

(സ്ത്രീകറം അവരുടെ ബലഹീനത പ്രകടിപ്പിക്കുമ്പോറം പുരു ഷൻ പ്രകടിപ്പിക്കുന്ന ആ ഗാംഭീര്യത്തോടെ ബോബ്) എന്നെ നോക്കി.

ബോബ് സഗൌരവം സംസാരിച്ചു "ഇത് നിൻെറ ജോ ലിയാണ്. നമ്മുടെ കക്ഷി എപ്പോഴും ശരിയാണെന്ന സംഗ തി ഓർമ്മയിരിക്കട്ടെ. ഈ കാര്യത്തിൽ നമ്മുടെ കക്ഷി പരസ്യ ക്കാരനാണ്; നീ വില്പനക്കാരിയും. ആ നിലയിൽ അയാറംക്കു്

ചില അധികാരങ്ങളെല്ലാമുണ്ടെന്ന് ചിലർ വിശ്വസിക്കുന്നു. ഏതായാലും നീ ഇത് ശ്രദ്ധിക്കേണ്ടതുണ്ട്"—എന്റെ നേരെ പുരികം വളച്ചൊടിച്ചുകൊണ്ട് ബോബ് വീണ്ടും—"ഉപേക്ഷവരുത്തിയാൽ നിന്റെ പേർ പത്രത്തിൽനിന്ന് നീക്കം ചെയ്യപ്പെട്ടേക്കാം. ക്ഷമയാണ് വില്പനക്കാരന്റെ പ്രധാനഭാഗം മററുള്ളവർ അക്ഷമരാണെന്നതുകൊണ്ട് നീയും അങ്ങിനെ ആവണമെന്നില്ല."

പ്രസ്തുത 'ഷൂസ്റ്റോർ' മാനേജർക്ക് ഒരു ജോടി സോക്സ് തുന്നിക്കൊടുത്തുകൊണ്ട് ഒരാജീവനാന്തപരസ്യക്കാരനെ പിന്നീട് ഞാൻ സമ്പാദിച്ചു.

ആഭരണവ്യാപാരിയെ അയാളുടെ ഭാര്യ ശകാരിക്കാനാരംഭിക്കും മുമ്പെ കാലത്ത് സമീപിക്കുവാനുള്ള പാടവം ഞാൻ നേടി. സ്കൂളിൽ തന്റെ മകന്റെ നിലയെന്താണെന്ന് ഞാൻ പീറെറഎർസ്റ്റിനോട് ചോദിക്കുവാൻ പഠിച്ചു. "നന്നായിട്ടുണ്ട്" എന്നാണ് മറുപടിയെങ്കിൽ എനിക്ക് എട്ടംഗുലം പരസ്യം കിട്ടുവാനിടയുണ്ട്. അല്ല, മകൻ തിരികെ അയക്കപ്പെട്ടിട്ടുണ്ടെന്നാണ് മറുപടിയെങ്കിൽ, പിന്നീട് അദ്ദേഹവുമായി സംസാരിച്ച് വെറുതെ സമയം കളയേണ്ടതല്ല. ഒരു ചെറിയ പട്ടണത്തിലെ സമീപനമാർഗ്ഗം കേവലം പൊതുജനസഹകരണമാണ്. പൊതുവിൽ അവർ നിങ്ങളെ ഇഷ്ടപ്പെട്ടാൻ നിങ്ങൾക്കൊരു പരസ്യം കിട്ടും. "നല്ലവൻ" എന്ന് മാനേജർ കരുതുന്നില്ലെങ്കിൽ നിങ്ങളുടെ പത്രത്തിന്ന് ലക്ഷം കോപ്പി ചിലവുണ്ടെങ്കിലും അതിലെ പരസ്യം ആളുകളെ നിങ്ങളുടെ പീടികയിലേക്കോടിക്കുമെങ്കിലും എത്ര വലിയ സ്റ്റോറായാലും രണ്ടംഗുലം പോലും കിട്ടുകയില്ല.

യാന്ത്രികവിഷമതകൾ, വിളംബത, ആഴ്ചയിൽ മൂന്നു പത്രം പുറത്തിറക്കുവാനായി 'ഹെറാൾഡ്' ജോലിക്കാരുടെ അശ്രാന്തപരിശ്രമം എന്നിവ ഞങ്ങളെ ഞെരുക്കിയെങ്കിലും ആർക്കീ

വിൻെറ ഒന്നാമത്തെ വർഷത്തെ തകരാറുകറം മുഴുവൻ മനഃശാസ്ത്രപരമായിരുന്നു.

ഞങ്ങളുടെ പരസ്യത്തിൻെറ വ്യാപ്തിയും ഡൌണിങ്ങ് ടൌണിന്നു് വാസ്തവത്തിൽ ഒരു പ്രാദേശികപത്രം ആവശ്യമില്ലെന്നവസ്തുതയും വ്യക്തമായപ്പോറം, ആർകീവിൻെറ അധോഗതിയോടുകൂടി പട്ടണത്തിലാകെ കൂടുതൽ പ്രചരിച്ച മററു രണ്ടുദിനപത്രത്തിൻെറ മുഴുവൻ സമയം ലേഖകൻ കണ്ടെത്താത്ത വാർത്തകറം ചുഴിഞ്ഞെടുത്ത് രസാവഹമായ നിലയിൽ എഴുതേണ്ടതാവശ്യമായിത്തീൎന്നു.

പട്ടണത്തിലെ പത്രലേഖകൻ ദുരന്തവും വികാരഭരിതവുമായ കഥകളിൽ തൂങ്ങിനിന്നുകൊണ്ടു് വിൻസെൻറ് ഷീൻ പറഞ്ഞതുപോലെ "കഷ്ടതകളെ നിരീക്ഷിക്കുന്ന ഉദ്യോഗസ്ഥ"നായി മാറുമ്പോറം ഒരു നാടൻപത്രത്തിൻെറ ഏററവും നല്ല വാർത്ത, പലപ്പോഴും വാർത്തയില്ലെന്നുള്ളതാണ്. മുൻപേജിൽ കഷ്ടപ്പാടുകളുടെ ചരിത്രം വിവരിക്കുന്ന സായംകാലപത്രങ്ങറം വായിച്ച് തള്ളുമ്പോറം ജനങ്ങറംക്ക്, നിയമാനുസാരികളും ആചാരനിരതരുമായ തങ്ങളുടെ പരിചയക്കാരുടെ സംഗതികറം വിവരിക്കുന്ന ഒരു പ്രാദേശിക വാരികയിലും കണ്ണോടിക്കേണ്ടതുണ്ട്.

പക്ഷെ വനിതാക്ലബ്ബിനെയോ പ്രതിവാരം ചേരുന്ന കൌൺസിൽയോഗത്തെയോ സംബന്ധിച്ച് ഓരോ ആഴ്ചയും വായനക്കാൎക്ക് രുചിക്കത്തക്ക ഭംഗിയോടും പുതുമയോടും കൂടി എഴുതുവാൻ നല്ല കരുത്തും ഭാവനയും പ്രാപ്തിയും ആവശ്യമത്രെ. അങ്ങിനെ ഡൌണിങ്ങ്ടൌണിൽ ഞങ്ങറം പുതിയ സരണിവെട്ടിത്തുറക്കുമ്പോറം മററുള്ളവർ ഞങ്ങളെ സംശയത്തോടുകൂടി വീക്ഷിക്കുവാൻ തുടങ്ങി. പൊതുകാര്യമെന്നാൽ വ്യക്തിഗതമായ കാര്യങ്ങറം പൊതുവിൽ പ്രദർശിപ്പിക്കുകയാണെന്നൊരാശയം പ്രാദേശികവ്യവസായങ്ങറംക്കുണ്ടെന്നാണ് ഞങ്ങറംക്ക് മനസ്സിലായതു്.

ഒരു ദിവസം ബോബ്, പട്ടണത്തിന്നുപുറത്തു് പുതുതായി സ്ഥലംപിടിച്ച ഒരു വ്യാപാരിയെ കാണ്മാൻ പോയി. കെട്ടിടം ഉയൻറവരുന്നതു് ഞങ്ങളെല്ലാം കണ്ടിരുന്നു. അത് എന്താവശ്യത്തിനാണെന്നു് പലരും ഞങ്ങളോടന്വേഷിച്ചു. അതെന്താണെന്നു് "ആരും അന്വേഷിക്കേണ്ടതില്ലെ"ന്നാണു് ഉടമയെ സമീപിച്ച ബോബിന്നു് കിട്ടിയ മറുപടി. ഒരു പ്രാദേശികപത്രത്തിൻെറ പ്രതിനിധിയെന്ന നിലയിൽ പുതിയ വ്യവസായം ജനങ്ങളെ അറിയിക്കുവാനുള്ള ബാദ്ധ്യത തനിക്കുണ്ടെന്നു് ബോബ് മറുപടി നൽകി. ആരംഭിക്കുന്ന വ്യവസായത്തെപററി എഴുതുന്നത് നല്ലതാണെന്നു് ബോബ് സൂചിപ്പിച്ചു, മിക്ക ഉടമകളും മുഴുവൻപേജ് പരസ്യം നൽകാറുണ്ടെന്നു് ബോബ് പറഞ്ഞില്ല. പൌരബോധംപോലും വിസ്മരിച്ച ആ ഉടമയുമായുണ്ടായ കൂടിക്കാഴ്ചയെപററി, "ഞാനെന്തുചെയ്യുന്നുവെന്നു് ആരും അന്വേഷിക്കേണ്ടതില്ല—പുതിയ വ്യാപാരി പറയുന്നു" എന്ന തലക്കെട്ടിൽ ബോബ് എഴുതി. അയാറം ക്രോധിച്ചുവെങ്കിലും 'ഇതും ഇതിലപ്പുറവും അയാറം അർഹിക്കുന്നു'വെന്നു് മററുവ്യവസ്ഥന്മാർ ബോബിനെ സസന്തോഷം അറിയിച്ചു. നേരെമറിച്ചു് ബോബ് പശ്ചാത്തപിക്കയാണു് ചെയ്തതു്. ആഴ്ചകറാക്കുശേഷം, "ഏതൊരു കുയുക്തിയാണു്, ഞാനിതു് ചെയ്യരുതായിരുന്നു"വെന്നു് പിറുപിറുത്തുകൊണ്ടു് ബോബ് നടന്നു.

പത്രം വിലകൊടുത്തതിന്നുശേഷം പഴയ ഫോട്ടോകളുടെ പിന്നിൽ എഴുതിക്കുട്ടുകളുണ്ടെന്നു് ഞങ്ങറം മനസ്സിലാക്കി. ഒരു ഫോട്ടോ ഗ്രാഫർ ആവശ്യമില്ലാത്ത നിലയിൽ അത്ര അധികം പഴയ ഫോട്ടോകറം ഞങ്ങറംക്കുണ്ടായിരുന്നു. ആഴ്ചതോറും അവയിലോരോന്നു പ്രസിദ്ധീകരിക്കുവാൻ ഞങ്ങറം തീരുമാനിച്ചു. പ്രസിദ്ധപ്പെടുത്തിയ ഫോട്ടോ തിരിച്ചറിയുന്ന ആദ്യത്തെ ആറംക്കു് ഒരു സൌജന്യവരിസംഖ്യയും സമ്മാനിക്കാൻ തീരുമാനിച്ചു.

ആദ്യത്തെ ആഴ്ച, നൂറിലധികം ആളുകറം വന്നു. വ്യാഴം, വെള്ളി, ശനി, എന്നീ ആഴ്ചകളിൽ അതു് ഏകദേശം ഇരുനൂറാ

യി വർദ്ധിച്ച "രഹസ്യഗൃഹ" മൊഴിച്ചാൽ, "ഇതാരാണ്?" "ഇതെവിടെയാണ്?" ഇത്യാദികകാര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുവാനായി ഒരു പ്രാദേശിക ചരിത്രകാരനെ കണ്ടെത്തുവാൻ ഒരാൾക്കും സാധിച്ചില്ല. ഓരോ കൊല്ലവും ആരംഭത്തിൽ, 'ഇത് കണ്ടെത്തുവാൻ സാധിക്കുന്നവർക്ക് അമ്പത് ഡോളർ സമ്മാനം നൽകുന്നതാണെ'ന്ന് ഞങ്ങൾ ഒന്നാമത്തെ പേജിൽതന്നെ പ്രസിദ്ധീകരിച്ചിരുന്നു.

ഈ പ്രശ്നം രാജ്യവ്യാപകമായ തക്മെളവാക്കി. വ്യാഴാഴ്ച രാവിലെ ഗ്രാമത്തിലെ ഏതെങ്കിലും പോസ്റ്റാഫീസിൽ ചെന്നാൽ ഉയർന്നു കേൾക്കുന്ന പ്രശ്നം ഇതായിരിക്കും. "ഇവിടെയാണ് വൃദ്ധനായ സൈലസ് മാട്ടിൻ ചുററിത്തിരിഞ്ഞതെ"ന്ന് ചിലർ, "1930 ൽ 'ലിൻ ഹെവൻ സ്റ്റോർ കത്തിപ്പോയതാണെ"ന്ന് മററു ചിലർ. ഒരിക്കൽ ഒരു വരിക്കാരൻ ഞങ്ങളെ തട്ടിയുണർത്തി, ഒരാൾക്കും പിടികിട്ടാത്ത ഒരു പടം അവതരിപ്പിച്ചുകൊണ്ട് ഞങ്ങൾ അദ്ദേഹത്തിൻെറ വൈകുന്നേരത്തെ ശീട്ടുകളി തകരാറാക്കിയിരിക്കയാണെന്നും സൈ്വരമായി കളിക്കുവാൻ ഉത്തരം കിട്ടിയാൽ തരക്കേടില്ലെന്നും അറിയിച്ചു.

"ഇതെവിടെയാണ്"? അഥവാ "ഇതാരാണ്?" എന്നീ ഫോട്ടോകളോടുകൂടി കഴിയുന്നത്ര വാർത്താചിത്രങ്ങളും പ്രതിവാരം പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾ പരിശ്രമിച്ചിരുന്നു. പക്ഷെ ഇത് വല്ലാത്തെ വിഷമം പിടിച്ചൊരു ജോലിയാണ്. ഒന്നാമതായി ഞങ്ങൾക്കൊരു ഫോട്ടോ ഗ്രാഫറെ കിട്ടേണ്ടതുണ്ട്. അയാളിൽ നിന്നും ഒരു കോപ്പിവാങ്ങി ഉടൻ ഫിലാഡൽഫിയയിലേക്കയച്ച് ബ്ലോക്കുണ്ടാക്കണം. ഇതിന്ന് അധികം ചിലവു വേണ്ടം എന്നാൽ വായനക്കാരെ സംബന്ധിച്ചേടത്തോളം ഇതെല്ലാം തികച്ചും അഭികാമ്യമാണ്.

പരസ്യത്തിന്ന് പ്രചാരമുണ്ടാക്കുവാൻ വേണ്ടി, ഓരോ ആഴ്ചയും 'ആർകീവി'ലെ ഒരു പരസ്യത്തിൽ ഒരു വരിക്കാരൻെറ

പേർ ഒളിച്ചുവെച്ച് തന്റെ പരസ്യത്തിൽ കാണുന്ന പേരു കാരനു് ഒരു ഡോളർ സാധനമായോ പണമായോ കൊടുക്കുവാൻ ഓരോ പരസ്യക്കാരനെയും ഞങ്ങൾ പ്രേരിപ്പിച്ചു. ഓരോ ആഴ്ചയും കാർഡ് ഫയലിൽനിന്നു് ഓരോ പേർ കണ്ണടച്ച് പുറത്തെടുത്തു. രണ്ടുകാര്യങ്ങൾ ഇതുകൊണ്ടുണ്ടായി. ഞങ്ങളുടെ വരിക്കാരെല്ലാം പരസ്യം മുഴുവൻ വായിക്കുവാൻ തുടങ്ങി; അങ്ങിനെ പരസ്യക്കാൎക്ക് തങ്ങളുടെ സ്റേറാറുകളിൽ പുതിയ കക്ഷികളെ ലഭിച്ചു. തെരുവിൽകൂടി പോകുന്നവർ ആർകീവ് അങ്ങുമിങ്ങും തിരിച്ചും മറിച്ചും നോക്കുന്നതു കാണാം. തങ്ങളുടെ പേരുകൾ കണ്ടെത്തുന്നതിൽ വരിക്കാർ പരാജയപ്പെട്ടപ്പോൾ ആനുകൂല്യം പ്രകടിപ്പിക്കുവാനഭ്യർത്ഥിച്ചുകൊണ്ടു് ഫോണിൽ വിളിക്കുന്നത് പതിവായിതീൎന്നു. ഒരു പൂക്കാരന്റെ പരസ്യത്തിൽ തന്റെ പേർ കണ്ടതിനാൽ ഒരു സ്ത്രീ ഞങ്ങളോട്ട് കോപിച്ചു.

"ഞാൻ പുഷ്പങ്ങളെ വെറുക്കുന്നു" അവൾ ഫോണിൽ കൂടി അലറി—"എന്റെ പൌത്രനുവേണ്ടി എനിക്കൊരു കളിക്കോപ്പ് വാങ്ങണം. പുഷ്പം മാത്രമേ തരുവാൻ സാധിക്കയുള്ളവെന്നാണ് പൂക്കാരൻ പറയുന്നതു്. കുട്ടിക്കുവേണ്ടി കളിക്കോപ്പ് വാങ്ങാൻ സാധിക്കയില്ലെന്നു് പറവാൻ നിങ്ങൾക്കെന്തധികാരം?"

"പെരുവിരൽ കാട്ടിയാൽ മണിക്കണ്ടം കടിക്കു"ന്ന മനുഷ്യസ്വഭാവത്തെ ഞങ്ങൾ സവ്യസനം അനുസ്മരിച്ചു.

അനന്തരം "ഡിസ്സി"; അജ്ഞാതനാമാവായ ഒരു സ്കൂൾ പെൺകുട്ടിക്ക് ആഴ്ചയിൽ ഒരു കോളം നീക്കിവെച്ചു. അവളുടെ പരിഹാസത്തിന്നു് പാത്രീഭൂതരായ അദ്ധ്യാപകന്മാരൊഴികെ എല്ലാവരും അവളെ സ്നേഹിച്ചു. "ഡിസ്സി"യുടെ വ്യംഗ്യാർത്ഥം ഗ്രഹിക്കുവാൻ ഞങ്ങൾക്ക് സാധിച്ചില്ലെങ്കിലും കുട്ടികൾ രസിച്ചതിനാൽ അത് ഞങ്ങൾ 'കത്രികക്കൊള്ളുക്ക്' വിധേയമാക്കിയില്ല. 'ബ്രൺസ്വിക്ക് സ്കൂ'ളിൽനിന്നും ഒരു പെൺകുട്ടി 'ഹെയർപി

ന്ന്' പെറുക്കിയെടുത്തുവെന്ന് പ്രസിദ്ധീകരിച്ചതുകൊണ്ട് ഞങ്ങൾ സ്കൂളിലെ പാചകവകുപ്പിൽ വല്ലാത്ത കുഴപ്പം വരുത്തിവെച്ചിരിക്കുന്നു'വെന്ന് അവിടുത്തെ പ്രിൻസിപ്പാൾ ഞങ്ങളെ അറിയിച്ചപ്പോൾ, തനിക്കതൊന്നും മനസ്സിലായിട്ടില്ലെന്നും മുതിർന്നവക്ക് മനസ്സിലാവുകയില്ലെന്നും ഉള്ള പരമാത്ഥം ബോബിന്നു് സമ്മതിക്കേണ്ടിവന്നു.

എനിക്കും ബോബിന്നും കൂടുതൽ രസകരമായി തോന്നിയത് ചെറിയ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന പേജാണ്. 'ആർകീവ്' നന്നാക്കുവാനുള്ള സമയത്തേക്കാൾ ഞങ്ങൾക്കധികമുണ്ടായിരുന്നത് അതിന്നുള്ള ആശയങ്ങളാണ്. വാത്താശകലങ്ങളുടെയും ഫോൺസന്ദേശങ്ങളുടെയും ഇടയിൽ, ഞങ്ങൾ എഴുതിയിരുന്നതെല്ലാം വളരെ ധൃതഗതിയിലായിരുന്നു. ഒടുവിൽ ഞങ്ങൾ ഇങ്ങിനെയൊരു പരസ്യം ചേർത്തു.

ഒരുനിമിഷം വെറുതെ പോവില്ല. ആർകീവിൽ ഒരു സ്ഥിരം ജോലി ഒഴിവുണ്ട്; സ്ത്രീപുരുഷഭേദമില്ല. യൌവനവും വാൎദ്ധക്യവും ഒരു തടസ്ഥമല്ല. വകതിരിവും ഉത്തരവാദിത്വബോധവും ഉണ്ടായിരിക്കണം. കണക്കെഴുത്തും ടൈപ്പിങ്ങും അറിഞ്ഞിരിക്കണം. പ്രവൃത്തിസമയം 9 മുതൽ 5 വരെയാണെന്ന് വിശ്വസിക്കാത്ത ആൎക്കും പത്രാധിപരെ നേരിട്ടുകണ്ടോ തപ്പാൽ വഴിയോ അപേക്ഷിക്കാം.

ഒരു ഹൈസ്കൂൾ ഗണിതശാസ്ത്ര അദ്ധ്യാപകൻെറ ഭാര്യയായ ബാർബറ ഫിൽമനെയാണ് ഞങ്ങൾക്ക് ലഭിച്ചത്. നീണ്ട അഞ്ചു കൊല്ലക്കാലം ഞങ്ങളുടെ ഭാരം ബാർബറ ലഘൂകരിച്ചതിനാൽ ഞങ്ങൾക്ക് കൂടിക്കാഴ്ചകൾക്കും ലേഖനങ്ങൾ പരിശോധിക്കുവാനും മററും സമയം ലഭിച്ചു. ഏഴാഴ്ചകൾ നീണ്ടുനിന്ന ഒരു പ്രത്യേക പംക്തി ബാർബറ തൻെറ വകയായി കൂട്ടിച്ചേർക്കുകയുണ്ടായി. ആദ്യത്തെ രണ്ട് "പരസ്യങ്ങൾ" ഇങ്ങിനെയാണ്.

"ഡോറിസ്! വീട്ടിലേക്ക് തിരിച്ചുവരൂ. അത്തരം ഒരു നിസ്സാര സംഗതിക്ക് വിട്ടുപോകുന്നതിൽ യാതൊരർത്ഥവുമില്ല. ഈ വീട്ടിൽ എല്ലാം താറുമാറായിരിക്കുന്നു. കുട്ടികൾക്ക് നിന്നെ ആവശ്യമുണ്ട്.

ആർതർ.

"ഡോറിസ്! നീ എവിടെയാണെന്ന് ഉടൻ അറിയിക്കുക. സകലരും പരിഭ്രമിച്ചിരിക്കുന്നു".

അവസാനത്തെ പരസ്യം

ഡോറീസ്! എല്ലാം ശരി. നീതന്നെ ജയിക്കുന്നു. നിണക്കു വേണ്ടി ഞാൻ ആർകീവിന്നു $2\frac{1}{2}$ ഡോളർ വരിസംഖ്യ അടക്കുന്നതാണ്. അങ്ങിനെ ഏത് നാടൻ പത്രത്തേക്കാളും നല്ല ചിത്രങ്ങളോടുകൂടി, വാർത്തകളും തമാശകളും നിറഞ്ഞ ആർകീവ് നിണക്ക് വായിക്കാം! ഇനിയെങ്കിലും നീ വീട്ടിൽ വരികയില്ലെ?" ആർതർ. ആ പരസ്യം എനിക്കേറ്റവും ഇഷ്ടപ്പെട്ട പ്രചരണോപാധിയായിരുന്നു.

## പെൺകുട്ടികൾ 'ആർകീവ്'പോലെ

അവർ എപ്പോഴത്തെക്കാളും ആരോഗ്യമുള്ളവരും ശക്തരുമാണ്. അവർ കാണാൻ കൊള്ളുന്നവരാണ്. ചെല്ലുന്നേടത്തെല്ലാം അവർ വർത്തമാനം വഹിക്കുന്നു. മനസ്സിലുള്ളത് തുറന്നു പറയുവാൻ അവർക്ക് മടിയില്ല; പറവാൻ പാടുള്ളതെല്ലാം അവർ പറയുന്നു. ഓരോ ആളും അയൽപക്കക്കാരൻെറത് വിട്ട് സ്വന്തമായൊന്നു കൈക്കൊള്ളുക. ആർകീവിന്നു ഇന്നുതന്നെ വരിസംഖ്യ അടക്കുക.

നിലനില്ക്കുന്ന സഹതാപം പൊതുജന സഹതാപം ഒന്നുമാത്രമാണെന്നു 'വില്യം അല്ലൻവയിററ്' ഒരിക്കൽ എഴുതുകയുണ്ടായി. ഞങ്ങൾ കണ്ടേടത്തോളം പൊതുജനസഹതാപം ജന

വരിമാസത്തിലെ പരസ്യക്കാരെപോലെ പിട്ടത്തം കിട്ടാത്തതും പലപ്പോഴും അസ്ഥിരവുമാണ്. ആദ്യം മുതൽക്കുതന്നെ ഞങ്ങളുടെ പരിശ്രമത്തെയും ആദർശത്തേയും സംബന്ധിച്ച് ഞങ്ങളുടെ വായനക്കാർക്ക് സ്വാഭിപ്രായമുണ്ടെന്ന വസ്തുത ഞങ്ങൾ മനസ്സിലാക്കിട്ടുണ്ട്; പക്ഷെ എന്തഭിപ്രായമാണുള്ളതെന്ന് വ്യക്തമായി ധരിച്ചിട്ടില്ലെന്നു മാത്രം. പത്രം പരിഷ്ക്കരിക്കുവാൻ ഓരോ ലക്കത്തിലും പലതും കൂട്ടിച്ചേർത്തുകൊണ്ട് ഞങ്ങൾ അങ്ങേ അററം പരിശ്രമിച്ചുവെങ്കിലും പലപ്പോഴും പുററം അന്ധകാരമയമായ ഒരനുഭൂതി ഞങ്ങൾക്കുണ്ടായി. പത്രവില്പന വഡിക്കുകയും വിമർശനമില്ലാതിരിക്കുകയും ചെയ്യുമ്പോൾ ഞങ്ങൾ ശരിയായി നീങ്ങുകയാണെന്നു തോന്നി. എന്നിരിക്കിലും ഞങ്ങളുടെ പുരോഗമനം നിർണ്ണയിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നു. ഒന്നാമത്തെ മാസത്തിനുശേഷം പത്രം സ്വയം ചിലവൊപ്പിച്ചു. എന്നാൽ ഫണിബ്രൂക്കിലെ പ്രിൻറിങ്ങ് ബില്ലും വീട്ടുസാമാനങ്ങളുടെ ബില്ലും ഞങ്ങൾ അടക്കേണ്ടിവന്നു; ഒന്നും മിച്ചമുണ്ടായില്ല. പക്ഷെ പട്ടണത്തിലും ചുററുപാടും ആർകീവിനെ സംബന്ധിച്ചുള്ള അഭിപ്രായത്തിന്നാണ്, വരവിന്നല്ല ഞങ്ങൾ പ്രാധാന്യം നൽകിയിരുന്നത്.

ആയിടക്ക് തക്കമുള്ള ഒരു കാര്യത്തിൽ ബോധപൂർവ്വം തന്നെ ഞങ്ങൾ ധീരമായ ഒരു നിലപാടെടുത്തു.

## ഞങ്ങൾ തലയുയർത്തുന്നു

പിരിച്ചുവിട്ട പട്ടാളക്കാർക്ക് ബോണസ്സുകൊടുപ്പാൻ കോമൺവെൽത്ത് കടബാദ്ധ്യത അമ്പതുകോടിയാക്കി വദ്ധിപ്പിച്ചുകൊണ്ടുള്ള ഭരണഘടനാഭേദഗതി കാര്യത്തിൽ വോട്ടവകാശം രേഖപ്പെടുത്തുവാൻ ഉത്തരവാദബോധമുള്ള പൌരന്മാരെന്ന നിലയിൽ നാം നവെമ്പർ 8ാംനു- പോളിങ്ങ് ബൂത്തിലേക്ക് പോവുന്നതായിരിക്കും.

അഞ്ചുകൊല്ലത്തെ ഓവർസീസ് സർവ്വീസുള്ള ഒരു മുൻ പട്ടാളക്കാരനെന്ന നിലയിൽ ഏറിവന്നാൽ 500 ഡോളർ കിട്ടുവാൻ ഞങ്ങാംക്കർഹതയുണ്ട്. യുദ്ധാനന്തരലോകത്തിലെ ഒരു ക്ഷേമരാഷ്ട്രത്തിൽ നിലനില്പിന്നു് പട പൊരുതുന്ന ഒരു ചെറിയ വ്യാപാരിക്ക് 500 ഡോളർ ഒരു നേട്ടമാണ്, എന്നിരിക്കിലും ഈ ഭരണഘടനാഭേദഗതിയെ ഞങ്ങാം എതിർക്കുകയും, കാരണം പറവാൻ തലയുയർത്തുകയും ചെയ്യുന്നു.

ബോണസ്സിന്നനുകൂലമായി ഞങ്ങാം കേട്ട ഏകവാദം "കുട്ടികാം ഇതർഹിക്കുന്നു"വെന്നാണ്. ഭരണഘടനപ്രകാരം ഞങ്ങാംക്ക് ലഭിച്ചിട്ടുള്ള 'ഒരമേരിക്കൻ' എന്ന അവകാശത്തോടൊഴികെ മററന്തിനോടെങ്കിലും കടപ്പാടുണ്ടെങ്കിൽ അത് കുട്ടികളിൽ ഒരുവൻ എന്ന നിലയിൽ നാം നിഷേധിക്കുന്നു. യുദ്ധകാലത്ത് രാഷ്ട്രത്തെ രക്ഷിക്കേണ്ടതു് ആ മഹത്തായ അവകാശത്തിലെ ഒരു ചുമതല മാത്രമാണ്. ഞങ്ങളുടെ സേവനത്തിൽ അഭിമാനിക്കുന്നതോടൊപ്പം, യുദ്ധത്തിൽ മുറി പററിയവക്കും അംഗഭംഗം വന്നവക്കും വേണ്ടതെല്ലാം കിട്ടുന്നുണ്ടോ എന്ന പ്രശ്നം മാത്രമേ ഞങ്ങളെ അലട്ടുന്നുള്ളു.

'പെൻസിൽവേനിയാ ബോണസ്സ് പദ്ധതി'യെ ഞങ്ങാം പ്രത്യേകമായും എതിർക്കുന്നു. നികത്തുവാൻ യാതൊരു മാർഗ്ഗവുമില്ലാതെ ഇതു് സ്റ്റെയിററ് കടം ഏകദേശം മൂന്നിരട്ടിയായി വദ്ധിപ്പിക്കും. ചില പിരിച്ചുവിട്ട പട്ടാള സംഘടനകളുടെ നേതാക്കന്മാരെന്തുപറഞ്ഞാലും, നികുതി ചുമത്തുകയെന്നല്ലാതെ പൊതുകടം വീട്ടി തീക്കുവാൻ മററു യാതൊരു മാർഗ്ഗവും ഇതേവരെ കണ്ടെത്തീട്ടില്ല. മുൻപട്ടാളക്കാരും നികുതി അടക്കേണ്ടതുണ്ട്.

ഗവമ്മേണ്ടിൻെറ അനേകം ചിലവിനങ്ങളിലൊന്നാണ് ബോണസ്സ്. ഇപ്പോഠം ആലോചനയിലിരിക്കുന്ന പദ്ധതിക്ക് ഗവമ്മേണ്ടിൻെറ ആകെ ചിലവിൻെറ മൂന്നിലൊരു ഭാഗത്തോളം

കൂടുതൽ വേണ്ടിവരുമെന്നു് കണക്കാക്കിയിരിക്കുന്നു. മററൊരു ഭാഷയിൽ പറഞ്ഞാൽ, ഈ പദ്ധതി നടപ്പിൽ വരികയാണെങ്കിൽ മുൻ പട്ടാളക്കാരടക്കം സാധാരണക്കാർ മാസത്തിൽ ഒരാഴ്ച ജോലി ചെയ്യുന്നത് 'അങ്കിൾസാ'മിന്നു് വേണ്ടിയായിരിക്കും.

'മൂക്കററം കട'മുള്ള ഒരു കുടുംബത്തെപോലെ ഈ തീരുമാനം നിരാകരിക്കയോ നിർത്തിവെക്കുകയോ ആണു് അമേരിക്കൻ കുടുംബത്തിന്നു് നല്ലതു്. കാരണം ഇതില്ലെങ്കിലും തല്ക്കാലം നമുക്കു കഴിഞ്ഞുകൂടാം.

അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുവാൻ മററുള്ളവർക്കുള്ള അവകാശത്തെ ഞങ്ങൾ മാനിക്കുന്നതോടൊപ്പം പതിവുപോലെ അത്തരം അഭിപ്രായപ്രകടനത്തിന്നു് ഞങ്ങളുടെ പംക്തികൾ നീക്കി വെക്കുകയും ചെയ്യുന്നു. ഏതായാലും ഈ നിലയിൽ, ബോണസ്സിൻെറ അനുകൂലികളുടെ വാദഗതിയെ മാനിക്കുന്നുവെന്നു് ആത്മാർത്ഥതയോടുകൂടി പറയുവാൻ ഞങ്ങൾക്കു് സാദ്ധ്യമല്ല. നമ്മുടെ സ്റ്റെയിററ് നാഷനൽ ഗവൎമ്മെണ്ടുകളിൽ സ്വാധീനതയുള്ള ഒരു വൎഗ്ഗത്തിൻെറ സൂത്രത്തിലുള്ള ഒരു നടവടിയാണിതു്.

ഈ നിലയിൽ, സ്റ്റീം റോളറിനെ നേരിടുവാനുള്ള "ദരിദ്രരാഷ്ട്രീയ"മായി ഇതു് ഗണിക്കപ്പെടുന്നു. ഈ സ്കീം അഭിലഷണീയമല്ലെന്നു് അഭിപ്രായമുള്ള പല പൊതുജനസ്നേഹികളും "നിങ്ങളെന്തിനു് തല നീട്ടുന്നു"വെന്നന്വേഷിക്കുകയാണു്. ഇതു് തെററാണെന്നു് ഞങ്ങൾ വിചാരിക്കുന്നു; അതുകൊണ്ടു് ഞങ്ങളിതിനെ എതിൎക്കുന്നു.

നേടുന്നതിലെത്രയോ അധികം കാലാന്തരത്തിൽ നഷ്ടപ്പെടുന്ന ഈ പദ്ധതിയെ ശരിവെക്കുന്നതിന്നുമുമ്പായി ഇതിനെപററി ഇരുന്നാലോചിക്കുവാൻ മുൻ പട്ടാളക്കാരും അല്ലാത്തവരുമായ ഓരോ ആളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഫലമോ, ചില വരിക്കാർ നഷ്ടപ്പെട്ടു; ഭേദഗതി പാസ്സാവുകയും ചെയ്തു!

എന്നാൽ വേറൊരുഘട്ടത്തിൽ ഞങ്ങളെടുത്ത നിലപാട് കൂടുതൽ വിഷമം പിടിച്ചതും ശ്രദ്ധേയവുമായിരുന്നു. ഒരു വ്യാഴാഴ്ച രാവിലെ പത്രം പ്രസിദ്ധീകരിച്ചു ഞങ്ങൾ വെളിയിലേക്ക് വന്നപ്പോൾ അന്തരീക്ഷം പ്രക്ഷുബ്ധമായിരുന്നു. ഒമ്പതു മണിയോടുകൂടി 375. കോപ്പി വിററഴിച്ചശേഷം ഞങ്ങളുടെ പ്രധാന വില്പനക്കാരനായ സാം ചാററസ് കൂടുതൽ കോപ്പികൾക്കുവേണ്ടി ആവശ്യപ്പെടുകയായിരുന്നു.

"അല്ലാ, നിങ്ങൾ 'സെൻറർസ്റ്റായറി'ൽ 50 റാത്തൽ വെടിമരുന്നു'വെച്ച്' തീ കൊളുത്തിയാലും മതിയായിരുന്നു" സാം ബോബിനോടു പറഞ്ഞു. ബോബിന്നൊന്നും മനസ്സിലായില്ല.

"ആ ഒഴിപ്പിക്കൽ കേസ്സാണ്—"സാം പറഞ്ഞു. "ചില വൻതോക്കുകൾ ഇതിലുൾപ്പെട്ടിട്ടുണ്ട്. അവക്കിത് നല്ലവണ്ണം പിടിക്കുമെന്നു തോന്നുന്നില്ല.

ബോബ് വിശദീകരിച്ചു "അതൊരു സാധാരണ വാത്തമാത്രമാണ്. പകുതിയോളം വൃത്തികെട്ട വസ്തുതകൾ ഞാൻ വിട്ടുകളഞ്ഞിട്ടുമുണ്ട്."

സാം അത്ഥഗർഭമായി ചിരിച്ചു—"ശരി, അച്ചടിയിൽ ഇത് ഗൌരവമുള്ളതായി തോന്നുന്നു. പട്ടണത്തിൽ നമുക്കൊരു പത്രമുണ്ടെന്നു് ജനസാമാന്യം അറിഞ്ഞിരിക്കട്ടെ."

'ക്രൂരനായ ജന്മി മുൻപട്ടാളക്കാരനെ ഒഴിപ്പിക്കുന്നു'വെന്ന തലക്കെട്ടിലുള്ള ആ കഥ സിററി പത്രങ്ങളിൽ പ്രതിദിനം പ്രത്യക്ഷപ്പെടുന്ന തരത്തിലുള്ളതായിരുന്നു. എന്നാൽ ഒരു ചെറിയ പട്ടണത്തിൽ അത്തരം ഒരു ജന്മിയില്ലെന്നു് ആളുകൾ കരുതുന്നു. നാടൻ പത്രപ്രവത്തനത്തിൻെറ ഈ സൂക്ഷ്മസ്വഭാവം

ഞങ്ങൾ നിരീക്ഷിച്ചു. അദ്ധ്വാനശീലനും ഡൌണിങ്ങ് ടൌണിലെ യാഥാസ്ഥിതികരുടെ ഇടയിൽ "ചുകപ്പനും" ആയിരുന്നു ഒഴിപ്പിക്കലിന്നു് വിധേയനായത്. ഒരു ഉരുക്കുമിൽ തൊഴിലാളിസംഘടകനായ അദ്ദേഹത്തിൽനിന്നു് നേരിട്ടുതന്നെയാണു് ഞങ്ങൾക്കു് കാര്യം കിട്ടിയതു്. 'പത്രാധിപക്കുള്ള കത്തുകളി'ൽ അദ്ദേഹം ഞങ്ങളെ എതിർത്തുകൊണ്ടു് ഒരിക്കൽ എഴുതിയിരുന്നെങ്കിലും താൻ ഒഴിപ്പിക്കപ്പെട്ട സംഗതി പ്രസിദ്ധീകരിക്കുകയും ഇക്കാര്യത്തിൽ സഹായം അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടു് അദ്ദേഹം പെട്ടെന്നു് ഒരു ദിവസം ഓടിവന്നു. തന്റെ കാര്യം ശരിയായും ഭംഗിയായും വിവരിക്കുവാൻ, മററനേകം തൊഴിലാളി നേതാക്കളെപോലെ അദ്ദേഹത്തിന്നും വശമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ വീട്ടിലെത്തിയപ്പോൾ, ഡെപ്യൂട്ടിഷരിഫ് ഒഴിപ്പിക്കൽ കടലാസ്സുകൾ പതിക്കുന്നതാണു് ഞങ്ങൾ കണ്ടതു്. അയൽവാസികളെല്ലാം വേലിക്കു് വെളിയിൽ തലയിട്ടു സംഗതികൾ മുഴുവൻ സശ്രദ്ധം നിരീക്ഷിക്കുന്നതും ഞങ്ങൾ സൂക്ഷിച്ചു. 'സുഖക്കേടായി കിടക്കുന്ന അദ്ദേഹത്തിന്റെ ഭാര്യയെ ഒരു നിലയിലും അനക്കുവാൻ പാടില്ലെ'ന്നു് കുടുംബഡാക്ടർ പുറത്തുവന്നുപറഞ്ഞപ്പോൾ കാര്യങ്ങൾക്കു തല്ക്കാലമൊരു ശമനമുണ്ടായി. അപ്പോഴേക്കു പട്ടണംമുഴുവൻ പരന്നുകഴിഞ്ഞ സംഗതികളെ കൂട്ടിയിണക്കുവാൻ ഞങ്ങളെ വിട്ടുകൊണ്ടു് അസുഖകരമായ ആ പരിതസ്ഥിതിയിൽ നിന്നും ഷെറീഫും കാരം മോചനം നേടിയിരുന്നു.

താഴത്തെ നിലയിൽ ഭാര്യാസമേതം താമസിച്ചിരുന്ന ടൌൺ പോലീസ്സ് മേധാവിയുടെതായിരുന്നു സ്ഥലം. നിയമപരിപാലനത്തിൽ കണിശക്കാരനായ അദ്ദേഹം തന്റെ കുടിയാനെയും അയാളുടെ രാഷ്ട്രീയത്തേയും ഇഷ്ടപ്പെട്ടില്ല. കുടിയാന്റെ മകൾ അരക്കുന്ന ശബ്ദം തന്റെ തലക്കുമീതെയും കുളിക്കുന്ന വെള്ളം കുഴലിന്നുപുറത്തുകൂടി ഒഴുകി തന്റെ വാസസ്ഥലത്തും വരുന്നതു് അയാൾക്കു് രസിച്ചില്ലത്രെ. വാടകനിയമം അ

നുവദിക്കുന്നതിലും രണ്ടോ മൂന്നോ ഇരട്ടി വാടകക്ക് സ്ഥലം ഒരു സ്നേഹിതന്ന് കൊടുക്കാനവസരം ലഭിക്കുന്നതുവരെ മേൽ പറഞ്ഞ ബുദ്ധിമുട്ടുകൾ പോലീസ്സ് മേധാവി ധരിച്ചിട്ടില്ലെന്ന് കരുതിയ ചില അയൽപക്കക്കാരും ഉണ്ടായിരുന്നു.

കുറെ മാസങ്ങൾക്കു മുമ്പുതന്നെ യുദ്ധം പ്രഖ്യാപിക്കപ്പെട്ടതിനാൽ വ്യക്തിപരമായ ഏററുമുട്ടലിന്നുള്ള മൂലകാരണം അറിവാൻ സാധിച്ചില്ല. ഇരുവരുടേയും ഭാൎയ്യമാർ തമ്മിലുള്ള കലഹവും പോലീസ്സ് ചീഫ് വെള്ളം തിരിച്ചുവിടുന്നതും അലക്കുമെഷീൻ പൂട്ടുന്നതും അദ്ദേഹത്തിൻെറ കുടിയാന്മാരുടെ സന്ദർശകന്മാൎക്കു പാൎക്കിങ്ങ് ടിക്കററ് കൊടുക്കുന്നതുപോലും അയൽപക്കക്കാൎക്ക് സുപരിചിതമാണ്. തനിക്കും കുടുംബത്തിന്നും ജീവിതം അസുഖമയമായതിനാൽ, അദ്ധ്വാനിക്കുന്നവൻെറ അവകാശസംരക്ഷകനായ ആ ഉരുക്കുതൊഴിലാളി നിയമം കയ്യിലെടുക്കുവാൻ തന്നെ തീച്ചപ്പെടുത്തി; അയാളെ എന്തു ചെയ്തും പുറത്താക്കുവാൻ പോലീസ്സ് ചീഫും.

ഷെറീഫും ഡോക്ടരും ഓടുന്നകാറും സംബന്ധിച്ച സംഗതികളെപററി സ്പർശിച്ചതല്ലാതെ മേൽ വിവരിച്ച പ്രധാന വിവരങ്ങളൊന്നും ധൃതിയിൽ എഴുതേണ്ടിവന്ന, ഞങ്ങളുടെ റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഞങ്ങൾ അങ്ങിനെയൊരു റിപ്പോർട്ടു പ്രസിദ്ധീകരിച്ചതിൽതന്നെ പട്ടണം ആശ്ചൎയ്യപ്പെട്ടു.

“ചീഫ് നിങ്ങളുടെ നേരെ തിരിയുവാൻ ഭാവിക്കയാണെന്ന് നിങ്ങൾ ധരിച്ചിട്ടുണ്ടോ?” ഞങ്ങൾക്ക് മുന്നറിയിപ്പ് കിട്ടി “തെററിയാൽ അദ്ദേഹം ഭയങ്കരനാണ്. രാഷ്ട്രീയ നേതാക്കന്മാരിൽ അദ്ദേഹത്തിന്നുള്ള സ്വാധീനശക്തി വമ്പിച്ചതും!”

അനന്തരം ഞങ്ങൾ ചീഫിനെ സമീപിച്ചപ്പോൾ അദ്ദേഹം ശാന്തനായി കാണപ്പെട്ടു. ഞങ്ങളുടെ നേരെ യാതൊരു നീരസവും പ്രകടിപ്പിച്ചില്ല. പിന്നീട് സംഭവിച്ചതിലൊന്നും ഞങ്ങൾ തീരെ ശ്രദ്ധയെടുത്തിട്ടുമില്ല.

ഒരു ദിവസം സായാഹ്നത്തിൽ കുറെ താമസിച്ച് ബോബ് ജോലി ചെയ്യുകയായിരുന്നു. പെട്ടെന്നു് രാഷ്ട്രീയകാര്യവുമായി ബന്ധമുള്ള ഒരാറം കടന്നു വന്നു. അയാറം പലപ്പോഴും അവിടെ കടന്നു വരാറുണ്ടായിരുന്നു. അപ്രധാനമായ മുഖവുരകറംക്കുശേഷം ആഗതൻ ചുററും നോക്കി പറഞ്ഞു: "നിങ്ങറം അറിഞ്ഞിട്ടുണ്ടാകുമെന്നു ഞാൻ കരുതുന്നു. അവർ നിങ്ങളെ പട്ടണത്തിൽനിന്നു ഓടിക്കാനൊരുങ്ങുകയാണ്."

"എന്തു്! ആരാണീ 'അവർ'?" ബോബ് ജിജ്ഞാസപൂണ്ടു.

"ജനങ്ങറം; വലിയ ആളുകറം. നിങ്ങറംക്കെന്തോ തകരാറുണ്ടെന്നു് അവർ പറയുന്നു. നിങ്ങറം "ചുകപ്പനാണുപോൽ" അയാറം രഹസ്യമായി പറഞ്ഞു.

ആ കൂടിക്കാഴ്ച അവസാനിക്കാറായപ്പോറം, പേടിച്ച് വിറക്കുന്നതിനുപകരം ബോബ് പൊട്ടിച്ചിരിക്കയാണ് ചെയ്തതു്.

"ഇതു് വിശ്വസിക്കാമോ?" ബോബ് ചോദിച്ചു.

"പത്രാധിപന്മാരെ പട്ടണത്തിൽനിന്നു് ഓടിക്കുവാൻ ശ്രമിച്ചതിനാൽ പത്രത്തിൻെറ കോപ്പികറം ഇയ്യിടയിൽ ഇരട്ടിച്ചിട്ടുണ്ടു്."

ഒരു വല്ലായ്മയോടെ ആ സ്നേഹിതൻ "അവക്കു്" വിവരം കൊടുക്കാൻ വേണ്ടി തിരിച്ചുപോയി. ഇതിനെപ്പററി കൂടുതൽ ഞങ്ങറം പിന്നീടൊന്നും കേട്ടതേയില്ല.

ഒഴിപ്പിക്കൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് ഒരാഴ്ച കഴിഞ്ഞതിനുശേഷം, സംഘടനയിൽ പെടാത്ത ആറു മുൻ പട്ടാളക്കാർ ഒപ്പിട്ട 'പത്രാധിപക്കുള്ള ഒരു കത്ത്' ഞങ്ങറംക്കു് ലഭിച്ചു. അവരിൽ ചിലക്കു് ഒഴിപ്പിക്കപ്പെട്ട ആളെ പരിചയമില്ലെങ്കിലും ഒരു സഹജീവിയോടു് അന്യായമായി പെരുമാറിയ പോലീസ്സ് മേ

ധാവിയുടെ നിന്ദ്യമായ സ്വഭാവത്തെ അവർ ചൂണ്ടിക്കാട്ടി. നൂറു വാക്കുകൾ മാത്രം അടങ്ങിയതാണെങ്കിലും അത് ഞങ്ങൾക്കെഴുതുവാൻ സാധിക്കുന്ന ഏതു് മുഖപ്രസംഗത്തേക്കാളും രണ്ടിരട്ടി ശക്തവും രൂക്ഷവും ആയിരുന്നു. തങ്ങളുടെ പേരെഴുതി ഒപ്പിട്ട ആ "ആൺകുട്ടികളുടെ" ധൈര്യത്തിൽ ഞങ്ങൾ ആശ്ചര്യപ്പെട്ടു. കൊച്ചു പട്ടണത്തിലെ ജനങ്ങൾ അഭിപ്രായം പരസ്യമായി പ്രകടിപ്പിക്കുന്നതിൽ വിമുഖരായിരുന്നുവെന്നാണ് ഞങ്ങൾ ഇതുവരെ ധരിച്ചതു്.

ഒരാൾക്കെങ്കിലും താമസിയാതെ ഇതിൻെറ പ്രതിഫലം കിട്ടി. സമുദായത്തിന്നുവേണ്ടി വലിയ കാര്യം നേടുവാൻ സധൈര്യം പൊരുതുന്ന ഒരു പുതിയ യുവജനസംഘടനയുടെ സ്ഥാപകനും പ്രമുഖനുമായിരുന്നു ഇദ്ദേഹം. ആ സംഘടനക്ക് എല്ലാവരുടേയും, വിശിഷ്യ വ്യവസായതല്പരരുടെ സഹായം ആവശ്യമായിരുന്നു. താമസം വിനാ വികസിക്കുന്ന ഈ സംഘടന വിപ്ലവാശയങ്ങളുടെ പ്രവത്തനകേന്ദ്രമാണെന്നും ആ നിലയിൽ യാതൊരനുഭാവവും അർഹിക്കുന്നില്ലെന്നും പറയപ്പെട്ടു. കുററക്കാരൻെറ രാജി ആവശ്യപ്പെടുവാൻവേണ്ടി ഒരു ഡയരക്ടർയോഗം വിളിച്ചുകൂട്ടി. ഭാഗ്യവശാൽ ബുദ്ധിജീവികൾ വിജയിച്ചു; ആ തീ കെട്ടടങ്ങി, "വിപ്ലവകാരൻ" ഡയരക്ടർ പിന്നീട് പ്രസിഡണ്ടും സമുദായത്തിൽ ഒരു ബഹുമാന്യവ്യക്തിയും ആയിത്തീർന്നു.

ഒഴിപ്പിക്കൽ കേസ്സിൽ ഓരോ ആളും പക്ഷം പിടിച്ചു. ഈ ശത്രുത നീങ്ങുവാൻ തികച്ചും ഒരു കൊല്ലക്കാലം വേണ്ടിവന്നു. പോലീസ്സ് മേധാവിയെപ്പററി പല അപവാദങ്ങളും പരന്നിരുന്നു. അയാളുടെ പണത്തിൻെറ ആധിക്യവും ഭയങ്കരമായ സ്വഭാവവും കത്തുന്ന തീയിൽ എണ്ണയൊഴിക്കുകയും ചെയ്തു.

അയാളെ കുറിച്ചുള്ള കഥകൾ തുടരുവാൻ ബോബിനോട് പലരും അഭ്യർത്ഥിച്ചുവെങ്കിലും, നിസ്സാരസംഗതിയിൽ സമ്മർദ്ദം

വരുത്തുന്ന മാററം ഇപ്പോഠം ഞങ്ങഠം ഗ്രഹിച്ചതിനാൽ ബോബ് അതിനൊന്നും കൂട്ടാക്കിയില്ല. വളച്ചൊടിക്കാത്ത റിപ്പോർട്ട് അപ്പടി പ്രസിദ്ധപ്പെടുത്തുന്നതിലും എല്ലാ പാർട്ടികളേയും അനു സ്വാരപര്യന്തം ഉദ്ധരിക്കുന്നതിലും ബോബിന്നു സമ്മതമാണ്. അതു നഗ്നമായ യാഥാത്ഥ്യം വെളിപ്പെടുത്തുവാൻ പര്യാപ്തവും മുഖപ്രസംഗങ്ങളേക്കാഠം ഫലപ്രദവുമാണ്. ഞങ്ങഠം വിലമതിച്ചിരുന്ന അഭിപ്രായം പട്ടണത്തിൻെറ അഭിപ്രായമായിരുന്നു. ഇരുളടഞ്ഞ മൂലയിൽ വെളിച്ചം വീഴുന്നതിൽ അതു വിജയിച്ചു. ഒടുവിൽ പോലീസ് മേധാവി രാജിവെച്ചൊഴിഞ്ഞു.

എപ്പോഠം എങ്ങിനെ മുഖപ്രസംഗംകൊണ്ടു പൊരുതണ്ടമെന്നതാണ് പത്രക്കാരെ വിഷമിപ്പിക്കുന്ന ഏററവും ബുദ്ധിമുട്ടുള്ള പ്രശ്നങ്ങളിലൊന്നു്. ആഹ്വാനങ്ങളേക്കാഠം ഫലപ്രദവും സമുദായത്തിന്നു് ഗുണകരവും, മൃദുവായ സംസ്സാരമാണെന്നു് അനുഭവത്തിൽനിന്നു് ഞങ്ങഠം മനസ്സിലാക്കി.

വായനക്കാക്ക് അഭിരുചിയുണ്ടാക്കുവാൻ ആവുംവിധം പ്രവത്തിച്ചുകൊണ്ടു പത്രം പുറത്തുവരുന്നതോടുകൂടി മെല്ലെ മെല്ലെ മാററങ്ങളും സംഭവിക്കുന്നുണ്ടായിരുന്നു. ആദ്യമായും വലിയ വലിയ പ്രവൃത്തികഠം ചെയ്‌വാനാണ് ഞങ്ങഠം ഉത്സാഹിച്ചത്. ‘മെല്ലെ തിന്നാൽ മുള്ളും തിന്നാം’ എന്ന തത്വം ഞങ്ങഠം സാവധാനത്തിൽ കണ്ടുപിടിച്ചു.

ഓരോ മാസത്തിലും ഒന്നാമത്തെ തിങ്കളാഴ്ച രാത്രി ബോബിന്നു് ബറോകൌൺസിൽ യോഗത്തിൽ ഹാജരാവണം. പട്ടണത്തിലെ ജലവിതരണത്തിലുള്ള കുഴപ്പങ്ങളെപ്പററി എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുമ്പോഴും നിയമസംഗതികളെപററി വക്കീൽ പ്രസംഗിക്കുമ്പോഴും ഉണന്നിരിക്കുവാൻ ബോബിന്നു് ബുദ്ധിമുട്ടുണ്ടായിരുന്നു. പക്ഷെ ഈ യോഗങ്ങഠം പ്രധാനവും വിശദമായി റിപ്പോർട്ട് ചെയ്യപ്പെടേണ്ടതുമായിരുന്നു. ഇവിടെനിന്നു് കിട്ടുന്ന കാര്യങ്ങഠം വെച്ചാണ് ആർകീവിൽ ഒരു പുതിയ പംക്തി

ളുടങ്ങാൻ ഞങ്ങൾക്ക് സാധിച്ചതു്. കൌൺസിൽ പ്രസിഡണ്ടി ന്നു് ഈ പംക്തി അത്ര രസിച്ചിരുന്നില്ല. എങ്കിലും ഇന്നു് പ്രധാന റോഡുകളിൽ "സ്റ്റോപ്പ്"ടയാളങ്ങൾ വെച്ചിട്ടുണ്ടെങ്കിൽ, മുൻസിപ്പാൽ ഭരണം കൂടുതൽ നന്നായിട്ടുണ്ടെങ്കിൽ, ഇതിനെല്ലാം ഉത്തരവാദിത്വം ഞങ്ങളുടെ പംക്തിക്കുണ്ടായിരുന്നു.

ആർകീവിൻെറ പരിശ്രമഫലമായാണു് അവിടെ ഒരു 'ക്രിസ്തുമസ്സ്കമ്മററി' രൂപവൽകരിച്ചതു്. ക്രിസ്തുമസ്സിന്നുമുമ്പു് ഒരു 'സാൻറാക്ലസ്സ്'' പാർട്ടി സംഘടിപ്പിച്ചു് അവിടെ വെച്ചു് കുട്ടികൾക്കു് കളിക്കോപ്പുകളും ദരിദ്രകുടുംബങ്ങൾക്കു് ഭക്ഷണവും വസ്ത്രവും മധുരപലഹാരങ്ങളും വിതരണം ചെയ്യുകയായിരുന്നു ഈ കമ്മററിയുടെ ചുമതല.

നഗരവ്യാപകമായ ഒരു ആദായവില്പനദിനം സംഘടിപ്പിക്കാനും ഞങ്ങൾ പ്രോത്സാഹനം നൽകി. വ്യാപാരികളെല്ലാം ഒരുതരം പരുക്കൻ സ്വഭാവക്കാരായിരുന്നതിനാൽ ഒരൈകമത്യമുണ്ടാക്കുവാൻ വിപുലമായ പരിശ്രമവും പ്രേരണയും ആവശ്യമായിവന്നു. പുതുതായി സ്ഥാപിച്ച വർത്തകമണ്ഡലത്തിൻെറ സഹായത്തോടുകൂടി വില കുറക്കുകയും വിലപേശൽ അനുവദിക്കുകയും ചെയ്‌വാൻ വ്യാപാരികളെ പ്രേരിപ്പിക്കുവാനും തദ്വാരാ ചുററുപാടുമുള്ള നാട്ടുമ്പുറങ്ങളിൽനിന്നു് പുതിയ ഇടപാടുകാരെ പട്ടണത്തിലേക്കാകർഷിക്കുവാനും സാധിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന ഈ ആദായവില്പനക്കിടയിൽ ഞങ്ങൾക്കു പററിയ ഒരു പിശകിൽനിന്നും ആർകീവിൻെറ പ്രചാരം എത്ര വലുതാണെന്നു് തെളിഞ്ഞു.

ഒരു പെട്രോൾ ബങ്കിൻെറ പരസ്യത്തിൽ, 'ഒരു ഗാലൻ എണ്ണ വാങ്ങുന്ന ആൾക്കും അഞ്ചു ഗാലൻ ഗ്യാസ്സ്' സൌജന്യമായി നൽകുന്നതാണെന്നു് ഞാൻ കാണിച്ചിരുന്നു. 'അഞ്ചുഗാലൻ ഗ്യാസ്സോടുകൂടി ഒരു ഗാലൻ എണ്ണ സൌജന്യം" എന്നായിരുന്നു പ

രസ്യത്തിൻെറ ശരിയായ രൂപം. പക്ഷെ അച്ചടിക്കുമ്പോഠം ഞ ങ്ങഠംക്കൊരു പിശകു പററി. തെററ് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടപ്പോഠഴെക്കും സ്ഥിതി നിയന്ത്രണാതീതമായിരുന്നു. പത്രം ത യാറാക്കി കെട്ടി പോസ്റ്റാഫീസിൽ എത്തിച്ചപ്പോഠം കാര്യം ഇത്ര അപകടം പിടിച്ചതാണെന്നു് ഞാൻ മനസ്സിലാക്കിയില്ല.

പത്രം പുറത്തിറങ്ങി അധികം താമസിച്ചില്ല, പെട്രോഠം ബങ്കുടമ എഡ്പീററർസൺ വലിയ പരിഭ്രമത്തോടേ ഞങ്ങഠംക്ക് ഫോൺ ചെയ്തു—"ഇവിടെ നൂറുകണക്കിൽ കാറുകഠം നില്ക്കുന്നു. വാഹനങ്ങളെക്കൊണ്ടുള്ള കുഴപ്പം നീക്കം ചെയ്യുവാൻ പോലീസിനെ വിളിക്കേണ്ടി വന്നിരിക്കുന്നു. ഇപ്പോഠം നിങ്ങഠം തന്നെ ഇവിടെവന്നു് നിങ്ങഠംക്ക് തെററു വന്നുപോയതാണെന്നു് ഒരു നോട്ടീസെഴുതി ഒട്ടിക്കുന്നില്ലെങ്കിൽ ഒരു മണിക്കൂറിനുള്ളിൽ ഞാൻ പാപ്പരായ് പോകും".

"ആർകീവി"ന്നു് തെററു പററിയതാണെന്ന പ്ലേകാർഡ് ഞങ്ങഠം തയാറാക്കുമ്പോഠഴെക്കും ഒരു കൃഷി ആയുധവ്യാപാരിയായ മേക്ക് ഗോവൻ ഒരു ട്രാക്ടറിൽ കയറിവന്നു് വിളിച്ചുപറയുകയാണു്—"ഇതാ, എൻെറ പക്കലുള്ള സകല മോട്ടോർ യന്ത്രങ്ങളും ഞാൻ കെട്ടിയെടുത്തിവിടെ കൊണ്ടുവന്നിട്ടുണ്ടു്. ഈ തെരുവിൻെറ അങ്ങേ അററം വരെ കിടക്കുന്നതുനോക്കൂ."

കാറുകഠംക്കു പിന്നിൽ ട്രാക്ടറുകളും നെല്ലുകുത്തുയന്ത്രങ്ങളും ഫാംട്രക്കുകളും നീണ്ടുകിടന്നിരുന്നു. "ഞാൻ നിർവ്യാജം വ്യസനിക്കുന്നു. ഇതു് ഞങ്ങളുടെ തെററാണു്. എങ്ങിനെയെങ്കിലും ഇതു് ശരിപ്പെടുത്താം" ഞാൻ കിതച്ചുകൊണ്ടു മറുപടി പറഞ്ഞു.

ഒരു ചിരിയോടുകൂടി മേക്ക്ഗോവൻ എൻെറ ചുമലിൽ തട്ടികൊണ്ടു് സമാശ്വസിപ്പിച്ചു. "ഇതൊരു രസമാണു്.

നിങ്ങൾക്ക് തെററുപററിയതാണെന്നെനിക്കറിയാം". പമ്പിനു മുമ്പിൽ വരിയായി നിന്ന കാറുകൾ നോക്കികൊണ്ട് വീണ്ടും "പക്ഷെ ഇതു് നോക്കു. ഇവിടെ വന്നിട്ടുള്ള എല്ലാവരും ആർകീവ് വായിക്കുന്നുണ്ടെന്നല്ലെ അനുമാനിക്കേണ്ടത്?"

പട്ടണത്തിന്നു് ആർകീവ് എന്തു് സേവനമാണ് ചെയ്തിട്ടുള്ളതെന്നു് കൃത്യമായി പറയുവാൻ ഞങ്ങൾക്ക് സാധ്യമല്ല. അനേകം സന്താനങ്ങളുള്ള ഒരു കുടുംബത്തിലെ മാതാപിതാക്കന്മാരുടേതുപോലെ ഞങ്ങളുടെ ജോലിക്കും നന്ദിയില്ലായിരുന്നു.

കുട്ടികൾ ശുചിത്വം പാലിക്കുകയും സൽസ്വഭാവികളാവുകയും ചെയ്യുമ്പോൾ മാതാപിതാക്കൾ നല്ലൊരു കൃത്യം ചെയ്തുവെന്നു് പറയാം; പക്ഷെ ഇതിനെ പററി ദുർല്ലഭമായേ കേൾക്കാറുള്ളു.

ഉപയോഗപ്രദമായ വ്യവസായത്തെ സഹായിക്കുകയും നഗരസഭയുടെ ഗുണവും ദോഷവും പൊതുജനങ്ങളെ അറിയിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ പത്രം സ്വന്തം ചുമതല നിർവ്വഹിക്കുന്നുവെന്നു് പറയാം. എന്നാൽ ഒരു തറവാട്ടമ്മയുടെ ദിനകൃത്യങ്ങൾക്ക് പ്രസിദ്ധീകരണവും പ്രശംസയും ലഭിക്കാത്തപോലെ പത്രത്തിൻെറ പ്രാധാന്യവും ശ്രദ്ധിക്കപ്പെടുന്നില്ല. മാത്രമല്ല, സദുദ്ദേശം പോലും ചിലപ്പോൾ മാർഗ്ഗഭ്രംശം വന്നതായി ഗണിക്കപ്പെടുന്നു. ഞങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പലതുമുണ്ടായിരുന്നു. വിധിനിർണ്ണായകമായ പരിതസ്ഥിതിയിൽ ഞങ്ങളുടെ അനുഭവഹീനതയെ പററി സ്വയം ബോദ്ധ്യമുണ്ടായിരുന്നു. "ഉയർന്ന ചിന്തയും താഴ്ന്ന പ്രവൃത്തിയും മനുഷ്യസഹജമാണ്." ഞങ്ങൾ തെററ് ചെയ്യുന്നു. ദുരുദ്ദേശമെന്യെ ഞങ്ങളെഴുതിയ റിപ്പോർട്ടുകൾ വ്യക്തിപരമായ അവഹേളനമായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. ഞങ്ങൾ അങ്ങിനെ ഒരിക്കലും കരുതിയിരിക്കയില്ല. ചിലപ്പോൾ

ജനങ്ങൾ ഞങ്ങൾക്കെന്നപോലെ ഞങ്ങൾ ജനങ്ങൾക്കും വില ങ്ങനെ നിന്നിരുന്നു.

ഞങ്ങൾ ഇരുവരും ചേൻ ചർച്ച നടത്തുന്നതുകൊണ്ട് ദുഷ്ഭാലം തരണം ചെയ്യാനുള്ള ശക്തിയുണ്ടാവുന്നു. പോലീസ്സുകാരെപോലെ നാടൻ പത്രാധിപക്കും സാധാരണയായി പലതും കൂടുതലായി അറിയാം, അറിയുന്നതെല്ലാം അവക്ക് പുറത്തു പറഞ്ഞുകൂട.

നിഷ്പക്ഷത പാലിക്കുവാനുള്ള ഞങ്ങളുടെ പരിശ്രമത്തെ പലപ്പോഴും ഞങ്ങൾ തെററിദ്ധരിച്ചു. ഉദാഹരണമായി, പോലീസ്സു മേധാവിയെ മോശമായ വെളിച്ചത്തിൽ വീക്ഷിച്ചുകൊണ്ടുള്ള ഒഴിപ്പിക്കൽകഥയുടെ പ്രസിദ്ധീകരണത്തിന്നുശേഷം കുറച്ച് കഴിഞ്ഞ് അദ്ദേഹത്തിൻെറ ഉത്തരവാദിത്വബോധത്തെ പ്രകീത്തിച്ചുകൊണ്ട് മറെറാരു കഥ ഞങ്ങൾ പ്രസിദ്ധീകരിക്കയുണ്ടായി.

അയോഗ്യവും അശ്ലീലവുമായി കണക്കാക്കപ്പെട്ടിട്ടും, കയ്യേററം ചെയ്യപ്പെടാതെ പരമ്പരാഗതമായി നിലനിന്നുവരുന്ന ഈ നാട്ടിൽ കള്ളുക്കണക്കിൻെറയും ചൂതാട്ടത്തിൻെറയും മൂന്ന് കേന്ദ്രങ്ങൾ സ്റ്റേയിററ് പോലീസ്സ് പെട്ടെന്ന് ആക്രമിക്കുകയുണ്ടായി.

തദ്ദേശഭരണ—പൌരകാര്യങ്ങളിൽ ആഴ്ച്ചയിൽ നാലോ അഞ്ചോ സായാഹ്നങ്ങൾ ബുദ്ധിപൂർവ്വമായും ന്യായമായും വ്യയം ചെയ്യുന്ന ചുരുക്കം ചില വ്യക്തികളിലൊരാളായ ബജ്ജസ് ലിയോ ഹാമിൽടൻ, ഹൈസ്കൂൾകുട്ടികളിൽ കതിരപ്പന്തയം വദ്ധിച്ചുവരികയാണെന്ന് മനസ്സിലാക്കി. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്നും പക്ഷെ 'ആക്രമണം' നടത്തുന്നത് തദ്ദേശഭരണോദ്യോഗസ്ഥന്മാരെക്കൊണ്ടാകരുതെന്നും അദ്ദേഹം തീരുമാനിച്ചു. അങ്ങിനെ ഹാമിൽടൻ ഹാരിസ്ബർഗ്ഗിൽചെന്ന് സ്റ്റേയിററ് പോലീസ് തലവനെകണ്ട് സംഭാഷണം നടത്തുകയും, കേവലം അ

ജ്ഞാതമായ ഒരു പ്രവർത്തകസംഘത്തെ അയപ്പാൻ അദ്ദേഹം സന്നദ്ധനാവുകയും ചെയ്തു. വരാനിരിക്കുന്ന ആക്രമണത്തെക്കുറിച്ച് ഹാമിൽടൻ, പോലീസ്സ് മേധാവിയോടും ബോബിനോടും മാത്രമാണ് സംസാരിച്ചത്. മററാരും ഇതറിയുകയില്ല. "സംഗതി ഏതെങ്കിലും നിലയിൽ ചോർന്നുപോവുകയാണെങ്കിൽ പോലീസ്സ് മേധാവിയെപ്പററി കേൾക്കുന്ന ഊഹാപോഹങ്ങൾ വാസ്തവമാണെന്ന് നമുക്ക് തീർച്ചയാക്കാം" ഹാമിൽടൻ ബോബിനോടു പറഞ്ഞു.

വാർത്ത ചോർന്നുപോയില്ല. രണ്ടുമാസക്കാലം മൂന്നു പേരും രഹസ്യം സൂക്ഷിച്ചതിന്നുശേഷം നിർബ്ബാധം 'റെയിസ്' നടന്നു. ഇതിൻെറ പാശ്ചാത്തലവും ഇതിൽ പോലീസ് തലവനുള്ള പങ്കും ആണ് ബോബ് തൻെറ കഥയിൽ വിവരിച്ചത് ഈ പത്രം പുറത്തുവന്നതിൻെറ പിറെറ ദിവസം, മാസങ്ങൾക്കുമുമ്പ് ബോബിനെ "ചുകപ്പ"നാണെന്ന് വിളിച്ച മനുഷ്യൻ കടന്നുവന്ന് ഒരു പരസ്യം നൽകി. ഞങ്ങളെ കാണാതെ കഴിക്കുവാൻ നിരത്തുമുറിച്ച് കടന്നുപോയവർ വലിയ "ഹല്ലോ"കളോടുകൂടി കടന്നുവന്നു. അതോടൊപ്പം ഞങ്ങളുടെ ഇടതുപക്ഷസ്നേഹിതന്മാർ ചുററിക്കൂടുന്നതു് നില്ക്കുകയും ചെയ്തു.

ആരെയെങ്കിലും തകരാറിലാക്കുന്ന ഒരു സംഭവം അച്ചടിക്കാതിരിപ്പാൻ പലരും ഞങ്ങളോടഭ്യർത്ഥിച്ചു. അപ്രധാനവാർത്തയാണെങ്കിൽ ഞങ്ങളതിന്ന് പ്രസിദ്ധീകരണം നൽകിയില്ല. പട്ടണമാകെ ജിജ്ഞാസയോടെ ചർച്ചചെയ്യുന്ന വാർത്തയാണെങ്കിൽ ഞങ്ങൾ പ്രസിദ്ധീകരണം തടഞ്ഞുമില്ല.

നിങ്ങളുടെതോ നിങ്ങൾ വിശ്വസിക്കുന്നതോ ആയ ഒരു കാര്യത്തിന്നുവേണ്ടി അധികംസമയം പ്രവർത്തിക്കുന്നതിൽ, ചിലപ്പോൾ കഴിവിന്നതീതമായി പരിശ്രമിക്കുന്നതിൽ പലപ്പോഴും ഒരുതരം സന്തോഷമുണ്ട്. വിവിധ ജനങ്ങളും അവരുടെ പ്രശ്നങ്ങളുമായുള്ള അടുത്ത സഹകരണത്തിൽനിന്നു് ഒരുത്തേജനമുണ്ടാ

വുന്നു. അന്തർപ്രകാശം പരിജ്ഞാനം നൽകുന്നു. പരിജ്ഞാനത്തിൽ മുഷിച്ചലിന്നു് സ്ഥാനമില്ല; ഉത്സാഹവും ഉന്മേഷവും മാത്രം. വിചാരിക്കാത്ത സ്ഥലത്തുനിന്നാണു് ചിലപ്പോഠം സന്തോഷവും സംതൃപ്തിയുമുണ്ടാവുന്നത്. ഒരു പട്ടണത്തെയും അതിലെ ജനങ്ങളെയും ബാധിക്കുന്നവയിലെല്ലാം പങ്കെടുക്കുന്നതുകൊണ്ടു് വ്യക്തമായ വസ്തുതകഠംക്കപ്പുറം മനുഷ്യസ്വഭാവത്തിന്നു് പ്രേരണ നൽകുന്ന അടിസ്ഥാനസംഗതികഠം നാം കണ്ടെത്തുന്നു.

ഞങ്ങളുടെ പത്രപ്രവർത്തനജീവിതത്തിൽ കണ്ടിട്ടുള്ള ഏററവും വലിയ തീപ്പിടുത്തം ഉണ്ടായത് 1947 ഫിബ്രവരിയിലെ ഒരു തണുത്ത പ്രഭാതത്തിലാണു്; ദൂരവ്യാപകമായ പലതും അതിൽനിന്നുണ്ടായി. പട്ടണത്തിന്നു രണ്ടു നാഴിക അപ്പുറത്ത് 'ഡൌണിങ്ടൌൺ വ്യാവസായിക കാർഷികസ്കൂഠം' എന്ന പേരിൽ അറിയപ്പെടുന്ന നീഗ്രോസ്കൂഠം സ്ഥിതിചെയ്യുന്നു. സാമുദായിക ലഹള, സാമ്പത്തിക വിഷമത, നിയമവുമായുള്ള സംഘട്ടനം മുതലായവയെ അതിജീവിച്ചു് ഈ സ്കൂഠം .നീഗ്രോബാലന്മാക്ക് വിദ്യാഭ്യാസം ലഭിക്കുവാൻ 1905-ൽ ചില പൌരബോധമുള്ള മന്ത്രിമാർ സ്ഥാപിച്ചതായിരുന്നു.

ഒരു രാവിലെ വിദ്യാർത്ഥികളുടെ താമസസ്ഥലവും ക്ലാസ്സുമുറിയും ആകെ തീപ്പിടിച്ചു. കുട്ടികളുടേയും അദ്ധ്യാപകന്മാരുടെയും സാധനങ്ങളോടുകൂടി തങ്ങളുടെ അനേകവർഷത്തെ അക്ഷീണപരിശ്രമവും അഭിലാഷങ്ങളും വെണ്ണീറായി പോകുന്നതായി പ്രിൻസിപ്പാഠം എച്ച്. എൻ. വാറിങ്ങിന്നും അദ്ദേഹത്തിൻെറ ഭാര്യക്കും തോന്നി. സ്കൂഠം പൂട്ടിയിടേണ്ടുന്ന നിലവന്നു.

ഒരാശ്ചര്യമുണ്ടായി; മനുഷ്യത്വത്തിൻെറ ആന്തരമായ നന്മയിലുള്ള സംശയം തുടച്ചുനീക്കുന്ന ഒരു സംഭവം. ഉദ്ദേശം അരശതാബ്ദകാലം സ്കൂളിനെ മാററിനിർത്തിയ വംശീയപ്രതിരോധങ്ങളെ നിലംപതിപ്പിച്ചുകൊണ്ടു് അഗ്നിദേവൻ പട്ടണത്തെ

തട്ടിയുണർത്തി. ഭക്ഷണവും വസ്ത്രവും പുസ്തകങ്ങളും നിറച്ച കാറുകൾ വന്നണഞ്ഞു. ഞങ്ങളുടെ ഭൂമിയിൽ നീഗ്രോവിദ്യാർത്ഥികൾക്ക് പണ്ടുപണ്ടേ പ്രവേശനം നിഷേധിച്ച സമീപസ്ഥരായ നിലമുടമകൾ, പാർപ്പിടം നിർമ്മിക്കുന്നതുവരെ ഞങ്ങളുടെ കൂടെ ആ കുട്ടികളെ പാർപ്പിക്കുവാൻ തയാറായി. കെട്ടിടനിർമ്മാണത്തിന്ന് പണം പിരിക്കുവാൻ ഒരു കമ്മററി രൂപീകരിച്ചു. കഴിഞ്ഞ കുറെ കൊല്ലമായി വാറിങ്ങ് ദമ്പതികൾ ചെയ്യുന്ന സമുദായസേവനത്തെ കുറിച്ച് ആർകീവിലെ ലേഖനവും 'സാററർഡെ ഈവിനിങ്ങ് പോസ്റ്റി'ലെ കുറിപ്പും വെളിച്ചം വീശി. സ്കൂളിൻെറ ചരിത്രത്തിൽ ഇദം പ്രഥമമായി കെട്ടിടനിർമ്മാണത്തിന്ന് ഗവർമ്മേണ്ടിൽ നിന്ന് ഒരു ലക്ഷത്തി അമ്പതിനായിരം ഡോളർ കിട്ടുകയും ചെയ്തു.

1951 ആദ്യത്തിൽ ഒരു വെള്ളിയാഴ്ച ഉച്ചക്ക് മറെറാരത്ഭുതം സംഭവിച്ചു. ഞങ്ങൾ ഉച്ചഭക്ഷണത്തിന്നു തയാറാവുകയായിരുന്നു. പെട്ടെന്ന് വാതിൽതുറന്നുകൊണ്ട് പേപ്പർ കമ്പനി പ്രസിഡണ്ടും മാനേജരും 'ചെയിമ്പർ ഓഫ് കോമേഴ്സ് റീടെയിൽ കമ്മററി' ചേർമേനും മററ ചില പൌരമുഖ്യരും കടന്നുവന്നു. അവക്ക് വേണ്ട ഭക്ഷണപ്പൊതികളും കൊണ്ടുവന്നിരുന്നു.

"ഡൌണിങ്ങ് ടൌണിന്നുവേണ്ടി ഞങ്ങൾക്കെന്ത് ചെയ്യാൻ കഴിയുമെന്നറിവാൻ വന്നതാണ്"—അവർ പറഞ്ഞു.

ഞങ്ങളുടെ പ്രധാന പ്രതീക്ഷ, പ്രത്യക്ഷീകരിച്ച ഒരു പ്രസ്താവനയായിരുന്നു അത്. പട്ടണത്തിൻെറ ചരിത്രത്തിലാദ്യമായി, സമുദായവുമായി അടുത്ത സഹകരണം സ്ഥാപിക്കേണ്ടുന്ന ആവശ്യകത വ്യവസായത്തിന്നു മനസ്സിലായി; പരിഷ്കരിച്ച വില്പനസമ്പ്രദായം ചില്ലറവ്യാപാരികൾക്കും. 'ആർകീവ്' ഓഫീസ്സിൽ ചേന്ന ഈ ഒന്നാമത്തെ സമ്മേളനത്തിൽവെച്ച് 'സുഹൃൽസംഘടന' ജന്മമെടുത്തു.

മുൻസിപ്പാൽ ഓഫീസ്സിൽവെച്ചാണ് രണ്ടാമത്തെ യോഗം ചേർന്നത്. ആദ്യത്തെ അംഗങ്ങൾ അന്ന് ക്ഷണിക്കപ്പെട്ട അതിഥികൾക്ക് ലഘുഭക്ഷണം നൽകി. ആക്ഷേപം ബോധിപ്പിക്കുന്നതു് സ്വീകരിക്കുവാനും അവയ്ക്കു് പരിഹാരം തേടുന്നതിന്നും വേണ്ടി ഈ രണ്ടാം സമ്മേളനത്തിൽവെച്ച് 'അവശതാ കമ്മററി' രൂപീകരിക്കപ്പെട്ടു. വർഗ്ഗബോധത്തെ കുറിച്ച് ഒരു നീഗ്രോ എഴുതിയ ആക്ഷേപമാണ് ആദ്യദിവസംതന്നെ എടുത്തതു്. പട്ടണത്തിൽ വർഗ്ഗസൌഹാർദ്ദം വളർത്തുവാൻവേണ്ടി പ്രവർത്തിപ്പാൻ നീഗ്രോകൾ അടക്കമുള്ള ഒരുപകമ്മററി തിരഞ്ഞെടുക്കുകയായിരുന്നു ഇതിൻെറ പരിണതഫലം. തെരുവ് വിളക്ക്, എച്ചിൽനീക്കംചെയ്യൽ മുതലായവയെ സംബന്ധിച്ച ആക്ഷേപങ്ങളിൽ വേണ്ടതു് ചെയ്യുവാൻ കൌൺസിൽ അംഗങ്ങളെ ഭാരമേല്പിച്ചു.

തങ്ങളുടെ സ്റ്റോറുകൾ വിട്ടുപോരുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞ് ലഘുഭക്ഷണയോഗങ്ങൾക്ക് സംശയാലുക്കളെന്നകച്ചവടക്കാർ വരാതിരുന്നപ്പോൾ എല്ലാ ചൊവ്വാഴ്ചയും രാവിലെ 8 മണിക്ക് കോട്ടേജ് റസ്റ്റോറൻറിൽവെച്ച് പ്രാതൽ തീർച്ചപ്പെടുത്തി. ലഘുഭക്ഷണാനന്തരം പൌരപ്രധാനികൾ പ്രാദേശികപ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. പണ്ടുപണ്ടെ പട്ടണത്തിന്നുള്ളിൽ ഒളിഞ്ഞുകിടപ്പുള്ള സംഗതികൾ വെളിക്കുവന്നു. കടലാസ്സുകമ്പനിയുടെ പ്രവർത്തനത്തിലുള്ള ചില തകരാറുകൾ എടുത്തുകാട്ടി. ഈ സമ്പ്രദായത്തെപററി യാതൊരറിവുമില്ലാതിരുന്ന കടലാസ്സുകമ്പനി ഈ തകരാറുകൾ അവസാനിപ്പിക്കാൻ ഉടനടി നടപടി എടുത്തു. തൊഴിലാളികളും മുതലാളികളും മന്ത്രിമാരും വ്യാപാരികളും ഈ പ്രഭാതയോഗങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങി.

ഈ റീതിയാനം ആർകീവിൻെറ കാര്യക്ഷമതയുടെ പ്രത്യക്ഷോദാഹരണമായിത്തീർന്നു. നീണ്ടകാലത്തെ പത്രപ്രവർത്തനം വ

ഴിയായി പ്രാദേശികപ്രശ്നങ്ങളെ പ്രത്യക്ഷമാക്കാനും അനുകൂല മായ ഒരന്തരീക്ഷം സൃഷ്ടിക്കുവാനുമല്ലാതെ ഞങ്ങൾക്ക് തറി യെ ഒരു 'സുഹൃൽസംഘടന' രൂപീകരിക്കുവാൻ ഒരിക്കലും സാ ധിക്കുകയില്ലായിരുന്നു. പട്ടണത്തിന്റെ പരിപൂർണ്ണമായ പിൻ ബലമില്ലെങ്കിൽ കൂടുതൽ പ്രവർത്തിപ്പാനുണ്ടാവുകയില്ല; പത്രത്തി ന്ന് തനിയെ വല്ലതും ചെയ്‌വാൻ സാദ്ധ്യവുമല്ല. നിലവിലുള്ള അടിയുറച്ച സമ്പ്രദായത്തെ ഇളക്കുവാൻ പര്യാപ്തമാവാത്ത വെ റും നിസ്സാര സംഗതിയെക്കുറിച്ച് റിപ്പോർട്ട് ചെയ്യലാണ്; വാ സ്തവത്തിൽ ഞങ്ങളുടെ പ്രവൃത്തിയിൽ തൊണ്ണൂററൊമ്പതു് ശത മാനവും എന്നിരിക്കിലും നിസ്സാരസംഗതികൾ എത്ര പ്രബല മാണ്! അവയാണ് ജനങ്ങൾ. അവരാണ് ഞങ്ങളുടെ വിഷ യം. അപ്പോൾ അധൈര്യത്തിന്നോ അശുഭചിന്തക്കോ വിരാ ഗഭാവത്തിന്നോ വശംവദരാവുകയാണെങ്കിൽ നാടൻ പത്രാധി പരെന്നല്ല, മനുഷ്യജീവികളെന്ന നിലപോലും അതോടെ അവ സാനിക്കുമല്ലോ.

ഒരു നാടൻപത്രത്തെസംബന്ധിച്ച ഞങ്ങളുടെ സ്വപ്ന ത്തിൽ വരിക്കാരുടെ പട്ടിക ശരിയാക്കിവെക്കാനുള്ള കണക്കുപു സ്തകങ്ങളൊന്നും ഉൾപ്പെട്ടിരുന്നില്ല. അതിന്നൊന്നും ഞങ്ങൾ കേ വലം ഒരുങ്ങാതിരുന്നതിനാൽ ഞങ്ങളുടെ കണക്കെഴുത്ത് ഭാരം നന്നെ കുറഞ്ഞു. എല്ലാം ഭാരവും എന്റെ തലയിൽ ഏല്പിച്ചു കൊണ്ട്, ഡോക്ടരുടെ ഉപദേശമനുസരിച്ച് 1947 മദ്ധ്യത്തിൽ ബോബ് വിശ്രമാർത്ഥം രണ്ടാഴ്ചക്കാലം ഒരു കടൽയാത്ര ചെയ്ത പ്പോഴാണ് കൃത്യമായ കണക്ക് സൂക്ഷിക്കാത്ത അവസ്ഥ മൂർദ്ധന്യ ദശപ്രാപിച്ചതു.

ബോബ് കപ്പലിൽ സുരക്ഷിതമായി കഴിയുമ്പോഴാണ് ക ണക്കുപരിശോധിക്കുവാനെന്നറിയിച്ചുകൊണ്ട് സുമുഖനായ ഒരു ചെറുപ്പക്കാരൻ ഓഫീസ്സിൽ കടന്നുവന്നതു്. ബോബിന്റെ അ

സാന്നിദ്ധ്യത്തിൽ ഒന്നും വഷളാക്കരുതെന്ന് കരുതി ഞാൻ ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു "അങ്ങിനെയോ? നല്ലത്."

എന്നാൽ ഇത്, നന്നായിരുന്നില്ല. എൻെറ ഭർത്താവ്, സ്ഥിരംപത്രാധിപർ ഇവിടെയില്ലെന്നും, താൻ സംസാരിക്കുന്നതിനെപററി എനിക്ക് യാതൊരെത്തുംപിടിയുമില്ലെന്നും ഒടുവിൽ പറഞ്ഞവസാനിപ്പിക്കേണ്ടിവന്നു. മദ്ധ്യവേനൽ കല്പനകാലത്ത് ഞങ്ങളെ സഹായിക്കാൻ കിട്ടിയ രണ്ട് ഹൈസ്ക്കൂൾ വിദ്യാത്ഥികളുടെ സാന്നിദ്ധ്യവും എൻെറ ഈ മറുപടിയും കറങ്ങിക്കൊണ്ടിരിക്കുന്ന പത്രങ്ങളും എഴുത്തുകളും ആഗതനെ അധൈര്യപ്പെടുത്തി. എന്നാൽ മന്ദനായ കുട്ടിയുടെ ക്ഷമാശീലനായ അദ്ധ്യാപകനെപോലെ അയാൾ, ഫയർ കമ്പനിയിൽനിന്നും ഞങ്ങൾ കടം വാങ്ങിയ കസേലമേൽനിന്നു് ടെലിഫോൺ പുസ്തകങ്ങൾ മാററിവെച്ച് ഇരുന്നുകൊണ്ട് താൻ വരുന്നത് എ. ബി. സി. (ഓഡിററ് ബ്യൂറോ ഓഫ് സക്കുലേഷൻ) യിൽനിന്നാണെന്നു് വിവരിക്കുവാൻ തുടങ്ങി.

"നിങ്ങളുടെ ഭർത്താവ് മെമ്പർഷിപ്പിന്നപേക്ഷിച്ചിട്ടുണ്ട്" അയാൾ പറഞ്ഞു. മേൽപുരയുടെ നടുവിൽ ഘടിപ്പിച്ച വിളക്കിന്മേൽ തൂങ്ങുന്ന ചിലന്തിവലനോക്കിക്കൊണ്ട് അയാൾ തുടന്നു. "എന്തിനാണെന്നെനിക്കറിവില്ല. നിങ്ങളുടെ പത്രത്തിന്നു് വലിയ പ്രചാരമൊന്നുമില്ല, അല്ലേ?"

"എ. ബി. സി! അങ്ങിനെയൊന്നിനെപററി മുമ്പൊരിക്കലും ഞാൻ കേട്ടിട്ടില്ല"—ചൊടിച്ചുകൊണ്ട് ഞാൻ മറുപടി പറഞ്ഞു.

"ശബ്ദം കേൾക്കുമ്പോൾ പരസ്യകാര്യത്തിൽ ഇതിന്നെന്തെങ്കിലും ചെയ്‌വാനുണ്ടെന്നു് തോന്നുന്നു. അങ്ങിനെയാണെങ്കിൽ നാട്ടിൽ ഏററവും അധികം വിതരണമുള്ള വാരികയാണെന്നു് ഉറപ്പുതരുവാൻ എനിക്കു സാധിക്കും."

ഒരു നെട്ടവീപ്പോട്ടുകൂടി കണക്കുപരിശോധകൻ തല കല്ല ക്കിയുറിച്ചുനോക്കിക്കൊണ്ട് തൻെറ കോട്ടഴിച്ചുവെച്ച് ഷർട്ടി ൻെറകൈമടക്കി വെക്കുവാൻ തുടങ്ങി.

പത്രങ്ങളുടേയും മാസികകളുടേയും കൃത്യമായ വില്പനസട്ടി ഫൈ ചെയ്യുന്ന ഒരു വലിയ സംഘടനയാണ് 'ഓഡിററ് ബ്യൂ റോ ഓഫ് സർക്കുലേഷൻ' എന്നും, ഏററവും അധികം ഉഷ്ണമുള്ള ആ ദിവസം ന്യൂയോക്കിൽനിന്നും ഇത്രയും ദൂരം വന്നെത്തിയ നി ലയിൽ, താമസിച്ചാലും തന്നെ ഏല്പിച്ചുചുമതല കൃത്യമായി ചെ യ്യുകയാണ് നല്ലതെന്നും അയാരം പറഞ്ഞു.

"നിങ്ങളുടെ വിതരണറിക്കാർഡുകരം കാണാമല്ലോ"—പ ഴുക്കെയെങ്കിലും അയാരം വ്യക്തമായി പറഞ്ഞു.

വരിക്കാരുടെ പേരും മേൽവിലാസവും എഴുതിയ കാർഡു കരം എടുത്തുകൊണ്ട്, ഈ പത്രം കെട്ടിപ്പടുക്കുവാനുള്ള പരിശ്ര മത്തിൽ ഞങ്ങരം ഏകരാണെന്നും, അത്യദ്ധ്വാനം പതനത്തിലേ ക്ക് നയിക്കുന്ന ഒരു സന്ദർഭത്തിൽ നല്ലൊരന്തരീക്ഷം തേടി ക ടൽയാത്ര ചെയ്യുവാൻ ബോബ് നിർബ്ബന്ധിതനായതാണെന്നും ഞാൻ വ്യക്തമാക്കി.

"ഇനി എന്തെങ്കിലും മനസ്സിലാകാതെയുണ്ടെങ്കിൽ ചോദി ച്ചാൽ എനിക്കറിയുന്നത് ഞാൻ പറഞ്ഞുതരാം" ഞാൻ പ റഞ്ഞു.

ഒരു ഞരക്കം കേട്ടപ്പോരം ഞാൻ പത്രാധിപപംക്തി യിൽ ഏകാഗ്രതയോടെ മുഴുകിയിരുന്നു.

"ഇതൊന്നു് നോക്കണേ!"—'നിധികിട്ടിയതുപോലു'ള്ള ഒര ത്ഭുതം അയാളുടെ ശബ്ദത്തിൽ പ്രതിധ്വനിച്ചിരുന്നു.

ഓരോ കാർഡിൻെറയും മുകളിൽ ഇടതുവശം പേരും മേൽ വിലാസവും തീയതിയും വരിസംഖ്യ അവസാനിക്കുന്ന തീയതി

യുടെ സൂചനയും കാണാം. ഇതിൽ യാതൊരു പിഴയും ഞാൻ കണ്ടില്ല; അങ്ങിനെ പറയുകയും ചെയ്തു.

"എന്നാൽ ഈ പെൻസിൽ അടയാളങ്ങൾ നോക്കൂ''—തല യിൽ കൈവെച്ചുകൊണ്ടു് എ. ബി. സി. മനുഷ്യൻ സാദ്ധ്യസനം തുടന്നു. "നിങ്ങളുടെ ഭർത്താവു് കല്ലനയെടുത്തു് പോയതിൻെറ കാരണം എനിക്കിപ്പോൾ മനസ്സിലായി. അദ്ദേഹം സമർത്ഥനാ ണെങ്കിൽ ഇനി ഒരിക്കലും മടങ്ങിവരികയില്ല"

ഓരോ കാർഡിലും ഓരോ അടയാളകുറിപ്പുകൾ കാണാ മായിരുന്നു. അവക്കെല്ലാം വ്യക്തമായ അർത്ഥം ഞങ്ങൾക്കണ്ടു്. എന്നാൽ ഞങ്ങളുടെ ഓഡിററക്കു് അവ മേശവലിപ്പിൽനിന്നു് ഇരിഞ്ഞുകയറുന്ന തേളുകളായി തോന്നി. ഒന്നിൽ എഴുതിയി രുന്നു—"ഇതു് അയാൾ കൊടുത്തതാണു്." മറെറാന്നിൽ "ബേ ങ്കിൻെറ പരിസരത്തിൽനിന്നു് ബോബിൻെറ കയ്യിൽ കൊടു ത്തിട്ടുണ്ടെന്നു് അവർ പറയുന്നു." മററുള്ളതിൽ "പണം അയ ക്കുന്നതാണു്;" "ഇതു് ഹൈസ്ക്കൂളിൽ കൊടുത്തുവെന്നു് പറ യുന്നു;" "ശമ്പളം കിട്ടുന്ന ദിവസം അടച്ചുകൊള്ളാം;" "രണ്ടു പ്രാവശ്യം അടച്ചിട്ടുണ്ടെന്നു് പറയുന്നു."

"ഈ വ്യംഗ്യാർത്ഥങ്ങളെല്ലാം എന്തിനെ കുറിക്കുന്നുവെന്നു് നി ങ്ങൾക്കറിയാമായിരിക്കാം. എനിക്കറിയുകയില്ല. മാത്രവുമല്ല, ഞാൻ കണക്കിലെടുക്കുകയുമില്ല" അയാൾ ഉദ്ധാസപരത്തിൽ പ റഞ്ഞു "ഇവയുടെ പണമടക്കപ്പെട്ടതെപ്പോഴാണെന്നാണു് എ. ബി. സി. ക്കറിയേണ്ടതു്. ആ ദിവസം തെളിയിക്കുവാൻ ഒരു ബേങ്കടവു് കുറിപ്പും ഞങ്ങൾക്കു് കാണേണ്ടതുണ്ടു്. അല്ലെങ്കിൽ ഇതൊന്നും വരിസംഖ്യയായി കണക്കാക്കുകയില്ല."

ഓരോ ആഴ്ചയും പത്രം പുറത്തിറക്കുവാനുള്ള തിരക്കിൽ കൃത്യമായ റിക്കാർഡുകൾ സൂക്ഷിക്കുവാൻ ഞങ്ങൾക്കു് സമയമു ണ്ടായിട്ടില്ലെന്നും ഞങ്ങളിലാരെങ്കിലും പുറത്തുപോകുമ്പോഴെല്ലാം

"കഴിഞ്ഞതാഴ്ചത്തെ പരസ്യത്തിൻെറ പണമിതാ" അല്ലെങ്കിൽ "എൻെറ വരിസംഖ്യയാണിത്" എന്നിങ്ങിനെപറഞ്ഞ് ജനങ്ങൾ ഞങ്ങളെ തടഞ്ഞുനിർത്തിയിരുന്നുവെന്നും ഓഫീസിലെത്തിയാൽ അതെല്ലാം എന്തെല്ലാം വകക്കാണെന്നോർമ്മിക്കാമെന്ന വിചാരത്തിൽ ആ സംഖ്യയൊക്കെവാങ്ങി കീശയിൽ സൂക്ഷിച്ചിരുന്നുവെന്നും ഞാൻ ഓഡിററരോട് പറഞ്ഞു.

അപ്പോഴെക്കം "ഇതാണോ നിങ്ങളുടെ വരിസംഖ്യ സ്വീകരിക്കുന്ന സ്ഥലം"—ഒരു സ്ത്രീ വാതലിന്നരികിൽ പ്രത്യക്ഷപ്പെട്ട് വിളിച്ചുചോദിച്ചു.

അതു തന്നെയാണെന്ന് അവരെ ധരിപ്പിച്ചശേഷം പണം വാങ്ങി അത് 'എ. ബി. സി.ക്കാരന്ന് നൽകി.

"ഇതുവാങ്ങി എന്ത് ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്? കാണിച്ചുതരൂ" ഞാൻ അയാളോട് പറഞ്ഞു.

അന്ന് ബാക്കിസമയ മുഴുവൻ അയാൾ മുഷിഞ്ഞിരുന്ന് ഞങ്ങളെ കൃത്യമായ വഴിയിൽ കണക്കെഴുവതുാൻ സഹായിക്കാൻ സരളവും നവീനവുമായ സമ്പ്രദായത്തിന്ന് അടിസ്ഥാനമിട്ടു. പിറേറദിവസം ടങ്ക് ടെലിഫോണിൽ വിളിച്ച് ഞങ്ങൾ അതെല്ലാം ശരിക്ക് ചെയ്യുന്നുണ്ടോ എന്ന് അയാൾ അന്വേഷിക്കുകയും ചെയ്തു.

ഒരു വർഷത്തിന്നും അനേകം സന്ദർശനങ്ങൾക്കംശേഷം ഞങ്ങൾ എ. ബി. സി. അംഗത്വത്തിന്ന് വിധേയരായി. ആർകീവിന്ന് വലിയൊരു ബഹുമതി ലഭിച്ചുപോലെ എനിക്ക് തോന്നി.

ഞങ്ങളുടെ കണക്കപുസ്തകങ്ങൾ ശ്രദ്ധിക്കുവാൻ വേണ്ടി ഒഴിവുസമയം ജോലിചെയ്‌വാൻ മി. പീറേറർസിനോടപേക്ഷിക്കുകയാണ് കല്പനയിൽനിന്ന് മടങ്ങിവന്ന ബോംബ് ആദ്യമായി

ചെയ്തതു്. മി. പീറേറർസ് വാസ്തവത്തിൽ പ്രഭാപ്രസരം തന്റെ രോമത്തൊപ്പിക്കള്ളിൽ ഒളിച്ചുവെച്ച സാക്ഷാൽ 'സെയിൻറ് പീററ റാ'ണെന്നു് എനിക്കു് ബോദ്ധ്യമായി.

അമ്പതുവർഷത്തിന്നുശേഷം 'പെൻസിൽവേനിയാ റെയിൽ റോഡി'ൽ നിന്നും റിട്ടയർ ചെയ്ത പീറേറർസിനു് വെറുതെയിരിക്കുന്നതു് ബുദ്ധിമുട്ടായിരുന്നു.

ഒന്നാമത്തെ ആഴ്ചക്കുശേഷം, രാവിലെ അയാറം ഞങ്ങളേക്കാറം മുമ്പു് ആഫീസ്സിൽ വന്നെത്തുകയും മിക്കവാറം വൈകുന്നേരം 5 മണിവരെ താമസിക്കുകയും ചെയ്തുതുടങ്ങി.

മി. പീറേറർസിന്റെ ആഗമനത്തോടുകൂടി ചെറിയ പരിവത്തനങ്ങറം വരുവാൻ തുടങ്ങി—"ഞാൻ റെയിൽറോഡിൽ പ്രവത്തിച്ചിരുന്ന കാലമത്രയും ഒരു ദിവസംപോലും വീട്ടിലേക്കു് പോകുന്നതിന്നു മുമ്പായി എന്റെ പ്രവൃത്തി പൂത്തിയാക്കാതിരുന്നിട്ടില്ല."

സൂചന എനിക്കും ബോബിന്നും മനസ്സിലായി. അനന്തരം മാസത്തിലൊരിക്കൽ എല്ലാ ഇടപാടുകളും ബോയിലർ പ്ലേയിററിൽ കിടക്കുന്ന കെട്ടുകളും, മറുപടിനൽകാത്ത എഴുത്തുകളും, അച്ചടി പകർപ്പുകളും, എല്ലാത്തിന്റെയും പ്രവത്തനകേന്ദ്രമായ ഞങ്ങളുടെ മേശയും വൃത്തിയായി കൈകാര്യം ചെയ്തുവന്നു.

മി. പീറേറർസിന്റെ ബോധപൂവ്വമായ നിഷേധം, ഞങ്ങളുടെ ആദ്യകാലത്തെ അസുഖകരമായ ദിവസങ്ങളിൽ കൈക്കൊണ്ട ചില സമ്പ്രദായങ്ങറക്കു് വിരാമമിട്ടു. ഉദാഹരണമായി ഇൻസ്റ്റാറംമെൻറ് സമ്പ്രദായത്തിൽ ഞാൻ വാങ്ങിയ ഒരലക്കു യന്ത്രത്തിന്റെവില, കൂപ്പൺ ബുക്ക് നഷ്ടപ്പെട്ടുപോയതിനാൽ രണ്ടു പ്രാവശ്യം അടക്കേണ്ടിവന്ന ഒരു കാലമുണ്ടായിരുന്നു. എന്റെ രണ്ടാമത്തെ ചെക്ക് കോർപറേഷൻ മടക്കി അയച്ചപ്പോറം അവ

രുടെ സത്യസന്ധതയിൽ സന്തോഷിച്ച് ഒരു പുതിയ 'റിഫ്രിജ റേററി"നുവേണ്ടി അതു് തിരികെ അയച്ചു. ഇതിനെപ്പററി കേട്ടപ്പോറം തല കുലുക്കിക്കൊണ്ടു് പീറേറർസ് പ്രകടിപ്പിച്ച അഭിപ്രായം, "റയിൽറോഡിൽ അതൊരു നല്ല പ്രവൃത്തിയായി കണക്കാക്കപ്പെടുകയില്ലെ"ന്നാണു്.

എൻെറ കൈവശമുണ്ടായിരുന്ന റിഫ്രിജറേററിന്നു് തരക്കേടൊന്നുമില്ലെങ്കിലും ദൂരദർശനത്തിൽ ഞാൻ വിശ്വസിക്കുന്നുവെന്നും അങ്ങിനെ മറെറാരു പാത്രംകൂടി കരുതിവെക്കുന്നത് നല്ലതാണെന്നും ഞാൻ പറഞ്ഞു. രണ്ടു പാത്രം സൂക്ഷിപ്പാനുള്ള വരവ് കുടുംബത്തിനില്ലെന്നാണു് കണക്കുകറം കാണിക്കുന്നതെന്നു് പീറേറർസ് അഭിപ്രായപ്പെട്ടു. വീട്ടുസാമാനങ്ങളുടെ ബില്ലുകളെല്ലാം മാസാവസാനം ശേഖരിച്ച് അവ ഒന്നായി ഒരു തൊപ്പിയിലിട്ടു് കുലുക്കി, അടച്ച് തീർപ്പാനുള്ള ഉദ്ദേശത്തോടെ ഒന്നെടുക്കുന്ന പതിവും നല്ലതല്ലെന്ന അഭിപ്രായമാണു് അദ്ദേഹത്തിന്നുള്ളതു്. ഞങ്ങറക്ക് പരിഹാസ്യമായ കത്തുകളെഴുതിയ ചില ഉത്തമർണ്ണന്മാരെ, 'മര്യാദതെററിയാൽ തൊപ്പി നറുക്കിൽ അവരുടെ പേർ ഉറംപ്പെടുത്തുന്നതേയല്ലെ'ന്നു് പറഞ്ഞുകൊണ്ടു് നിലക്ക് നിർത്തീട്ടുണ്ടെന്നറിയിച്ചപ്പോറം, 'ഇക്കാലമത്രയും റയിൽറോഡിൽ ഇത്തരമൊരനുഭവം തനിക്കുണ്ടായിട്ടില്ലെ'ന്നാണു് പീറേറർസ് മന്ത്രിച്ചതു്. ഒടുവിൽ നല്ല അടവുകളുണ്ടായിരുന്ന ഒരു ദിവസം അദ്ദേഹം ചെക്കുകളെല്ലാം എഴുതുകയും അവ ഒപ്പിടുന്നതുവരെ ഞങ്ങളുടെ കൂടെതന്നെ കഴിയുകയും ചെയ്തു. അനുഗൃഹീതനായ പീറേറർസ് നിമിത്തം ബാങ്ക് പിന്നീട് ഞങ്ങളെ വിളിക്കുകയോ തൊപ്പി പിന്നീടെനിക്കുപയോഗപ്പെടുകയോ ചെയ്തിട്ടില്ല.

1948-ലെ വസന്തം ഹണിബ്രൂക്ക് വിട്ടുപോകുന്നതാണു് നല്ലതെന്നു് ഞങ്ങളെ മനസ്സിലാക്കി. പത്രം അച്ചടിച്ച് പുറപ്പെടുവിക്കുന്നതു് അസാദ്ധ്യമായിതീൎന്നു. ആർകീവിൻെറ കൂടുതൽ കോ

പ്പികരം ഉരംകൊള്ളിക്കുവാനും മടക്കിതയ്യാറാക്കുവാനും ഓരോ ആഴ്ചയും ഞങ്ങരംക്ക് താമസം നേരിട്ടു.

ബോബ് നല്ലൊരു കെട്ടിടത്തിനുവേണ്ടി തിരഞ്ഞു. "ആർകീവ് അച്ചടിക്കുന്നതിന്ന് ഒരു സ്ഥലം കണ്ടുപിടിക്കുന്നതിൽ ആരെങ്കിലും ഞങ്ങളെ സഹായിക്കുകയില്ലേ"യെന്നന്വേഷിച്ചുകൊണ്ട് ഞങ്ങരം പരസ്യം ചേർത്തു. അഭിപ്രായങ്ങരം കുന്നുകൂടി. ഒരു കൃഷിക്കാരൻ അയാളുടെ വയ്ക്കോൽശാല വാഗ്ദത്തം ചെയ്തു. ഞങ്ങരംക്കുവേണ്ടി നല്ലൊരു സ്ഥലം തൻെറ പക്കലുണ്ടെന്ന് പറഞ്ഞുകൊണ്ടു് മറെറാരാരം ഡൌണിങ്ങ് ടൌൺ ഓഫീസ്സിലെത്തി.

"ഒന്നാംതരം സ്ഥലം"—അയാരം തുടൻ്നു.

"ഇതു് തോട്ടിന്നു് വലതുവശത്താണ് മരം മുറിച്ചു് നീക്കി വേണ്ട സ്ഥലം എടുത്തു കൊള്ളണം; അത്രമാത്രം."

"ഞങ്ങളുടെ അടുക്കൽ വരിക്കാരെത്തുന്നതെങ്ങിനെ? തോണിയിൽ കയറീട്ടോ?"—ബോബ് അന്വേഷിച്ചു.

ഒടുവിൽ പ്രധാനതെരുവിന്നു തൊട്ട്, മുമ്പൊരു കുതിരപന്തിയായിരുന്ന സ്ഥലം ഞങ്ങരം നീണ്ടകാലത്തേക്ക് ചാർത്തി വാങ്ങി.

കുപ്പിയിൽ നിന്നു് ജിന്നിനെ പുറത്തുവിട്ട അറബിയേപ്പോലെ ആയിത്തീൻ്ന ഞങ്ങരം. പ്രതീക്ഷിച്ചതിലധികം ജോലി ഞങ്ങരംക്ക് കിട്ടി. പ്രതിവാരം പത്രം പുറത്തിറക്കുക മാത്രമല്ല, കെട്ടിടത്തിൻെറ പുനർനിർമ്മാണവും പാത്രങ്ങരംക്ക് രൂപഭേദം വരുത്തലും ആർകീവ് അച്ചടിക്കുവാൻ വേണ്ടത്ര ടൈപ്പ് പെറുക്കിയെടുക്കലും ഞങ്ങളുടെ ജോലിയായിതീൻ്നു.

ബോബും 'പ്ലേൻറ് മാനേജരാ'യി ഞങ്ങളുടെക്കൂടെ ചേൻ്ന എഡ്റസ്സലും ഒരു അച്ചടിയന്ത്രം വാങ്ങുന്ന കാര്യത്തിൽ മുഴുകി അതിന്നുവേണ്ടി അവർ നാടാകെ ചുററിത്തിരിഞ്ഞു.

ഒരു ശനിയാഴ്ച 'ഫാംടക്ക്'' കടംവാങ്ങി, ആറുനാഴിക ദൂരത്തോളം ഓടിച്ചുപോയി. ഒരു ദിക്കിൽ, ഒരു പഴയ പത്തായപ്പുരയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഒരച്ചടിയന്ത്രം കണ്ടെത്തി. അന്നുരാത്രി അവർ വീട്ടിലെത്തിയത്, ഒരു പലവകവ്യാപാരി അസൂയപ്പെടുന്നവിധം മണ്ണുപിടിച്ച എണ്ണമററ സാധനങ്ങളോടും നാല്പതുവയസ്സായ ഒരു ലിനോടൈപ്പ്യന്ത്രത്തോടും കൂടിയാണ്.

ഒരു ചെറുകിട പേപ്പർബോക്സ് കമ്പനിയുടെ ഉടമയായ, ബോബിൻെറ ഒരു മച്ചനിയൻ നാല്പത്തഞ്ചുകൊല്ലം പഴക്കമുള്ള രണ്ടുപേജ് 'മിയൻപ്രസ്സം' ഇരുപത്തിരണ്ട് 'വൈഡ്ടൈപ്പ്' കേബിനററുകളും 1500 ഡോളറിനു് ഞങ്ങൾക്ക് വില്ക്കാമെന്നേററു. സാധനങ്ങൾ നല്ല നിലയിൽ കൊണ്ടുവരുവാൻ മൂന്നു മാസം വേണ്ടിവന്നു. ടൈപ്പുകൾ പെറുക്കി ശരിയായ കള്ളികളിലിടുന്നതായിരുന്നു പ്രധാന ജോലി. എട്ടും അഞ്ചും പ്രായമായ എസ്ഥിറസ്സലിൻെറയും സൂസെയുടെയുംകൂടെ സ്റ്റീവും മീയയും ജോലിചെയ്തു. വലിയ ടൈപ്പ് പെറുക്കിയെടുക്കുകയായിരുന്നു അവരുടെ പ്രവൃത്തി. എന്നാൽ അവരെക്കൊണ്ടു വലിയ സൊല്ലയായിരുന്നു. പിന്നിൽനിന്നു ഞങ്ങളുടെ തലപിടിച്ചുപറിക്കുകയും അധികസമയം കളിക്കുകയും ചെയ്തു ആ കുട്ടികൾ ഗുണത്തിനു പകരം ദ്രോഹമാണ് ചെയ്തതു്. ഒരു വൈദ്യുതോപകരണവ്യാപാരികൂടിയായ ഞങ്ങളുടെ ജന്മി ഒരു റേഡിയോവും ഐസ്ബോക്സും തന്നു. അങ്ങിനെ ആർക്കീവിൻെറ പ്രവത്തനം കാണ്മാൻ വരുന്നവൎക്കെല്ലാം സംഗീതവും ശീതളപാനീയവും നൽകി.

ബോക്സ്കമ്പനിയിൽനിന്നു് വാങ്ങിയ ടൈപ്പുകളിൽ പല മാററങ്ങളും വരുത്തിയതിനുശേഷം പ്രവ‍ത്തിക്കുവാൻ തുടങ്ങി.

ഞങ്ങളുടെ സ്വന്തം കെട്ടിടത്തിൽവെച്ച് ആർക്കീവിൻെറ ഒന്നാമത്തെ ലക്കം പുറത്തുവന്നതു് 1948 നവമ്പർ 4-ാംനു-യാണ്.

ആ ഉൽഘാടനദിവസം അദ്ധരാത്രി ഒരേ തരത്തിലുള്ള ടൈപ്പിന്നു് കുറവുനേരിട്ടു. പരസ്യത്തിൻെറ ഒടുവിലത്തെ പേജും തലവാചകങ്ങളും പൂർത്തിയായിരുന്നില്ല. ഓരോ കള്ളിയിലും കയ്യിട്ടു് ഞങ്ങൾ തിരഞ്ഞു.

"ഒരു 'എ' ചെറിയ അക്ഷരം കിട്ടാനുണ്ടോ?"—എഡ് ചോദിക്കും.

"ഇല്ല"— ഞാൻ മറുപടിപറയും. "ഞാൻ വലിയ 'പി'ക്ക് തിരയുകയാണു്; എന്നാൽ കാണുന്നതെല്ലാം 'ആർ'. 'എ' വെക്കേണ്ടുന്ന സ്ഥലത്തെല്ലാം പകരമായി 'ക്യൂ'വെച്ചു. നിലത്തുനിന്നും മൂലയിൽനിന്നും പെറുക്കിയെടുത്ത അക്ഷരങ്ങൾകൊണ്ടു് തലക്കെട്ടുകൾ നിമ്മിച്ചു. ഒരു ദേശീയപരസ്യക്കാരൻെറ ഒപ്പിന്നു് ഒഴിച്ചുകൂടാത്ത 'ഇരുപത്തിനാലുപോയിൻറ് എ' കിട്ടാതെവന്നപ്പോൾ എഡ് തൻെറ പേനക്കത്തിയെടുത്ത് ഒരു കഷണം ബോർഡിൽനിന്നും ആ അക്ഷരം മുറിച്ചെടുത്തു. അല്പം മാഞ്ഞുപോയപോലെ തോന്നുമെങ്കിലും ഈ, രൂപം കൊത്തൽവേല ഫലപ്രദമായിരുന്നു.

വ്യാഴാഴ്ച രാവിലെ 6 മണിവരെയാണു് ഞങ്ങളുടെ പോസ്റ്റൽ-സമയം. രണ്ടുമണിക്കു അവസാനത്തെ രണ്ടുപേജുകൾ പ്രസ്സിൽ തന്നെയുണ്ടു്. പ്രൂഫ് നോക്കിയപ്പോൾ അവസാനത്തെ പേജിൽ രണ്ടു പരസ്യങ്ങൾ തലകീഴ് മറിഞ്ഞു കിടക്കുന്നു! അത് ശ്രദ്ധിക്കാൻ സാധിക്കാത്തവിധം ഞങ്ങൾ അത്രയും തളൎന്നിരുന്നു. പൂർത്തിയായ ഒന്നാമത്തെ പ്രതി അച്ചടിച്ചപ്പോൾ, രണ്ടായിരത്തി മുന്നൂറു കോപ്പിയും മടക്കി സമയത്തിന്നു് പോസ്റ്റാഫീസ്സിലെത്തിക്കുവാൻ സാധിക്കുമോ എന്ന ചിന്ത മാത്രമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്.

ഞങ്ങളുടെ രണ്ടാമത്തെ ആലോചന, ഇത്രയും മോശമായി തോന്നുന്ന മറെറാരു പത്രം ഇതുവരെ കണ്ടിട്ടില്ലെന്നുള്ളതാണു്.

ഞങ്ങളതിൽ ആത്മാൎത്ഥമായും ലജ്ജിച്ചു. തനിക്കു ഹാജരാവാൻ സാധിക്കാതിരുന്ന ഒരു പൊതുയോഗത്തെപ്പററി വായിക്കുവാൻ ശ്രമിച്ച ഒരു വരിക്കാരന്നു് അതു് ഗ്രഹിക്കുവാൻ സാധിച്ചില്ല.

വൈകുന്നേരം നേരത്തെ എണ്ണമററ സ്നേഹിതന്മാരും പരസ്യക്കാരും ഞങ്ങൾക്കു് മംഗളം നേരാൻ വന്നുചേൎന്നിരുന്നു. എന്നാൽ മടക്കൽസമയമായപ്പോഴേക്കും അമ്മായിമാർ ജെന്നിയും ഫാനും അല്ലാതെ മററാരും ഉണ്ടായിരുന്നില്ല. ഞങ്ങൾ യാതൊരു മുഷിപ്പുംകൂടാതെ ജോലിതുടൎന്നു; അഞ്ചേമുക്കാലിന്നു മടക്കിതീൎത്തു. അപ്പോഴേക്കും ഞങ്ങൾ വല്ലാതെ തളൎന്നിരുന്നു.

ആറുമണിക്കു് ഒരു മിനുട്ടുള്ളപ്പോൾ ഞങ്ങൾ പോസ്റ്റാഫീസ്സിലെത്തി. കത്തുകൾ വിതരണംചെയ്യാൻ ട്രക്ക് നീങ്ങുകയായിരുന്നു. പത്രങ്ങളുടെ അവസാനത്തെ മെയിൽസഞ്ചി കാറിന്റെ പിൻഭാഗത്തു് കയററിവെക്കുന്ന എന്നേയും ബോബിനേയും ഡ്രൈവർ ഒന്നു തിരിഞ്ഞുനോക്കി.

"ഒടുവിൽ കിട്ടിയ മത്സ്യമാണ് നിങ്ങൾ"—അയാൾ അഭിപ്രായപ്പെട്ടു.

അന്നുരാവിലെ മുഖം കഴുകാൻ പോലും ക്ഷീണംകൊണ്ടു ഞങ്ങൾക്കു് സാധിച്ചില്ല.

"നിണക്കെന്തറിയാം?"—ബോബ് അഭിമാനിച്ചു.

"നമുക്ക് സ്വന്തമായ പത്രസാമഗ്രികളുണ്ടു്"—നിദ്രാവിവശനായ ബോബ് വസ്ത്രം അഴിച്ചു് മാററുവാൻപോലും താമസിക്കാതെ കിടന്നുറങ്ങി.

കളിച്ചു് ദേഹശുദ്ധിവരുത്തി സ്റ്റീവിനെ എനിക്ക് സ്കൂളിൽ കൂട്ടിക്കൊണ്ടുപോകുകയും അവൻ ഒരു വിനോദത്തിലേൎപ്പെടുന്നതു് നോക്കിയിരിക്കുകയും വേണ്ടതുണ്ടു്. ഒരുല്ലാസയാത്രക്കാരനേപ്പോ

ലെ അവൻ തൻെറ സ്ഥാനത്ത് നീങ്ങിക്കൊണ്ടിരിക്കുമ്പോഠം അതിൽ വലിയ താല്പര്യമുള്ള ഒരമ്മയെപോലെയിരിക്കാൻ ഞാൻ യത്നിച്ചു. മനഃസാക്ഷി എന്നെ നിദ്രയിൽനിന്നും അകററിനിത്തി. ഉറക്കമില്ലായ്മ, വൈവാഹികബന്ധത്തിന്നു് ഞാൻ കൊടുക്കുന്ന വിലയാണെന്നു് എനിക്കു ബോദ്ധ്യമുണ്ട്. അടിമുതൽ മുടിവരെ ക്ഷീണിച്ച് പരവശയാണെങ്കിലും, ഞാൻ കൊടുക്കാനാഗ്രഹിക്കുന്ന ഒരു വിലയാണതെന്നും അങ്ങിനെയല്ലാതെ മറെറാരുതരത്തിൽ അത് കൊടുപ്പാൻ എനിക്ക് സാദ്ധ്യമല്ലെന്നും എനിക്കറിയാം.

ഞങ്ങളുടെ അച്ചടികാര്യങ്ങഠം ക്രമാനുസൃതം അഭിവൃദ്ധിപ്പെട്ടു. എല്ലാം ഒരു സ്ഥലത്ത് കേന്ദ്രീകരിച്ചതിനാലും ആഴ്ചയിൽ ഇരുനൂറു നാഴിക സഞ്ചരിക്കാനില്ലാത്തതിനാലും ഞാംങ്ങക്ക് വലിയ ആശ്വാസമായി. ഞങ്ങഠം ബുദ്ധിമുട്ടേണ്ടതില്ല. ഭാഗ്യവശാൽ എഡ് ചില പ്രസ്സ്ജോലി സംഭരിക്കുകയും ഞങ്ങഠം ആയിരക്കണക്കിലുള്ള ചച്ച്പരിപാടികളും ലഘുലേഖകളും മടക്കുന്നതിൽ ഏപ്പെടുകയും ചെയ്തു.

ബോബ് പ്രസിഡണ്ടും ഞാൻ വൈസ് പ്രസിഡണ്ടും, എഡ് റസ്സൽ സിക്രട്ടരിയും ഖജാൻജിയുമായി 'ചെസ്റ്റർവാലിപ്രസ്സ്' എന്ന ഒരു കോപ്പറേഷൻ ഞങ്ങഠം രൂപീകരിച്ചിരുന്നു.

മാസങ്ങഠം മുന്നോട്ടുപോയപ്പോഠം, യാന്ത്രികപ്രശ്നങ്ങഠം ഞങ്ങളെ നാനാതരത്തിലും വിഷമിപ്പിച്ചു. 'ഹണിബ്രൂക്കി'ൽ ഞങ്ങഠംക്കു യന്ത്രങ്ങളുടെ ഉത്തരവാദിത്വം ഇല്ലായിരുന്നു. ഇപ്പോഠം ഞങ്ങഠംക്ക് അവസാനനിമിഷത്തിലെ അടിയന്തരാവസ്ഥയേയും സ്തംഭനാവസ്ഥയേയും അഭിമുഖീകരിക്കേണ്ടതുണ്ട്. വൃദ്ധനായ പ്രസ്സോ, ക്രുദ്ധനായ ലിനോടൈപ്പോ, വിശ്രമിക്കാത്ത വാരങ്ങളില്ലാതായി. ചിലപ്പോഠം കഴിവിൽകവിഞ്ഞ് അവർ പ്രവത്തിക്കും. മററുചിലപ്പോഠം അനേകം മണിക്കൂറുകഠം സമയം

വികാരഭരിതമായ അഭ്യർത്ഥനകളും ശുശ്രൂഷകളും നടത്തുന്നതു വരെ യാതൊരു കാരണവും കൂടാതെ അവർ 'മരിച്ചുകിടക്കും.' എന്നാൽ ഏററവും മോശം മേൽവിലാസമൊട്ടിക്കുന്ന യന്ത്രമായിരുന്നു.

ആർകീവിന്നു് വരിക്കാരനാവുന്നതു് ചിലപ്പോറം ഒരു സാഹസമാണു്. ഒരേ വരിസംഖ്യ മൂന്നു പ്രാവശ്യം ചുമത്തുന്നതും മൂന്നുകൊല്ലത്തിൽ ഒരിക്കൽമാത്രം ചുമത്തുന്നതും (ഇതു് എ. ബി. സി. ഓഡിററർമാരെ ഭ്രാന്തു് പിടിപ്പിച്ചു) സംഭവ്യമാണെന്നു് മാത്രമല്ല, വരിക്കാരൻെറ പേർ പത്രത്തിന്മേൽ ചേർക്കുന്നതിലും വിഷമങ്ങളുണ്ടായിരുന്നു.

ആദ്യമാദ്യം ഞങ്ങറം വിങ്ങ്മെയിലർ എന്നറിയപ്പെടുന്ന ഒരു യന്ത്രമാണുപയോഗിച്ചുനോക്കിയതു്. വരിക്കാരുടെയെല്ലാം പേർ ഒരു ടൈപ്പിൽ തയാറാക്കുകയും അതൊരു നീണ്ട പാത്രത്തിൽനിന്നു് വലിച്ചെടുത്തു് മെയിലറിൽ നിക്ഷേപിക്കുവാൻ ഏർപ്പാടു് ചെയ്കയുംചെയ്തു. അനന്തരം ഓപ്പറേററർ ഇതു് ഓരോ പ്രതിയിന്മേലും വെവ്വേറെ അടിച്ചു് പതിപ്പിക്കുന്നു. മാവും വെള്ളവുംകൊണ്ടു് ഞാൻ പശയുണ്ടാക്കി. ഇതു് എൻെറ ശരീരംപോലെ എപ്പോഴും വളരെ തടിച്ചിട്ടോ വളരെ നേർത്തിട്ടോ ആയിരിക്കുമെന്നാണു് ബോബിൻെറ അഭിപ്രായം. കൈനിറയെ മേൽവിലാസമില്ലാത്ത പത്രംകൊണ്ടുനടന്നു് ഊഹത്തിൽ കിട്ടുന്ന ആറംക്കു് കൊടുക്കുവാൻ വെമ്പുന്ന തപ്പാൽശിപായിയെ വിഷമിപ്പിക്കുന്ന നിലയിൽ, ഒട്ടിച്ച മേൽവിലാസം ഇളക്കി കളയുന്ന ഒരു സ്വഭാവം ഈ യന്ത്രത്തിന്നുണ്ടായിരുന്നു.

ഈ 'അടിച്ചൊട്ടിക്കൽ–ഇളക്കൽ' സമ്പ്രദായത്തിലുള്ള പ്രോത്സാഹജനകമായ ഏകവസ്തുത "ഈ ആഴ്ച, ഞങ്ങറംക്കു് പത്രം കിട്ടീട്ടില്ലെ"ന്നറിയിക്കുന്ന വരിക്കാരുടെ അലർച്ചയുടെ വേഗതയിൽനിന്നും പത്രത്തിൻെറ പ്രചാരം നിർണ്ണയിക്കുവാൻ ഞങ്ങറം

ക്ക് കഴിഞ്ഞുവെന്നതായിരുന്നു. ഞങ്ങൾ എല്ലായ്പോഴും വലിയ ആശ്ചര്യം നടിക്കുകയും നാട്ടിൻപുറങ്ങളിലുള്ള കോപ്പികൾ വ്യക്തികൾക്ക് നേരിട്ടുകൊടുക്കുവാൻ വ്യാഴാഴ്ച രാവിലെ കുറെ സമയം കാറിൽ ചുററിത്തിരിയുകയും ചെയ്തു.

പുതിയ വരിക്കാരുടെ പേരുകൾ ടൈപ്പിൽ ശരിപ്പെടുത്തണമെന്നതാണ് 'വിങ്ങ്മെയില'റുടെ ഏററവും വലിയ ദോഷം. ലിനോടൈപ്പിന്നു് എപ്പോഴും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ചില കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഈ ഘട്ടത്തിൽ ഞങ്ങളുടെ തപ്പാൽ ലിസ്റ്റിൽ ആയിരം പേരുകൾ ഉണ്ടായിരുന്നു. പിന്നേയും മുന്നൂറു പേരുകൾ ബാക്കിയുണ്ട്. ബോബിന്നു് ഇവ ഓരോന്നും പത്രത്തിൻെറ കോപ്പിമേൽ പെൻസിൽകൊണ്ട് എഴുതേണ്ടിവന്നു. ആർക്കിവിന്നു് വരിക്കാരനായി ചേരുന്നതുകൊണ്ട് പത്രാധിപർ നേരിട്ട് മേൽവിലാസമെഴുതിയ ഒരു പത്രം ലഭിക്കുന്നു. ഇത് അഭികാമ്യമെങ്കിലും താനൊരു പഴയ 'എഡ്രസിങ്ങ് മെഷീൻ' കണ്ടിട്ടുണ്ടെന്നു് ബോബ് പറഞ്ഞപ്പോൾ ഞങ്ങൾക്കെല്ലാം വലിയ ആശ്വാസമായി.

വരിസംഖ്യകൾ വരുന്നതിന്നനുസരിച്ച് വരിക്കാരൻെറ പേർ അച്ചടിക്കുവാൻ സാധിക്കുമെന്നതാണ് ഈ പുതിയ യന്ത്രത്തിൻെറ മെച്ചം. കൈകൊണ്ടെഴുതുന്ന സമ്പ്രദായം ആവശ്യമില്ല. പേരുകൾ ഒട്ടിക്കുന്നതിന്നുപകരം അവ പത്രത്തിന്മേൽ തന്നെ അച്ചടിക്കുവാൻ സാധിച്ചു. വരിക്കാർക്ക് സംതൃപ്തി ജനിക്കുന്ന ഒരു പുതിയ കാലഘട്ടം ഞങ്ങൾക്ക് കൈവന്നു.

ശതക്കണക്കിൽ മററു പ്രസിദ്ധീകരണങ്ങൾക്ക് ഈ യന്ത്രങ്ങൾ വിജയപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നുള്ള സംഗതി ഒന്നുമാത്രംകൊണ്ട് ഇത്രതന്നെ പ്രശസ്തിയുള്ള വിങ്ങ് മെയിലറിനേക്കാൾ തൃപ്തികരമായി ഇവ പ്രവർത്തിക്കുമെന്നതിന്നു് യാതൊരുറപ്പും നൽകുന്നില്ലെന്നു് ഞങ്ങൾ മനസ്സിലാക്കേണ്ടതായിരുന്നു.

ഞങ്ങളെ സംബന്ധിച്ചേടത്തോളം ഒരു സന്നിദ്ധാവസ്ഥയിലേക്ക് മറിഞ്ഞുവീഴാനുള്ള മനുഷ്യശക്തിയെ യന്ത്രങ്ങൾ വർദ്ധിപ്പിക്കുകയാണു് ചെയ്യുന്നതു്. പുതിയ മെയിലർ ഇതിൽനിന്നും ഒഴിവാകുന്നില്ല.

ഫിലാഡൽഫിയയിലെ ഒരു പ്രസിദ്ധ ചിത്തരോഗവിദഗ്ദ്ധൻെറ ഭാര്യയിൽനിന്നും ഒരു കത്തുകിട്ടിയ ദിവസമാണു് എവിടേയോ തകരാറുണ്ടെന്നു് ഞങ്ങൾക്ക് ആദ്യം മനസ്സിലായതു്. പെട്ടെന്നു് യാതൊരു കാരണവും കൂടാതെ തൻെറ ഭർത്താവിന്നു് ഓരോ ആഴ്ചയും രണ്ടുപത്രം കിട്ടുന്നുണ്ടെന്നു് ആ മഹതി ഞങ്ങളെ അറിയിച്ചു. കൂടുതൽ അന്വേഷണം, ഗ്ലെൻമൂറിലെ ഇ. ജി. ക്രീററ്സക്ക് ചിലപ്പോൾ നാലു പത്രംകിട്ടുകയും മററു ചിലപ്പോൾ ഒന്നും കിട്ടാതിരിക്കുകയും ചെയ്യുന്നവസ്തുത വെളിപ്പെടുത്തി. ക്രീററ്സർ ദമ്പതികൾക്ക് കിട്ടാതെ വരുമ്പോൾ കൈസർപ്രഭുവിന്നു് രണ്ടു കോപ്പികൾ ലഭിച്ചുവന്നു.

ഈ നില ബോബിനെ ആകർഷിക്കയാണു് ചെയ്തതു്. ഈ സൂത്രം കൃത്യമായി കണ്ടെത്തുവാനുള്ള ശ്രമത്തിൽ ബോബ്, മെയിലർ മെല്ലെമെല്ലെ ഓടിച്ചതു് ഞങ്ങളെ കോപാക്രാന്തരാക്കി. ഓരോ പ്രാവശ്യവും "ഇതെനിക്ക് കിട്ടിപ്പോയി" എന്നു് സന്തോഷാധിക്യത്തോടെ ബോബ് വിളിച്ചുപറയും. "'കെ' കൊണ്ടാരംഭിക്കുന്ന പേരുകളുള്ള ആളുകളെ ഇതു് ഇഷ്ടപ്പെടുന്നു''. അല്ലെങ്കിൽ "ഇതാ 'എം. ആർ. സീ. ബോൾട് ഇതു് രണ്ടുപ്രാവശ്യം എഴുതുന്നു".

ഞങ്ങൾ മനസ്സിലാക്കിയേടത്തോളം എല്ലാം വലിയ പ്രസിദ്ധീകരണങ്ങളുടേയും പ്രധാന പ്രവൃത്തി പ്രചാരം വർദ്ധിപ്പിക്കലാണു്. ഇതിന്നുവേണ്ടി പലരും സമയവും ധനവും നിർല്ലോഭം വ്യയംചെയ്യുന്നു. ഇതെല്ലാം എന്തിന്നുവേണ്ടിയാണെന്നു് ഞങ്ങൾ തികച്ചും മനസ്സിലാക്കീട്ടില്ലെങ്കിലും, ആർക്കീവിൻെറ പേർ കഴി

യുന്ന വിധത്തിലെല്ലാം പ്രചരിപ്പിക്കുന്നതിൻെറ ആവശ്യകത ഞ ങ്ങൾക്ക് ബോദ്ധ്യപ്പെട്ടിരുന്നു.

ഹൃദയാവർജ്ജകമായ ഞങ്ങളുടെ ഒന്നാമത്തെ പ്രചരണ പ്രയത്നം ഞങ്ങളെ പാപ്പരത്വത്തോളമെത്തിച്ചു. പക്ഷെ ഒ ന്നാമത്തെ കൊല്ലംതന്നെ ഞങ്ങളുടെ വിതരണം രണ്ടായിരത്തി അറനൂററി അരുപതായി വദ്ധിച്ചിരുന്നു. ഇതു് 'ബാനറി'ൽ വെണ്ടക്കതലക്കെട്ടിൽ ബോബ് സാഭിമാനം പ്രഖ്യാപിച്ചു. പക്ഷെ പത്രം വളരുന്തോറും അത് പുറത്തിറക്കുവാനുള്ള ചില വും വദ്ധിച്ചുവന്നു.

ഉദ്ദേശം ഒമ്പതുമാസമായി സ്വന്തം അച്ചടിയന്ത്രംകൊ ണ്ടാണ് ഞങ്ങൾ പ്രവത്തിക്കുന്നതു്. കൂടാതെ പത്രം കൈകൊ ണ്ടു് മടക്കുന്ന നിരത്ഥകമായ തൊഴിലിൽ ഏർപ്പെട്ട് ഞങ്ങളുടെ നട്ടെല്ലൊടിയുകയായിരുന്നു. ഒരിക്കൽ രണ്ടുപേജുമാത്രം അച്ച ടിക്കാൻ കഴിയുന്ന ഈ പഴയ പ്രസ്സ് നേടുവാൻ മാത്രമേ ഞങ്ങളു ടെ പരിമിതമായ കഴിവുകൾ അനുവദിക്കുകയുള്ളുവെന്ന വസ്തുത ഈ ആദികാലസമ്പ്രദായം അംഗീകരിപ്പാൻ ഞങ്ങളെ പ്രേരിപ്പി ച്ചു. എട്ടുപേജ് ഒന്നായി പ്രവത്തിക്കുകയും സ്വയം മടക്കുകയും ചെയ്യുന്ന ഒരു യന്ത്രം കിട്ടുന്നതു് വലിയൊരു നേട്ടമാണെന്നു് ബോബടക്കം എല്ലാവരും അഭിപ്രായപ്പെട്ടു. എന്നാൽ അതി ന്നു് പണമെവിടെ? പഴയതാണെങ്കിൽ, അതിന്നും എണ്ണായിരം മുതൽ പന്തീരായിരംവരെ ഡോളർ എവിടേയും വിലയുണ്ടു്.

ഒരിക്കൽ 'ഡിലവേറി'ലെ 'ഡോവറി'ൽനിന്നു ഒരു പത്രാ ധിപസുഹൃത്തായ 'ഹാംപി ബാർനസു'മായി തലപുകഞ്ഞാ ലോചിച്ചശേഷം വീട്ടിലെത്തിയ ബോബ് പടിക്കൽവെച്ചുത ന്നെ വിജയപൂവ്വം ഉൽഘോഷിച്ചു—"എനിക്കൊരു പുതിയ പ്ര സ്സ് ലഭിച്ചിട്ടുണ്ടു്."

"നിങ്ങറം അതും വിമാനത്തിൽ കൂടെ കൊണ്ടുവന്നിരിക്കയാണെന്നു് കരുതുന്നു. ഒന്നു ഞാനും അതു് കാണട്ടെ!" കാസ്റ്റിങ്ങ് ബോക്സിൽനിന്നും എഡ്റസ്സൽ പെട്ടെന്നു് മറുപടിപറഞ്ഞു.

"അതിന്നുവേണ്ട പണമാണിത്" ചോദ്യങ്ങളെ വിഗണിച്ചുകൊച്ചുകൊണ്ടു് ബോബ് പ്രതിവചിച്ചു. "ഒരസാധാരണമായ പ്രചരണോപാധികൊണ്ടു് നാലായിരം ഡോളർ തനിക്കു് ലഭിച്ചുവെന്നു് ബാർണസ് കണക്കാക്കീട്ടുണ്ടു്. അതു് നമ്മറം ചെയ്താൽ പുതിയ പ്രസ്സും വാങ്ങാം."

തന്റെ ഡിലവേർ വാരികയുടെ കാര്യത്തിൽ ബാർണസ്സിന്റെ പദ്ധതി വിജയപ്രദമായിരുന്നു. മൂവായിരം ഡോളറിന്റെ ഒരു ബ്യൂക്ക്കാർ ഒന്നാം സമ്മാനവും, 750 ഡോളർ റൊക്കം രണ്ടാംസമ്മാനവും കുറെ സമ്മാനങ്ങറം വേറെയും ആയി, നടത്തിയ ഒരു വിതരണമത്സരമായിരുന്നു ഇതു്. അങ്ങിനെ അദ്ദേഹം രണ്ടായിരം പുതിയ വരിക്കാരെ നേടുകയും ആയിരം പുതുക്കൽ സമ്പാദിക്കുകയും നാലായിരം ഡോളർ പണമായി കൈക്കലാക്കുകയും ചെയ്തു. "ഇതു് നമ്മുടെ പ്രാത്ഥനക്കുള്ള മറുപടിയാണെന്നു് തോന്നുന്നു. അത് നടന്നില്ലെങ്കിൽതന്നെ എന്താണു്? നമുക്കു് നടത്താമല്ലൊ!"

ഇക്കാര്യത്തിൽ ഒരാഴ്ചക്കാലം അസ്വസ്ഥനായി കഴിഞ്ഞതശേഷം ഇത്തരം മത്സരങ്ങറം നടത്തുന്ന ഒരു കമ്പനിയുമായി ബോബ് ഒരു സ്വകാര്യ ഉടമ്പടി ചെയ്തു. കുറെ കഴിഞ്ഞതിന്നുശേഷമാണു് ഞാൻ ഈ വിവരമറിഞ്ഞതു്. ഞാൻ അസ്വസ്ഥയായി.

"എന്തൊരു തമാശ! ഇതു് മടക്കി മരിക്കുന്നതിക്കോറം നല്ലതുതന്നെ" ബോബ് ഗൌരവം പൂണ്ടു.

അന്ന് രണ്ടായിരം കോപ്പിയും ശരാശരി പന്ത്രണ്ടുപേജുമാണ് ആഴ്ചയിൽ അച്ചടിക്കുവാൻ കഴിഞ്ഞത്. പ്രസ്സ്ജോലിക്കുമാത്രം പത്തിൽപരം മണിക്കൂറുകൾ പിടിച്ചു; അങ്ങിനെ ഞാനും യോജിച്ചു.

മത്സരക്കമ്പനിയുടെ പ്രതിനിധി നവമ്പറിൽ എത്തിച്ചേരുകയും മത്സരത്തെ അറിയിച്ചുകൊണ്ട് രണ്ടു പേജിൽ പരന്ന പ്രഖ്യാപനവും മുൻപേജിലൊരു എട്ടുകോളം ബാനർ തലക്കെട്ടും കൊടുത്തു. ഇത് ബോബിന്നു് നട്ടക്കമുണ്ടാക്കി. പക്ഷെ അദ്ദേഹം ഇതിൽ നിശ്ശേഷം നിമഗ്നനായിരുന്നു.

വളരെ സാവധാനത്തിലാണ് മത്സരക്കാരും വരിസംഖ്യയും വന്നത്. കാപ്പി പലഹാരങ്ങൾക്കുപകരം 'മത്സരക്കമ്പനി മാനേജർ' മാദകദ്രവ്യങ്ങളിഷ്ടപ്പെട്ടു. കൂടാതെ ഓരോ ആഴ്ചയും ലഭിക്കുന്ന തുകയിൽ തന്റെ ഇരുപത്തഞ്ചു ശതമാനം കൈക്കലാക്കുകയും ചെയ്തു. സമ്മാനത്തിന്റെ കാര്യത്തിൽ ഞങ്ങൾക്ക് നിരാശയും ഭയവും ഉളവായി.

വിജയിക്ക് കാറ് നൽകുകയില്ലെന്നും അവസാനനിമിഷം ഞങ്ങൾ 'മുക്കിക്കളയു'മെന്നും സംസാരം പരന്നതിനാൽ ജനങ്ങൾ ഞങ്ങൾക്കുണ്ടാവുന്നനിരാശ മനസ്സിലാക്കിയിരിക്കണം.

ഒരു ശനിയാഴ്ച മത്സരത്തിൽ പങ്കെടുക്കുന്നവരെയെല്ലാം പത്രമാഫീസ്സിലെ പ്രത്യേകമുറിയിൽ വരുത്തി അസന്നിഗ്ദ്ധമായ ഭാഷയിൽ ബോബ് ഇങ്ങിനെ സംസാരിച്ചു "മത്സരത്തിനുവേണ്ടി നിങ്ങൾ തരുന്ന പണംകൊണ്ട് സമ്മാനം കൊടുക്കാൻ കഴിയണമെന്നാണല്ലോ കരുതപ്പെടുന്നത്. എനിക്ക് നഷ്ടംപററുമെന്ന വിചാരം ലവലേശമില്ല. പക്ഷെ ഒരു കാര്യം നിങ്ങൾക്കുറപ്പിക്കാം. എത്രപേർ മത്സരത്തിൽ പങ്കെടുത്താലും ശരി, എന്തു വന്നാലും ശരി, എന്റെ സർവ്വസ്വവും വിററുപോയാലും ആരംഭത്തിൽ പ്രഖ്യാപിച്ചതുപോലെ കൃത്യമായി വിജയികൾക്ക് സമ്മാനങ്ങൾ ലഭിക്കുന്നതാണ്."

പുതുവത്സരത്തിന്റെ ആവിർഭാവത്തോടുകൂടി ദുസ്വപ്നങ്ങൾ കടന്നുപോയി. വിജയി 'ബ്യൂക്ക്കാർ' സ്വീകരിക്കുന്നതും രണ്ടാം സമ്മാനാർഹ 750 ഡോളറിന്റെ ചെക്ക് സ്വീകരിക്കുന്നതും ഫോട്ടോ എടുത്ത് പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. മററുള്ളവർക്ക് അവരുടെ സമ്മാനങ്ങളും ലഭിച്ചു. ഒടുവിൽ ബോബ് കണക്കുകൾ പരിശോധിച്ചു കൃത്യമായി മുപ്പത്തിരണ്ട് ഡോളർ അമ്പതു സെൻറ് ഞങ്ങൾ നേടിയിരിക്കുന്നു. എന്തൊരു പുതുവത്സരനേട്ടം!

ഞങ്ങളുടെ സാമ്പത്തികനിലയിൽ യാതൊരു മാററവുമുണ്ടായില്ല. എന്നാൽ ഞങ്ങൾ സൈ്വരമായി ശ്വസിക്കാൻ തുടങ്ങിയപ്പോഴേക്കും ഈ വരിസംഖ്യാമത്സരം ചിലവുള്ളതാണെങ്കിലും പത്രപ്രചാരത്തെ സംബന്ധിച്ചേടത്തോളം തികച്ചും അഭിലഷണീയമാണെന്നു മനസ്സിലായി. മത്സരത്തിൽ പങ്കെടുത്ത ഇരുപതുപേർ തങ്ങളുടെ സമുദായത്തിൽ ഏററവും ബഹുമാന്യരായിരുന്നു. ആറാഴ്ചകാലം പലരുമായും ബന്ധം സ്ഥാപിച്ചുകൊണ്ട് കുറേക്കൂടി വിശാലമായ പ്രദേശത്ത് ആർകീവിന്നു പ്രചാരമുണ്ടാക്കി. 'ദിലവെറി'ൽ മി. ബാറൻസിന്നു കൂടുതൽ പ്രചരിപ്പിക്കുവാൻ സാധിച്ചിരുന്നുവെങ്കിലും ഞങ്ങളുടെ വരുതിയിൽ പെട്ട ഓരോ ആളും ആർകീവിനെപററി കേട്ടിട്ടുണ്ട്; അവരിൽ പലരും അതിന്റെ വരിക്കാരുമാണ്.

ദിലവെറിൽ പോയി, വരിസംഖ്യാമത്സരം നടത്തുന്നതുകൊണ്ട് ഒരു പുതിയ പ്രസ്സ് വാങ്ങാനുള്ള പണമുണ്ടാക്കാമെന്നു കരുതി ഒരാഴ്ച കഴിഞ്ഞപ്പോൾ ഞങ്ങളുടെ ഒന്നാമത്തെ പതിനാറു പേജ് പത്രം പുറത്തുവരികയായിരുന്നു. ഇതാണ് ഞങ്ങളുടെ ചരിത്രത്തിൽ ഏററവും വലിയപത്രം.

ഈ സംഭവത്തിന്റെ വിശദവിവരം പിന്നീട് ബോബ് എഴുതുകയുണ്ടായി.

ടൈപ്പ്റൈറററുകളുടെയും പ്രസ്സിൻെറയും കറ കറ ശബ്ദങ്ങൾക്കിടയിൽ, കയ്യിൽ ഒരു സഞ്ചിയും തൂക്കി മെലിഞ്ഞ മുഖത്തോടുകൂടിയ ഒരു ദീർഘകായൻ കടന്നുവന്ന് ഒരു 'കാഡ്കെയിസ്' വലിച്ചെടുത്ത് എൻെറ മൂക്കിന്നു് നേരെ നീട്ടി.

ഞാൻ ഒരു പ്രധാനറിപ്പോർട്ട് എഴുതിക്കൊണ്ടിരിക്കയായിരുന്നു. അതിനാൽ അയാൾ യു. എസ്സ്. ലേബർ ഡിപ്പാർട്ടുമെൻറിൻെറ 'കൂലി സമയവിഭാഗ'ത്തിൽ നിന്നാണു് വരുന്നതെന്നും പതിവായുള്ള പരിശോധനക്കാണെന്നും അദ്ദേഹം പറഞ്ഞതു് പകുതിമാത്രമേ ശ്രദ്ധിച്ചുള്ളൂ.

"ശരി, വിരോധമില്ലല്ലോ" ഞാൻ അശ്രദ്ധമായി പറഞ്ഞു.

അദ്ദേഹത്തെ മി. പീറേറർസിന്നു് പരിചയപ്പെടുത്തിയ ശേഷം വീണ്ടും എൻെറ ജോലിയിൽ മുഴുകി. റിപ്പോർട്ട് മുഴുമിച്ചശേഷം നോക്കിയപ്പോൾ, സന്ദർശകൻ സശ്രദ്ധം പുസ്തകങ്ങളിൽ നോക്കുന്നതും ആർത്തിയോടുകൂടി കുറിപ്പുകളെടുക്കുന്നതുമാണു് കണ്ടതു്. എന്നെ സമീപിച്ച് ചില ചോദ്യങ്ങൾ ചോദിക്കുവാനുണ്ടെന്നു് അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ അടുത്ത ലക്കത്തിൻെറ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കയായിരുന്നു.

"ചെസ്റ്റർവാലി പ്രസ്സിൻെറ പ്രസിഡണ്ടെന്ന നിലയിൽ നിങ്ങളോ വൈസ് പ്രസിഡണ്ടെന്ന നിലയിൽ നിങ്ങളുടെ ഭാര്യയോ യാതൊരു ശമ്പളവും പററീട്ടില്ലെന്നു് ഞാൻ മനസ്സിലാക്കുന്നു" അദ്ദേഹം പറഞ്ഞു.

"ഇല്ല" ഞാൻ ചിരിച്ചുകൊണ്ടു വ്യക്തമാക്കി.

"പരിതാപകരം; അങ്ങിനെയല്ലേ? ഞങ്ങളുടെ കമ്പോസിററർക്കും ലിനോടൈപ്പ് ഓപ്പറേററർക്കും ഞങ്ങളുടെ വിതരണക്കാർക്കും, പലിശയായി ബേങ്കിൽ കൊടുക്കുവാനുള്ളതും കൊടുത്താൽ ഞങ്ങൾക്ക് കമ്മിയല്ലാതെ മറെറാന്നും അവശേഷിച്ചി

ട്ടില്ലാത്ത ഒരു ഘട്ടത്തിലാണ് നിങ്ങൾ പുസ്തകങ്ങൾ നോക്കുന്നത്. എന്നാൽ," ഞാൻ പ്രതീക്ഷയോടുകൂടി തുടർന്നു, "എന്തെങ്കിലും ഞങ്ങൾക്കെടുക്കാനുണ്ടാവുന്ന ഒരു ദിവസം വരുമായിരിക്കാം". ഞങ്ങളുടെ ഗവമ്മേണ്ടു പ്രതിനിധി വളരെ ഗൌരവത്തോടുകൂടി— "ഒരു കോർപറേഷനുവേണ്ടി പ്രവൃത്തിചെയ്യുന്ന ഏതൊരാളും മണിക്കൂറിൽ ഏററവും ചുരുങ്ങിയതു് 40 സെൻറും 'ഓവർടൈം ജോലി'ക്കു് അതിൻെറ ഒന്നര ഇരട്ടിയും ശമ്പളം സ്വീകരിക്കണമെന്നു് നിയമം അനുശാസിക്കുന്നു."

അദ്ദേഹം തെററിദ്ധരിച്ചിരിക്കയാണെന്നു് എനിക്കു് മനസ്സിലായതിനാൽ, ഞാനും ഭാര്യയും ജോലിക്കാരല്ല, കമ്പനിയുടെ ഓഫീസർമാരാണെന്നും ഷെയറിൻെറ 75 ശതമാനം ഞങ്ങൾ വഹിക്കുന്നതിനാൽ ഞങ്ങളുടെ ശമ്പളകാര്യത്തെപററി തീരുമാനമെടുക്കാൻ ഞങ്ങൾക്കവകാശമുണ്ടെന്നും പറയുവാൻ ഭാവിക്കുന്നതിന്നിടയിൽ അയാൾ ആവത്തിച്ചു.

"ഒരു കോർപറേഷനുവേണ്ടി പ്രവത്തിക്കുന്ന ഓരോ ആളും ജോലിക്കാരനാണെന്നും അതിനാൽ 'കൂലി—സമയനിയമ'ത്തിന്നു് വിധേയനാണെന്നും നിയമം അനുശാസിക്കുന്നു." ഈ പ്രാവശ്യം ഞാൻ മററു സംഗതികൾ മറന്നുകൊണ്ടു് ദ്വേഷസ്വരത്തിൽ ചോദിച്ചു—"ഞങ്ങളുടെ കയ്യിൽ പണമില്ലെങ്കിലും സ്വയം ശമ്പളം നൽകിക്കൊള്ളണമെന്നാണോ നിങ്ങളുടെ വിവക്ഷ? നിങ്ങളുടെ ഈ 'മിനിമം സാലറി' നൽകുവാൻ ബാങ്കിൽനിന്നു് ആവശ്യമായതു് കടമെടുത്തു് സ്വയം പററിയശേഷം ആറുശതമാനം നഷ്ടപ്പെടുത്തിക്കൊണ്ടു് അങ്ങോട്ടു് തിരിച്ചുകൊടുക്കണമെന്നോ? ബേങ്കിൽനിന്നു് വീണ്ടും കടം കിട്ടുന്ന കാര്യംതന്നെ സംശയമാണു്."

"ഞാനങ്ങിനെ പറഞ്ഞിട്ടില്ല"—അദ്ദേഹം അക്ഷമനായി "ഞാൻ നിയമത്തിന്നു് വ്യാഖ്യാനം നൽകുകമാത്രമായിരുന്നു നി

ങ്ങളുടെ വ്യാപാരം എങ്ങിനെയാണ് നടത്തേണ്ടതെന്ന് പറയാൻ ഞാൻ ഒരുങ്ങിട്ടില്ല."

ഉത്തരക്ഷണത്തിൽ വാതിലുകഠം തള്ളിത്തുറന്നുകൊണ്ട് പത്തൊമ്പതുമുതൽ ഏഴുവരെ പ്രായമുള്ള ഇരുപത്താറു കുട്ടികളുടെ ഒരു പട ഓടിയടുത്തു.

"ഹേ—ബോബ്! ഇന്നു പത്രങ്ങളൊന്നും മടക്കാനില്ലേ?" അവർ അലറിക്കൊണ്ടടുത്തപ്പോഠം ഞങ്ങളുടെ ഗവമ്മേണ്ടിൻെറ ആഠം തൻെറ പെൻസിൽ മിക്കവാറും വിഴുങ്ങിക്കഴിഞ്ഞിരുന്നു.

"എന്താണിതൊക്കെ?" ക്രമത്തിൽ പൂർവ്വാവസ്ഥ പ്രാപിച്ച സന്ദർശകൻ ഉൽകണ്ഠയോടെ ചോദിച്ചു.

ഞങ്ങഠംക്ക് എങ്ങിനെയാണ് ഒരു പ്രാവശ്യം രണ്ടു പേജുകഠംമാത്രം അച്ചടിക്കുവാൻ സാധിക്കുന്നതെന്നും ഇതിൻെറ അർത്ഥം കൈകൊണ്ടാണ് ഓരോന്നും മടക്കലും തിരുകി വെക്കലും എന്നാണെന്നും വിവരിക്കുവാനാരംഭിച്ചു. മുതിന്നവർ അകത്തുനിന്ന് പ്രധാനജോലികഠം തീക്കുമ്പോഴേക്കും, ഹൈസ്കൂഠം വിട്ട് ഒരു കൂട്ടം കുട്ടികഠം ഓടിയെത്തുന്നു. ഞങ്ങഠം സാധാരണയായി അഞ്ചോ ആറോ പേക്ക് ആഴ്ചയിൽ രണ്ടു ദിവസം രണ്ടോ മൂന്നോ മണിക്കൂർ മടക്കൽ ജോലി നൽകി ആ സംഘത്തെ മധുരപാനീയം, പലഹാരങ്ങഠം, റേഡിയോ പ്രോഗ്രാമുകഠം, നമ്മ സല്ലാപങ്ങഠം എന്നിവകൊണ്ട് സന്തോഷിപ്പിക്കുന്നു.

"ഇത് ഒരു തരം സ്വകാര്യ യുവക്ക്സംഘമാണ്"—എൻെറ ഭാര്യ വിശദീകരിച്ചു—"അവർ ഇവിടെ വരാതിരിക്കുമ്പോഠം തെരുവുകളിൽ ഓടിച്ചെന്ന് എന്തെങ്കിലും കുഴപ്പമുണ്ടാക്കുന്നു. ഇവിടെ അവർ കുറച്ച് പണമുണ്ടാക്കുകയും നല്ലൊരന്തരീക്ഷത്തിൽ സമയം ചിലവഴിക്കുകയും ചെയ്യുന്നു."

എന്നാൽ ഞങ്ങളുടെ കുററാന്വേഷകൻ ഒന്നും ശ്രദ്ധിച്ചതേയില്ല. അദ്ദേഹം ഏററവും അടുത്തുള്ള കുട്ടിയെ വലയംചെയ്തു

തെളിവെടുക്കൽ ആരംഭിച്ചു കഴിഞ്ഞിരുന്നു. മററുള്ളവർ പുറത്തേക്ക് പോകാൻ ശ്രമിച്ചുവെങ്കിലും വിരൽ ചൂണ്ടിക്കൊണ്ട് അവർക്കൊരു താക്കീത് നൽകി. അവർ തങ്ങളുടെ ഊഴവും പ്രതീക്ഷിച്ച് പുറവും നിന്നു. പേര്, വയസ്സ്, അച്ഛൻെറ പേര് തുടങ്ങിയകാര്യങ്ങളുള്ള വിപുലമായ ഫോറങ്ങൾ പൂരിപ്പിക്കാൻ തുടങ്ങിയപ്പോൾ അതിൻെറ ആവശ്യമെന്താണെന്ന് ഞാൻ ചോദിച്ചു. "എല്ലാവരും തങ്ങളുടെ വയസ്സ് പറഞ്ഞുകഴിഞ്ഞു. അവരെ പിന്നീടെന്തിന് പേടിപ്പിക്കണം?"

തിരക്കിട്ടെഴുതിക്കൊണ്ട് അയാൾ മന്ത്രിച്ചു—"പതിനാറ വയസ്സിൽ താഴയുള്ള കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതിനിയമവിരുദ്ധമാണ്. അവരുടെ വയസ്സ് പരിശോധിച്ച് അവർ എന്നോട് പറയുന്നത് ശരിയാണോ എന്നറിയേണ്ടതുണ്ട്?"

"പതിനാറിൽ കുറഞ്ഞവർ ഇവിടെ പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണെങ്കിൽ ഞങ്ങൾ അത് നിർത്തൽ ചെയ്യാം. പിന്നെയെന്തിന് അവരുടെ പേർ എഴുതിയെടുക്കണം?"

"പക്ഷെ സ്കൂളിലും അവരുടെ വീടുകളിലും അന്വേഷിച്ച് അവരുടെ പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്." രണ്ടുദിവസങ്ങൾക്കുശേഷം സ്കൂളിലെ സൂപ്പർവൈസിങ്ങ് പ്രിൻസിപ്പാൾ ക്രോധത്തോടുകൂടി എന്നെ ഫോണിൽ വിളിച്ചു—"നിങ്ങൾ അവിടെ എന്താണ് ചെയ്യുന്നത്?" അദ്ദേഹം ചോദ്യം ചെയ്തു.

"ഗവമ്മേണ്ടിൽനിന്നും ഒരാൾ ഇവിടെവന്ന് സ്കൂളിൽവരുന്ന ഓരോ കുട്ടിയുടെയും റിക്കാഡ്, ദിവസം മുഴുവൻ പരിശോധിക്കുന്നു. എനിക്ക് അവയെല്ലാം എടുത്ത് പുറത്തിറങ്ങേണ്ടിവന്നു. മാത്രമല്ല കുട്ടികളെ ക്ലാസ്സിന്ന് വെളിയിൽകൊണ്ടുപോയി ചോദ്യം ചെയ്യണമെന്ന് അയാൾ നിർബ്ബന്ധിച്ചു."

ഈ അന്വേഷണം രണ്ട് ദിവസം മുഴുവൻ നീണ്ടുനിന്നു. സ്ക്കൂൾസ്റ്റാഫിൻെറ മനുഷ്യപ്രയത്നം നഷ്ടപ്പെട്ടതെത്രയാണെന്ന് ആക്ക്ം അറിവില്ല. പഠിപ്പ് വിട്ട് കുട്ടികൾ വെളിയിൽ ചിലവഴിച്ച സമയത്തെപററി പറയേണ്ടതില്ലല്ലോ.

രണ്ടുദിവസം അയാളുടെ ബാധ ഞങ്ങൾക്കുണ്ടായില്ല; എന്നാൽ അയാൾ മടങ്ങിവന്നു. ഈ പ്രാവശ്യം അയാൾ നിസ്സാരമായ 'കേഷ്സ്ലിപ്പു'കൾ പരിശോധിക്കുകയും അവ ഒരു കയ്യിലൊതുങ്ങുന്നതെടുത്ത് വിശദീകരണാർത്ഥം എഡ്റസ്സലിന്നടുക്കലേക്ക് നീങ്ങുകയും ചെയ്തു. കുറച്ചൊരു രഹസ്യം അതിൽ അന്തർഭവിച്ചിരുന്നു. ഒന്നിൽ "മൂന്നു് ഡോളർ........ബ്രൂച്ച്," മററൊന്നിൽ "75 സെൻറ്...........റെയ്ഷ്" എന്നിങ്ങിനെ അവയിലെല്ലാം ഓരോന്നു് കാണപ്പെട്ടു. അത്തരം ഇരുപതോ മുപ്പതോ എണ്ണമുണ്ട്. താൻ കമ്പനിയുടെ രഹസ്യപന്തയരേഖകളിൽ യാദൃശ്ചികമായി വഴുതി വീണിരിക്കയാണെന്നു് ആ 'ക്രൂലിസമയ മനുഷ്യൻ' ദൃഢമായി മനസ്സിലാക്കി. "ഓ, അതു് പത്രം മടക്കിയ കുട്ടികൾക്കുള്ള കുറിപ്പുകളാണ്—"ഒരു ചച്ച് പ്രോഗ്രാം അച്ചടിക്കുന്ന തിരക്കിൽപെട്ട എഡ് അലസമായി മറുപടി നൽകി.

ഇത് തികച്ചും പുതിയൊരന്വേഷണപന്ഥാവ് തെളിയിച്ചു. എന്നാൽ ഒരു കൊല്ലത്തിലധികംകാലം ഒരിക്കലല്ലെങ്കിൽ മററൊരിക്കൽ സഹപാഠിയോട് എന്തെങ്കിലും തമാശ പറയാൻ കടന്നുവന്നു് ഒടുവിൽ ഒരു മണിക്കൂറോ മറേറാ ഞങ്ങളുടെ കൂടെ ജോലി ചെയ്ത വ്യക്തികളുടെ പേർ ഞങ്ങളിൽ ഒരാൾക്കുപോലും നിശ്ചയമുണ്ടായിരുന്നില്ല. അവരിൽ പലരും മുമ്പുതന്നെ ബിരുദംസമ്പാദിച്ച് ജോലിയിൽ പ്രവേശിച്ചിരുന്നു; അല്ലെങ്കിൽ പട്ടാളത്തിലോ നേവിയിലോ ചേർന്നിരുന്നു.

എന്തായാലും നമ്മുടെ അന്വേഷകന് ഒരു കാര്യത്തിലും വലിയ ബുദ്ധിമുട്ട് തോന്നിയില്ല. ആദ്യംതന്നെ കണ്ട കുട്ടികളിൽ പലരുമായി വീണ്ടും കൂടിക്കാഴ്ച നടത്തിക്കൊണ്ട് "ബുച്ച്," "റെസ്റ്റ്" എന്നിവരുടെ മുഴുവൻ പേരുകളും കുറിപ്പിൽ കാണുന്ന മററു പേരുകളിൽ മിക്കതും സൂക്ഷ്മമായി മനസ്സിലാക്കുവാൻ അയാൾക്ക് കഴിഞ്ഞു. നേരിൽകണ്ട് ചോദ്യം ചെയ്യുന്നതിന്ന് സ്ഥലനിർണ്ണയം ചെയ്‌വാൻ സാധിക്കാത്തവർക്ക് "രഹസ്യം, നിങ്ങളുടെ മുതലാളിക്ക് കാണിക്കരുത്" എന്നടയാളപ്പെടുത്തിയ അച്ചടിച്ച ചോദ്യാവലികളയച്ചു.

ഒരു ദിവസം വൈകുന്നേരം ഞാൻ വീട്ടിലേക്ക് പോകുമ്പോൾ മരുന്നുഷാപ്പിൻെറ പിന്നിൽ നില്ക്കുന്ന ഒരു കൂട്ടം കുട്ടികളിൽനിന്നാണ് ഈ ചോദ്യാവലിയെപ്പററി ഞാൻ ആദ്യമായി മനസ്സിലാക്കിയത്,

"ഹേ, ബോബ്! ഇക്കാര്യത്തിൽ ഞാൻ എന്തു വേണം?''— കൂട്ടത്തിൽനിന്ന് ഒരു ശബ്ദം കേട്ടു. ഞാൻ അങ്ങട്ട് പോയപ്പോൾ 75 സെൻറിന്ന് പേർ അടയാളപ്പെടുത്തിയ ആ 'റെസ്റ്റ്' ചോദ്യാവലി എൻെറ കയ്യിൽ തന്നു. അതിൽ, ജനനത്തിയ്യതിയും സ്ഥലവും, വിവാഹിതയാകുന്നതിന്നുമുമ്പ് അമ്മയുടെ പേർ, ജോലിചെയ്ത മണിക്കൂറുകൾ, എപ്പോൾ ആരാൽ നിയമിക്കപ്പെട്ടു, ഇത്യാദി പ്രധാന വിവരങ്ങളടക്കം നാല്പതോളം ചോദ്യങ്ങളുണ്ടായിരുന്നു.

ഞങ്ങൾ ഒരുമിച്ചിരുന്ന് ആലോചിച്ചിട്ട്, വിവാഹിതയാകുന്നതിന്നുമുമ്പ് അവൻെറ അമ്മയുടെ പേർഅടക്കമുള്ള പ്രധാന സ്ഥിതിവിവരക്കണക്കുകൾ ഗണിച്ചെടുത്തു. അവയിൽ പ്രവൃത്തിക്ക് ആർ നിയമിച്ചു, എപ്പോൾ പ്രവൃത്തിയെടുത്തു എന്നീ ചോദ്യങ്ങളും ഉൾപെട്ടിരുന്നു. "ആർകീവിലേക്ക് വരൂ; കുറച്ച് സമയം കടലാസ്സ് മടക്കാമല്ലോ" ആ വഴി കടന്നുപോയ സീനി

യർക്ലാസ്സ് പ്രസിഡണ്ട് നാൻസിയാണ് വിളിച്ചുപറഞ്ഞതെന്ന് റെഡ് ഓർത്തു. ഒരാഴ്ചയിൽ അവൻ അഞ്ചു ദിവസം മരുന്നുഷാപ്പിൽ പ്രവൃത്തിയെടുത്തതിനാലും ഞങ്ങൾ പത്രം മടക്കിയത് ബുധനാഴ്ചമാത്രമായതിനാലും ഇത് തനിക്ക് ഒഴിവുണ്ടായിരുന്ന ഒരു ബുധനാഴ്ചയായിരിക്കുമെന്നും നിലത്ത് മഞ്ഞുണ്ടായിരുന്നതിനാൽ അത് തണുപ്പുകാലമായിരിക്കണമെന്നും റെഡ് നിർണ്ണയിച്ചു. കുറിപ്പിൽ അങ്ങിനെ കാണുന്നതിനാൽ ശമ്പളവിഹിതം 75 സെൻറാണെന്ന് കരുതി. പക്ഷെ എത്രസമയം ജോലിചെയ്തുവെന്ന് നിർണ്ണയിക്കുവാൻ അവനു് സാധിച്ചില്ല. താൻ അവിടെ അരമണിക്കൂറോളം ഒരു മൂലയിൽ ബാസ്കറ്റ് ബോൾ കളിയെപററി ചർച്ച ചെയ്തിരുന്നുവെന്നും അപ്പോഴെക്കും 'ചന്ദ്രനിലേക്ക് ഇവിടുന്ന് എത്ര ദൂരമുണ്ടെന്ന'തിനെകുറിച്ചു നിശിതമായ വാദപ്രതിവാദം നടത്തുന്ന മേശക്കരികിൽ ചെന്നപ്പോൾ താനറിയാതെ കുറച്ചു് പത്രങ്ങൾ മടക്കീട്ടുണ്ടാകണമെന്നും ആ നിലയിൽ അതിന്ന് പ്രതിഫലം ലഭിക്കുന്നത് തനിക്ക് അത്ഭുതമായി തോന്നിയെന്നും അവൻ പറഞ്ഞു. ഈ ഒന്നാംതരം സംഗതികൾ ഞങ്ങൾ വെളിയിൽ കൊണ്ടുവന്നതോടുകൂടി ഞാൻ അവന്നൊരു സോഡ വാങ്ങിക്കൊടുത്തു. അവൻ രാത്രിയത്തെ ഭക്ഷണത്തിന്ന് വീട്ടിലെത്തിയത് കൃത്യം ഒരു മണിക്കൂർ വൈകീട്ടാണ്.

അന്നു വൈകുന്നേരവും പിന്നീട് മററനേകം ദിവസങ്ങളിലും ഉത്തരം പൂരിപ്പിക്കുവാൻ വേണ്ടി ബാക്കിയുള്ളവരും ഓഫീസിൽ വന്നെത്തി. നിയമപ്രകാരം അപ്പോൾ ഞാൻ 'ഒന്നര ഇരട്ടി പ്രവൃത്തി'യെടുക്കുകയായിരുന്നു; അഥവാ മണിക്കൂറിൽ അറുപത് സെൻറിൻെറ പണി. ഈ അടിസ്ഥാനത്തിൽ എൻെറ ഉപദേശം ആറുഡോളറിൽ കുറച്ചധികം വിലയുള്ളതായിരുന്നു. എന്നിട്ടും ഞാൻ സ്വയം ശമ്പളം നൽകിയില്ല.

നാലു മാസങ്ങൾക്കുശേഷമാണ് അന്വേഷണത്തിൻെറ ഫലം ഞങ്ങളറിഞ്ഞതു്.

ഈ ക്രൂലി–സമയ–പരിശോധന, ഞങ്ങൾ സമ്മതിക്കാൻ തയാറുള്ളതിലധികം ഞങ്ങളെ സ്പർശിച്ചിരുന്നു. യന്ത്രങ്ങൾക്കിടയിൽ ഏറ്റവും വിഷമകരമായ ജോലി നിർവ്വഹിച്ചുകൊണ്ടു് സാമ്പത്തിക ദുരിതങ്ങളിൽനിന്നും ഞങ്ങൾ തലയുയർത്താനാരംഭിക്കുമ്പോൾ, ചെറുകിട വ്യവസായത്തെ നാനാ പ്രകാരത്തിലും പ്രോത്സാഹിപ്പിക്കുന്ന ഞങ്ങളുടെ ഗവമ്മേണ്ടിൽനിന്നും ഞങ്ങളുടെ നിലനില്പിനുകിട്ടിയ ആ അവിചാരിതമായ അടി വല്ലാത്തൊരു വൈപരീത്യമായിതോന്നി. നിലവിലുണ്ടെന്നു് ഞങ്ങൾക്കറിവില്ലാത്ത ഒരു നിയമം, അറിയാതെ ഞങ്ങൾ ലംഘിച്ചിട്ടുണ്ടെന്നു് മനസ്സിലായി. പരിശോധകനോട് ബോബ് പറഞ്ഞതുപോലെ, മേലിൽ അവരുടെ ആജ്ഞക്കനുസരിച്ച് പ്രവത്തിക്കുന്നതിൽ ഞങ്ങൾക്കു് സന്തോഷമേയുള്ളു. അവർ ആരാണെന്നു് ഞങ്ങൾക്കിപ്പോൾ മനസ്സിലായി. സർവ്വോപരി ഞങ്ങളുടെ മടക്കൽ പാർട്ടികൾ ബാല്യകാല തൊഴിൽ നിയമത്തെ കരുതിക്കൂട്ടി ലംഘിക്കുന്നതു് മൂടിവെക്കാനുള്ള പരിശ്രമമാണെന്നും ജോലിക്കാരുമായി ഇടക്കു് ബന്ധം സ്ഥാപിക്കുന്നതു് വ്യക്തമായ നിയമത്തിൻെറ വകുപ്പുകളെ അതിലംഘിക്കുവാനുദ്ദേശിച്ചുകൊണ്ടാണെന്നും ഉള്ള പരിശോധകൻെറ അഭിപ്രായം ഞങ്ങളെ വേദനിപ്പിച്ചു.

ഗവമ്മേണ്ടു് പ്രതിനിധി ഈ പ്രശ്നം ഉയത്തിപിടിച്ചു. കുട്ടികളെ കൊണ്ടു് മടക്കൽജോലി നിർവ്വഹിക്കുന്നതു് നിത്തൽ ചെയ്യുവാൻ, അതിന്നുപകരിക്കുന്ന ഒരു മെഷീൻ അടിയന്തരമായും ലഭിക്കേണ്ടതുണ്ടു്.

നവമ്പർ അവസാനമായപ്പോഴെക്കും വരിസംഖ്യാമത്സരം പത്രത്തെ 3000 ആക്കി വദ്ധിപ്പിച്ചിരുന്നു. കൂടാതെ ധാരാ

ളം ക്രിസ്തുമസ്സ് പരസ്യമുള്ളതിനാൽ ഓരോ ആഴ്ചയും നടത്തുന്നതിന്നും മടക്കുന്നതിന്നും കൂടുതൽ സമയമെടുത്തു. ബേങ്ക് കടം ഈടാക്കുവാൻ വേണ്ടി, വ്യാഴാഴ്ചയും വെള്ളിയാഴ്ച രാവിലെ 10 മണിയോടുകൂടിയും പുറപ്പെടുന്ന മററു രണ്ടു പത്രങ്ങളുടെ അച്ചടിവേല ഞങ്ങഠം ഏറെറടുത്തിരുന്നു. കൈകൊണ്ടു പ്രവത്തിക്കുന്ന ഒരു പ്രസ്സിൽ ഒരിക്കൽ രണ്ടുപേജുമാത്രമായി ഒരാഴ്ചയിൽ 24 പേജ് പത്രം തയാറാകേണ്ടതിനാൽ ഞങ്ങളുടെ നിമ്മാണസാദ്ധ്യത കൂടുതൽ കൂടുതൽ കുറഞ്ഞുവന്നു.

ബോബും എഡ്ഡും വ്യാപാരസംബന്ധിയായ പത്രങ്ങളിൽ 'വില്പാനുണ്ട്' പരസ്യങ്ങഠം പരിശോധിക്കുവാനും അത്തരം കാര്യങ്ങഠം വിദൂരസ്ഥലങ്ങളിൽ ഫോണിൽ അന്വേഷിക്കുവാനും തുടങ്ങി. ഒടുവിൽ ഞങ്ങഠംക്കുവേണ്ട യന്ത്രം വർജീനിയയിലെ നോർഫോഠംകിലുണ്ടെന്നു മനസ്സിലാവുകയും പരിശോധനക്കായി ഞങ്ങളുടെ പ്രിൻററും 'സകല കലാപി'യുമായ ബെന്നിനെ അങ്ങോട്ടയക്കുകയും ചെയ്തു. എല്ലാം ശരിയാണെന്നു് അയാഠം അഭിപ്രായപ്പെട്ടപ്പോഠം അയ്യായിരം ഡോളറിന്നു് ഞങ്ങഠം ഫോണിൽകൂടി പ്രസ്സ് വാങ്ങി.

"ഇതു് വാങ്ങിയതിന്നുശേഷം, നാം വേണ്ടതു് പണം കണ്ടെത്തുകമാത്രമാണ്. സംഖ്യ അയാഠംക്കു് വരുന്ന ആഴ്ച കിട്ടണം" ഫോൺ സംസാരം കഴിഞ്ഞപ്പോഠം ബോബ് പറഞ്ഞു.

"എനിക്കു് അയ്യായിരം ഡോളർ വേണം"—പിറെറ ദിവസം രാവിലെ ബോബ് ഡൌണിങ്ടൌൺ നാഷനൽ ബാങ്കിൽചെന്നു് മി. ബാഠംഡ്വിനോടാവശ്യപ്പെട്ടു.

"എന്തിന്നുവേണ്ടി?" തൻെറ ചെറിയ മുറിയിൽ ഫയലുകളുടെ കുമ്പാരങ്ങഠം നോക്കിക്കൊണ്ടു് ബാഠംഡ്വിൻ മന്ത്രിച്ചു.

"ഒരു പുതിയ പ്രസ്സ് വാങ്ങാൻ" പിന്നോട്ട് വലിഞ്ഞു കൊണ്ട് ബോബ് മറുപടി നൽകി.

"കഴിഞ്ഞകൊല്ലം ഒന്ന് നിങ്ങൾ വാങ്ങി, ഇല്ലേ?" ബാങ്കിങ്ങ് മുറിയിലേക്ക് നീങ്ങി ഇടുങ്ങിയ ജനവാതലിൽക്കൂടി ഒരിടപാട്ടുകാരന്ന് ഒരു 'സെക്യൂറിററി പാക്കററ്' നൽകിക്കൊണ്ട് ബാരംഡപിൻ പറഞ്ഞു.

"പക്ഷെ, അതിപ്പോൾ ഞങ്ങൾക്ക് മതിയാവുന്നില്ല. അച്ചടിക്കുന്നതോടുകൂടി മടക്കാൻ സാധിക്കുന്ന ഒരു ശനിയായ ഓട്ടമാററിക്ക് പ്രസ്സാണ് ഞങ്ങൾക്കാവശ്യം."

വേറെ ചില ചോദ്യങ്ങൾ ചോദിച്ചതിന്നുശേഷം കാര്യമെല്ലാം ബോബ് എഴുതിക്കൊടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബാരംഡപിൻ വീണ്ടും എക്കൌണ്ടിങ്ങ് വകുപ്പിലേക്ക് പോയി.

"11 മണിക്ക് ഡയരക്ടർമാർ സമ്മേളിക്കുന്നുണ്ട്. അവർ കുറെ ചോദ്യങ്ങൾ ചോദിക്കും."

ലഘുഭക്ഷണത്തിന്നുശേഷം ബാരംഡപിനെ കണ്മാൻ ബോബ് ബേങ്കിൽ തിരിച്ചെത്തി. അവരുടെ കണ്ണുകൾ കൂട്ടിമുട്ടിയെങ്കിലും ഡയരക്ടർസമിതിയുടെ തീരുമാനത്തിൻെറ ധ്വനിപോലും നൽകിയില്ല. പിൻഭാഗത്തെ മുറിയിലേക്ക് നയിക്കുന്ന ഇടവഴിയിൽ ബോബ് അലസമായി കഴിച്ചുകൂട്ടി.

സമയത്തിന്ന് ബാരംഡപിൻ തൻെറ മുറിയിൽവന്ന്, പരിശോധിച്ചുകൊണ്ടിരുന്ന കടലാസ്സുകളിൽനിന്നും കണ്ണെടുക്കാതെ ചോദിച്ചു: "എന്ത് തരത്തിലുള്ള ജാമ്യമാണ് തരുവാനുള്ളത്?"

"സാധനസാമഗ്രികളല്ലാതെ മറെറാന്നുമില്ല" ബോബ് മറുപടി പറഞ്ഞു.

മൂന്നുനാലുപ്രാവശ്യം അങ്ങുമിങ്ങും നടന്നു്, മററിടവാടുകാരുമായി ചിലപ്പോ‍ാം സംസാരിച്ചു്, തൻെറ ഇടവാട് പകുതി സംഖ്യക്കു് മാത്രമേ ഉള്ളവെന്നും ബാക്കി 3000 ഡോളറിന്നു് കൂടി ജാമ്യം കാണേണ്ടതുണ്ടെന്നും ബോബ് മനസ്സിലാക്കി. അക്കാര്യത്തിൻ എന്താണുള്ളതെന്നാലോചിച്ചുകൊണ്ടിരിക്കുമ്പോ‍ാം ബാ‍ാംഡ്വിൻ അന്വേഷിച്ചു. "നിങ്ങളുടെ അമ്മക്കു് ചില ഓഹരികളില്ലേ? ഭാര്യ ഒരു പുതിയ പുസ്തകം പ്രസിദ്ധീകരണക്കാൎക്കു് വിററിട്ടില്ലേ?"

വാസ്തവം പറഞ്ഞാൽ ഞാൻ വിററിരുന്നു. പുസ്തകം ചിലവാകുന്നതിൽ നിരാശയായിരുന്നു ഫലമെങ്കിലും 'ഇല്ലാത്ത സമയം' ചിലവാക്കിയതു് ഇപ്പോ‍ാം ഫലപ്രദമായിട്ടുണ്ടെന്നു് മനസ്സിലായി. അടുത്തകൊല്ലത്തെ സെലക്ഷനായി ഇതു് ജൂനിയർ ലിറററി ഗിൽഡു് തിരഞ്ഞെടുത്തിരിക്കുന്നു; ഞാൻ അഡ്വാൻസ് സ്വീകരിച്ചതേയുള്ളു. എൻെറ വിലയേറിയ പ്രതിഫലത്തിന്മേൽ ഒപ്പിടുവാൻ ഞാൻ സസന്തോഷം തയാറായി. ബോബിൻെറ പ്രിയപ്പെട്ട അമ്മയും തൻെറ വരവിൻെറ ഏകാവലംബമായ ഓഹരികഠം കടപ്പെടുത്തി. അങ്ങിനെ ഞങ്ങ‍ാക്കു് ജാമ്യം ലഭിച്ചു. ഞങ്ങളുടെ വക്കലില്ലാത്ത പണംകൊണ്ടു് വാങ്ങണമെന്നു് പരിതസ്ഥിതികഠം നിർബ്ബന്ധിക്കുന്ന പ്രസ്സ് നേടുവാനുള്ള പോംവഴി ഇതൊന്നുമാത്രമായിരുന്നു. രാത്രിവണ്ടിക്കു് ബെൻ, നോർഫോക്കിലേക്കു് പുറപ്പെട്ടു; ബോബും എഡ്വും രാവിലെ കാറിലും. അങ്ങിനെ പ്രസ്സിൻെറ വീരചരിതം ആരംഭിക്കുകയായി.

ഒരു വമ്പിച്ച സമരത്തിന്നുതന്നെ സമയം നിൎണ്ണയിക്കുന്നതു് ഒരു സൈന്യാധിപന്നും വലിയ പ്രയാസമുള്ള പ്രശ്നമായിരുന്നില്ല. നോർഫോ‍ാംകിലേക്കുള്ള യാത്ര, അഴിച്ചെടുക്കലും കയററലും, വലിച്ചുനീക്കൽ, ഞങ്ങളുടെ യന്ത്രത്തിന്നു അഞ്ചടി

ആഴമുള്ള കോൺക്രീററ് കഴിയും അടിത്തറയും തയാറാക്കൽ എന്നിവയെല്ലാം, ഏററവും വർദ്ധിച്ച പരസ്യങ്ങളോടുകൂടി മുടക്കംകൂടാതെ പ്രസിദ്ധീകരിക്കേണ്ടുന്ന മൂന്നു വാരികകളുടെ നിർമ്മാണവുമായി ഒത്തുപോകേണ്ടതുണ്ട്.

നോർഫോറംകിൽ ബോബ്, എഡ്ഡ്, ബെൻ, ലൂവ് (ഞങ്ങളുടെ അടുക്കൽ പുതുതായി അച്ചടിവേല പരിശീലിക്കുന്ന ആറം), ഇവരെ സഹായിക്കാൻ പ്രത്യേകം പരിജ്ഞാനം നേടിയ ഒരു കൂട്ടം 'വേലക്കാരാ'യി ഒമ്പതുപേരുണ്ടായിരുന്നു. എല്ലാവരുംകൂടി പ്രസ്സ് അഴിച്ചെടുത്ത് ഒരു വലിയ ട്രക്കിൽ കയററി. അടുത്ത തിങ്കളാഴ്ച ഞങ്ങളുടെ കതിരപ്പന്തിയുടെ ഒരററത്ത് പ്രസ്സിൻെറ 'ഇരുപതിനായിരം' ഭാഗങ്ങളും പരന്നു കിടന്നു.

"ഇത് വെവ്വേറെ എടുത്തത് ഭയങ്കരമായ ഒരു സമയനഷ്ടമായിരുന്നില്ലേ?"—അവസാനത്തെ ബോറംട്ട് നിലത്തിട്ടതോടുകൂടി ഞാൻ അഭിപ്രായപ്പെട്ടു. "ഇനി ഇവയെല്ലാം ഒന്നിച്ച് ചേർക്കണ്ടേ?"

സമയം അർദ്ധരാത്രി കഴിഞ്ഞു. എല്ലാവരും ഉറങ്ങുകയായിരുന്നു. "നോർഫോറംകിൽ ഇതിൻെറ ഉടമയുടെ വീട് തല്ലുടച്ച് പുതുതായൊന്നുണ്ടാക്കുന്നതിനേക്കാറം ഇത് എളുപ്പമായി തോന്നുന്നു". എണ്ണ പുരണ്ട കൈകൊണ്ടു മുഖം തടവിക്കൊണ്ടു ബോബ് പരിഹസിച്ചു.

മൂന്നാമത്തെ ആഴ്ച അവസാനത്തിൽ, ആവശ്യമാണെങ്കിൽ മണിക്കൂറിൽ അയ്യായിരം മടക്കിയ പത്രങ്ങറം പുറത്തിറക്കാൻ ഈ ഭയങ്കരജീവിക്ക് ശക്തിയുണ്ടായിരുന്നു. മേലിൽ 'ഒരിക്കൽ രണ്ടു പേജ്' എന്ന പ്രശ്നമേ ഞങ്ങറംക്കില്ല.

ബുധനാഴ്ച എട്ടുപേജുകൾ വീതമുള്ള ഫാറങ്ങൾ അച്ചടിക്കാൻ തുടങ്ങി. പ്രതീക്ഷിച്ചപോലെ ഒരു കൂട്ടം ആളുകൾ, പത്രം പുറത്ത് വരുന്നത് കാണുവാൻ ഒത്തുകൂടിയിരുന്നു. അതിന്റെ തലയിലൊഴിക്കുവാൻ അതിലൊരാൾ ഒരു കുപ്പി 'ഷാം പെയിൻ' പോലും കൊണ്ടുവന്നിരുന്നു.

എലക്ട്രിക്ക് മോട്ടോർ കറങ്ങി; ഗിയർ വല്ലാതെ ശബ്ദിച്ചു; തുടർന്നുകൊണ്ട് ആരോ ഒരു വലിയ കടലാസ്സ് സഞ്ചി എടുത്തിടുന്നതുപോലുള്ള ഒരു ശബ്ദം! കെട്ടുപിണഞ്ഞ യന്ത്രത്തിൽക്കൂടി നെയ്തെടുത്ത ഒരു വലിയ ന്യൂസ്പ്രിന്റ് ചരട് മുറുക്കം വിട്ട് തളർന്ന് നിന്നു. അങ്ങുമിങ്ങും തലയാട്ടികൊണ്ട് ചരട് വീണ്ടും കോർക്കുന്ന പ്രയാസമേറിയ പ്രവൃത്തിയിൽ ഈവ്, എഡ്ഡ്, ബോബ് എന്നിവക്ക് ബെൻ നേതൃത്വം നൽകി. മുപ്പതുമിനുട്ടിന്ന് ശേഷം അവർ ഒന്നുകൂടി പരിശോധിക്കുവാൻ തയാറായി.

നാലു ചരടുപൊട്ടലുകൾക്കും രണ്ടുമണിക്കൂറുകൾക്കും ശേഷം ആ ആഴ്ച പത്രം പ്രസിദ്ധീകരിക്കണമെങ്കിൽ പരിചിതനും വിശ്വസ്തനും 'ഒരിക്കൽ രണ്ടു പേജുകാരനു'മായ 'മിയലി' നെ തന്നെ സമീപിക്കണമെന്ന അസുഖകരമായ തീരുമാനത്തിലെത്തി.

അടുത്ത ആഴ്ച ഒന്നുകൂടി പരിശോധിക്കുവാൻ ഞങ്ങൾ തയാറായി. എല്ലാം ഭംഗിയായി നടന്നു—ചുരുങ്ങിയത് മടക്കുയന്ത്രത്തിൽക്കൂടി പത്രങ്ങൾ മൊത്തമായി പുറംതള്ളപ്പെട്ടു. ചരട് രണ്ടു പ്രാവശ്യം മാത്രമേ പൊട്ടിയുള്ളു. ഞങ്ങളെല്ലാം ചുററും നിന്ന് അഭിവാദ്യം ചെയ്തു. എന്നാൽ പുറത്തു വന്ന പത്രം ഭയാനകമായി കാണപ്പെട്ടു. ചില പേജുകൾ, അച്ചടിച്ചതുതന്നെയാണോ എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത വിധം അവ്യക്തവും മററുള്ളത് കറുത്ത മഷി പരന്ന് വികൃ

തവും ആയിരുന്നു. മാർജ്ജിനുകൾക്ക് സ്ഥിരതയില്ല. ഒരു പേജിന്റെ പകുതി, കടലാസിന്റെ മേലെ അററത്തും മററൊന്നിന്റെ പകുതി അടിത്തട്ടിലും കാണപ്പെട്ടു. പക്ഷെ ചരട് പൊട്ടുകയേ ചെയ്യാഞ്ഞതിനാൽ ബെൻ വിജയോദ്ധതനായി.

"ഇതു് സാരമില്ല, ശരിപ്പെടുത്താവുന്നതേയുള്ളു" തന്റെ അസാധാരണമാംവിധം പതിഞ്ഞ സ്വരത്തിൽ ബെൻ അഭിപ്രായപ്പെട്ടു.

അന്നു രാത്രി മാർജ്ജിൻ ശരിപ്പെടുത്തുന്നതിന്നുമുമ്പ് ഞങ്ങൾക്ക് 900 കോപ്പികൾ ഉപേക്ഷിക്കേണ്ടിവന്നു. അപ്പോഴേക്കും നേരം അതിക്രമിച്ചിരുന്നു. ചവററു കടലാസ്സുകൾ കുന്നുകൂടി. ഏതായാലും, ഞങ്ങളുടെ വായനക്കാർക്കും പരസ്യക്കാർക്കും മനസ്സിലാവുമെന്നു് കരുതി ഞങ്ങൾ തപ്പാലിന്നാവശ്യമായ പ്രവൃത്തികൾ ചെയ്തു.

അതിനിടയിൽ ഒരിക്കൽ ആറാഴ്ച ചരടുപൊട്ടാതെ ഞങ്ങൾ ഒരു റിക്കാർഡ് സ്ഥാപിക്കുകയുണ്ടായി. ഓരോ ആഴ്ചയും യന്ത്രം അഭിവൃദ്ധി പ്രാപിച്ചുവെങ്കിലും ഒരു വർഷത്തോളം സമരം നിലനിന്നു. മഷിപരക്കലും മാഞ്ഞുപോകലും നിമിത്തം ഞങ്ങളുടെ രണ്ടു കക്ഷികളുടെ പത്രം അതിൽ അച്ചടിക്കുവാൻ ഞങ്ങൾ ധൈര്യപ്പെട്ടില്ല; അവക്കുവേണ്ടി ചെറിയവനെ തന്നെ ശരണം പ്രാപിച്ചു; മടക്കൽ കൈകൊണ്ടു തന്നെ നടത്തി ആഴ്ചതോറും മേന്മ വാഗ്ദത്തം ചെയ്തതിനാൽ ഞങ്ങളുടെ വായനക്കാർ ക്ഷമയോടെ കാത്തിരുന്നുവെങ്കിലും അനുഭവത്തിൽ കാണാതിരുന്നതിനാൽ ചിലർ ഞങ്ങളെ കയ്യൊഴിച്ചു.

പുതിയ യന്ത്രത്തിന്റെ പ്രവർത്തനം വേദനാജനകമായിരുന്നു. വാങ്ങിയവില, കൊണ്ടുവരാനുള്ള ചിലവ്, കഴിയുണ്ടാ

ക്കൽ, വീണ്ടും കമ്പി ഇടൽ, പുതിയ ഭാഗങ്ങൾ, നടത്തിക്കുവാൻ വേണ്ടി എടുത്ത കൂടുതൽ ജോലി ഇവയെല്ലാംകൂടി കഷ്ടിച്ച് എണ്ണായിരം ഡോളറോളം പ്രസ്സിന്നു വില വരും; അതിൽ 6000 കടവും. 1871-ൽ "പോസ്റ്റ് ഡിസ്പാച്ചി"ന്ന് ഒന്നാമത്തെ റോട്ടറി പ്രസ്സ് സ്ഥാപിച്ചതിന്നുശേഷം "ഇതിൻെറ അസ്ഥിരത എന്നെ മിക്കവാറും ഭ്രാന്തനാക്കിയിരിക്കുന്നു"വെന്ന് അഭിപ്രായം പ്രകടിപ്പിച്ച ജോസഫ് പുലിററ്സറോട് ഞങ്ങൾക്ക് പൂർണ്ണമായ സഹതാപമുണ്ട്.

കൂലി-തൊഴിൽപരിശോധകൻെറ 6 മാസം നിലനിന്ന അന്വേഷണം, വിതരണമത്സരം, വരവ് ചിലവൊപ്പിക്കൽ, പുതിയ പ്രസ് വാങ്ങലും സ്ഥാപിക്കലും, എന്നീ കാലഘട്ടങ്ങൾ ഒരുതരം നരകജീവിതമായിരുന്നു. എന്നാൽ അക്കാലം എങ്ങിനേയോ തരണം ചെയ്യുന്നതിനുള്ള കഴിവ് ഞങ്ങളുടെ വിധിക്കുണ്ടായി.

ഇക്കാലം അതിൽനിന്നും വിഭിന്നമല്ല. ഗവമ്മേണ്ടന്വേഷണം നടന്നതിൽപിന്നെ ഞങ്ങളുടെ അനുഭവങ്ങളുടെ വിവരണത്തിന്നായി ബോബ് ഒരു കോളം നീക്കിവെച്ചു. വായനക്കാരുടെ ഇടയിൽ ഇത് വമ്പിച്ച ആഹ്ലാദമുണ്ടാക്കി. ഞങ്ങളെ സമീപിക്കുവാനും അവരുടെ പ്രവത്തനങ്ങൾ അറിയിക്കുവാനും അനേകം വ്യാപാരികൾക്ക് ഇത് ഉത്തേജനം നൽകി. ഡൌണിങ്ങ്ടൌണിൽനിന്നു് വന്നവരോട് സംസാരിച്ചപ്പോഴാണ് ഏററവും ഗൌരവമേറിയ കാര്യമാണിതെന്ന് പ്രത്യക്ഷപ്പെടുന്നത്. ഇതിൽ ഒരു മാസികക്ക് പററിയ ലേഖനമുണ്ടെന്ന് ഞാൻ തീർച്ചപ്പെടുത്തുകയും അതെഴുതുവാൻ ബോബിനെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

എഴുതുന്നത് എൻെറ ഭർത്താവിന്ന് പരമസങ്കടമാണ്. 'മുക്കിയും മൂളിയും' കടലാസിൽ തുറിച്ചുനോക്കിയും പുകവലിച്ചും

കൊണ്ടു് ഇതിനെ ഒഴിക്കുവാൻ സാദ്ധ്യമായതൊക്കെ അദ്ദേഹം ചെയ്തുനോക്കി. നന്നേ ചൂടു് പിടിച്ചപ്പോഠം അദ്ദേഹം ഇരുന്നെഴുതുക തന്നെ ചെയ്തു.

വിതരണമത്സരവും പുതിയ പ്രസ്സുവാങ്ങലും അദ്ദേഹം മനസ്സിൽകരുതിയപ്പോഠം ഞാൻ എവിടെയും പ്രത്യക്ഷപ്പെട്ടില്ല. മുഷിഞ്ഞിരുന്നു് മാസികാലേഖനം എഴുതാതിരിക്കുന്നതിന്നു് അദ്ദേഹത്തിന്നു് നല്ല പല ഒഴികഴിവും പറവാനുണ്ടായിരുന്നു. എന്നാൽ 1950 ജനവരി ആരംഭത്തിൽ ഒരു ദിവസം രാവിലെ അദ്ദേഹം മെത്തയിൽനിന്നു് ഉരുണ്ടെഴുന്നേററു് മന്ത്രിച്ചു: "നിണക്കാശ്വാസമായെന്നു് വിശ്വസിക്കുന്നു. ഇന്നലെ രാത്രി ഞാൻ അയച്ചിട്ടുണ്ടു്."

"അയച്ചുവെന്നോ!"—ഞാൻ ഉറക്കെ ചോദിച്ചു.

"ഇതെങ്ങിനെ സാധിച്ചു? ഇന്നലെ അദ്ധരാത്രിക്കു് ഞാൻ ഓഫീസ് വിട്ടപ്പോഠം നിങ്ങഠം അടിമുതൽ മുടിവരെ എണ്ണപുരണ്ടു് പ്രസ്സിന്നടിയിൽ കഴിയുകയായിരുന്നുവല്ലോ!"

"ഞാൻ ഒന്നാമതായി കൈ കഴുകി" അദ്ദേഹം പരിഹസിച്ചു. "പിന്നെ എൻെറ പുകക്കുഴൽപോലും കൊളുത്താതെ ടൈപ്പ്റൈററിന്നു മുമ്പിലിരുന്നു. ഒന്നരമണിക്കൂറിന്നുശേഷം എഴുന്നേററു് തലയിൽനിന്നു് പുറത്തേക്കു് വന്നതു് അപ്പടി ഒരു കവറിന്നുള്ളിൽ അടക്കം ചെയ്തു് സ്റ്റാമ്പൊട്ടിച്ചു. പിന്നീടു് ഞാൻ ഒന്നു കുളിച്ചു."

"പക്ഷെ, അച്ചടിത്തെററുകളോ അക്ഷരപ്പിഴകളോ വന്നുപോയോ എന്നറിവാൻ വീണ്ടും വായിച്ചു നോക്കിയില്ലെ?"

"അതിനെന്തിന്നു് വിഷമിക്കണം? 'പ്രൂഫു്' മടക്കി അയക്കുമ്പോഠം നമുക്കതു് ചെയ്യാമല്ലോ."

രണ്ടുദിവസങ്ങൾക്കുശേഷം പ്രസ്സിന്നു് മറെറാരു തകരാറു് പററി. ബോബ് ശരിപ്പെടുത്തിയും പ്രസ്സിന്നടിയിൽ കുഴിയിൽ പുകയിട്ടും കഴിയുമ്പോഠം ഞാൻ പോസ്റ്റ്മേൻ തന്ന കത്തു കഠം തിരിച്ചും മറിച്ചും നോക്കുകയായിരുന്നു. പെട്ടെന്നു്, 'സാററർഡെ ഈവിനിങ്ങ് പോസ്റ്റ്' എന്നപേർ അച്ചടിച്ച ഒരു ചെറിയ കവർ എൻെറ ശ്രദ്ധയിൽ പെട്ടു. ഞാൻ അത് കയ്യിലെടുത്ത് സൂക്ഷിച്ചുനോക്കി. ഒരു ലേഖനം അടക്കം ചെയ്വാൻ പ്രയാസമായ വിധം അതു് അത്രയും ചെറുതായിരുന്നു.

"ബോബ്!" പ്രസ്സിന്നരികിലേക്കോടിക്കൊണ്ടു് ഞാൻ അലറി.

"ഹെന്തോ!" പ്രസ്സിൻെറ അടിയിൽ നിന്നും അദ്ദേഹത്തിൻെറ ശബ്ദമുയന്നു.

"'പോസ്റ്റിൽ'നിന്നു് വരുന്ന ഒരു കത്താണിതു്. തുറന്നു നോക്കു."

"ഇവിടെനിന്നു് എനിക്കൊന്നും സാദ്ധ്യമല്ല. നീ അത് തുറക്കു". ഞാൻ അപ്പോഴും അത് കയ്യിൽവെച്ചു് മൌനം അവലംബിക്കുന്നതിനിടയിൽ അദ്ദേഹം റോളറുകഠക്കുമേൽ തലയുയത്തി വീണ്ടും—

"ശരി, എന്താണു് സംഗതി? അതിൽനിന്നു് എന്തെങ്കിലും പുക പുറപ്പെടുമെന്നു് പ്രതീക്ഷിക്കുന്നുവോ?"

വിറക്കുന്ന വിരലുകളോടുകൂടി ഞാൻ ആ ലക്കോട്ട് കീറി. 'കൂലിസമയ'ത്തിൽനിന്നുള്ള സന്ദർശനത്തെ സംബന്ധിച്ച ബോബിൻെറ ലേഖനം സ്വീകരിച്ചിരിക്കുന്നുവെന്നും അടുത്ത തപ്പാലിൽ ഒരു ചെക്ക് വന്നുചേരുന്നതാണെന്നും ഉള്ള 'പോ

സ്റ്റി'ൻെറ കറിപ്പ് വായിച്ചപ്പോഠം അവിശ്വസനീയമായി ത്തോന്നി.

"അവരത് വാങ്ങുന്നതാണ്!" ഷാപ്പിലുള്ളവരെയാകെ ഞെട്ടിക്കുവാൻ പര്യാപ്തമായ നിലയിൽ ഞാൻ അട്ടഹസിച്ചു.

"എന്ത്!" നിവൻനിന്ന് റോളറിന്മേൽ ഇടിച്ചുകൊണ്ടു് ബോബ് ചോദിച്ചു. ഒരു നിമിഷം സ്തംഭിച്ചുനിന്നു. യന്ത്രത്തിന്നടിയിൽനിന്നും നുഴഞ്ഞ് പുറത്തുകടന്നു് എണ്ണയിൽ കുളിച്ചു നിലയിൽ തലക്കു് കയ്യും കൊടുത്ത് നില്ക്കുന്ന ബോബിന്നു് ചുററംക്കുടി ഞങ്ങഠം നൃത്തം വെച്ചു. 'സാററർഡെ ഈവിനിങ്ങ്' പോസ്റ്റിൻെറ കാരുണ്യംകൊണ്ടു് ഒരിക്കൽക്കൂടി വാരാന്തശമ്പളം കൊടുത്തുതീർപ്പാൻ ഞങ്ങഠംക്കു് സാധിച്ചു.

"ഫെഡറൽ സ്നൂപ്സ് ആർ ആഫ്ടർ മീ" (കുററാന്വേഷകർ എൻെറ പിന്നാലെ) എന്ന ശീർഷകത്തിൽ ബോബ് എഴുതിയ ആ ലേഖനം 1950 മാർച്ച് 18-ാംനു-ത്തെ പോസ്റ്റിൽ പ്രത്യക്ഷപ്പെട്ടുകയും പിന്നീട് ഒക്ടോബറിലെ 'റീഡേഴ്സ് ഡൈജസ്റ്റി'ൽ വീണ്ടും പ്രസിദ്ധീകരിക്കുകയും ചെയ്തു. പത്രാധിപരെ അഭിസംബോധനം ചെയ്തുകൊണ്ടു് ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്ന കത്തുകഠം ഞങ്ങളെ ആശ്ചര്യപ്പെടുത്തി. യൂറിയനിലെ ഓരോ സ്റ്റേററിൽനിന്നും ചെറുതരം പത്രങ്ങളുടെ പത്രാധിപന്മാരും ചെറുകിട കച്ചവടക്കാരും അയച്ചതാണ് അതിൽ ഭൂരിഭാഗവും. പത്രങ്ങളും മാസികകളും ഇത് സംബന്ധിച്ചെഴുതിയ മുഖപ്രസംഗങ്ങഠം നാട്ടനീളെ കാട്ടുതീ പരത്തി.

"ഗുരുതരമായ കുററാന്വേഷണങ്ങഠം" കുത്തരം പറയുവാനും ഞങ്ങളുടെക്കൂലി 582 ഡോളറടക്കം 744 ഡോളർ 35 സെൻറ് ക്കൂലിയായി ഞങ്ങഠം കൊടുക്കാനും നിർദ്ദേശിച്ചു

കൊണ്ടും 'ഫിലാഡൽഫിയ'യിൽ ഹാജരാകുവാൻ ആജ്ഞാപിക്കപ്പെട്ടത് ഞങ്ങളെ സ്തംഭിപ്പിച്ചുവെങ്കിലും 'കൂലി—തൊഴിൽ—സന്ദർശനം' 'ഉർവ്വശി ശാപം ഉപകാര'മായി ഭവിച്ചു. ശതകണക്കിലുള്ള ഹൃദയസ്പർശിയായ ലിഖിതങ്ങൾ ഞങ്ങൾക്ക് ധൈര്യവും വിവേചനാശീലവും പ്രദാനം ചെയ്തു. ആർകീവിനെ മുന്നോട്ട് നീക്കുവാനുള്ള ദൃഢനിശ്ചയമായിരുന്നു പരിണതഫലം.

പലപ്പോഴും അർദ്ധരാത്രിവരെ ഞാനും ബോബും ഞങ്ങളുടെ ടൈപ്പ്റൈററിന്നു മുമ്പിലിരിക്കുന്ന ഒരു സമയം വന്നുചേരുന്നു. കൊടുത്ത് തീർക്കേണ്ടുന്ന ഒരു കെട്ട് ബില്ലുകളും യോഗങ്ങളുടേയും പോക്കുവരവുകളുടെയും ഒരു കൂട്ടം കുറിപ്പുകളുമായി ഞങ്ങൾ നേരിടുന്നു. മുന്നൂറു ഡോളർ വിലക്കുള്ള ലഘുലേഖകൾ അച്ചടിക്കുവാനേല്പിച്ച മനുഷ്യൻ ഒളിച്ചുപോവുകയും ഞങ്ങളുടെ പണം ശേഖരിക്കുവാൻ മാർഗ്ഗമില്ലാതാവുകയും ചെയ്യുന്നു. മൂത്തമകൻ ആസ്പത്രിയിൽ സുഖക്കേടിൽ കിടപ്പിലായതിനാൽ 'വിത്തിൻെറ വിലവിവരപട്ടിക'യുടെ പണമടപ്പാൻ ജോൺ ഫിക്സിന്നു് സാധിക്കാതെ വന്നു. പിറെറ ദിവസം രാവിലെ ബാങ്കിൽ തന്നിക്കൊരു പണമടപ്പാനുള്ള കുറിപ്പെഴുതിവെച്ച് മി. പീറേറഴ്സ് പോകുന്നു. എനിക്ക് ഒരു വെപ്പിന്നു് പോകേണ്ടിവന്നതിനാൽ, അന്നുച്ചതിരിഞ്ഞ് സ്റ്റീവിന്നു് ഒരു ജോടി ഷൂസ് വാങ്ങണമെന്നു് കരുതിയത് മറന്നുപോയസംഗതി പെട്ടെന്നു് ഓർമ്മിക്കുന്നു. ഞങ്ങളുടെ കുഴപ്പം പിടിച്ച മേശക്കുമുകളിൽ തൂങ്ങിക്കിടക്കുന്ന ബൾബിൻെറ വെളിച്ചത്തിൽ ഞങ്ങൾ സ്വയം ചോദിക്കുകയാണ്—'ഞങ്ങൾ ഇതെല്ലാം ചെയ്തുതീർക്കുമോ?'

മറുപടി പറയേണ്ടുന്ന ആവശ്യമില്ല. 'ന്യൂയോർക്ക് ടൈംസ്' പത്രാധിപരും 'ബെത്തലം സ്റ്റീൽ' പ്രസിഡണ്ടും ഉള്ള

സ്ഥലങ്ങളുമായി ഞങ്ങൾ വ്യാപാരമത്സരങ്ങളിലേപ്പെട്ടുകയില്ലെന്ന് ഞങ്ങൾ രണ്ടുപേൎക്കുമറിയാം. പരേതനായ 'എഡ്വോഡ്‌ ഫ് ഓപ്സ്' ഒരിക്കൽ എഴുതുകയുണ്ടായി: "വിജയം നേടുവാൻ കേവലം സാധാരണമായ ഗുണങ്ങൾമാത്രം ശീലിച്ചാൽ മതി—കഠിനപരിശ്രമം, വിവേചനാശീലം, സ്ഥിരോൽസാഹം, സത്യസന്ധത."

"എനിക്കൊരിക്കലും വേണ്ടത്ര ഉറക്ക് കിട്ടുമെന്ന് തോന്നുന്നില്ല" തന്റെ പത്രനിരൂപണകാലത്ത് എച്. എൻ. മെൻകൻ അഭിപ്രായപ്പെട്ടു. രാവിലെ 10 മണി മുതൽ പിറേറദിവസം രാവിലെ 2 മണിവരെ പ്രവൎത്തിച്ചുകൊണ്ടാണ് ജോസഫ് പുളിററ്സർ തന്റെ മഹത്തായ ജീവിതം ആരംഭിച്ചതു്.

സംതൃപ്തിയുണ്ടെന്നത് ശരിയാണ്. അപ്രതീക്ഷിതമായി, മുഖപ്രസംഗത്തെപററി നിരൂപണം ചെയ്യുന്ന അജ്ഞാതനായ ഒരു വായനക്കാരനിൽനിന്നുള്ള എഴുത്തിന്റെയോ ഭക്ഷണവും പാൎപ്പിടവും ലഭിക്കുന്ന കാൎയ്യത്തിൽ ആർകീവ് വഹിക്കുന്ന പങ്കിന് നന്ദി പ്രകടിപ്പിച്ചുകൊണ്ടു് കേവലം ദരിദ്രമായ ഒരു കുടുംബമയക്കുന്ന കുറിപ്പിന്റെയോ ക്രോധിയായ ഭാൎയ്യയിൽനിന്നും താല്ക്കാലികമോചനമന്വേഷിക്കുന്ന ഒരാളുടെ സന്ദർശനത്തിന്റെയോ, അഥവാ വീട്ടിൽനിന്നുണ്ടാക്കിയ ചൂടുള്ള അലുവയുമായി ഒരയൽവക്കക്കാരൻ വൈകുന്നേരം പിടിച്ചു നിൎത്തുന്നതിന്റെയോ ഒരു പഴക്കൃഷിക്കാരൻ ഒരു കൊട്ട ആപ്പിൾപഴം ആഫീസ്സിൽ വെച്ചുപോകുന്നതിന്റേയോ ആർകീവിന്റെ ഒരു കൊല്ലത്തെ വരിസംഖ്യ 2 ഡോളർ 50 സെൻറ് അശക്തയായ അമ്മക്കുവേണ്ടി അടപ്പാൻ പത്തു വയസ്സായ ഒരു കുട്ടി ഏക്കൎക്ക് 10 സെൻറ് കണക്കിൽ പുല്ലു പറിക്കുന്ന വ

സ്ഥത അറിയുന്നതിൻെറയോ രൂപത്തിലായിരിക്കാം അതു് വന്നതു്.

പ്രസ്സിന്നടിയിലെ കുഴിയിൽ ആഴ്ചകളോളം നീണ്ടുനിന്ന പ്രവൃത്തിക്കുശേഷം ബോബ് പുറത്തുവന്നു് നിവൎന്നുനിന്നു് "അവൾ തിരിഞ്ഞുകൊണ്ടിരിക്കട്ടെ" എന്നലറിയതു്, തൻെറ ആജ്ഞക്കു് മറുപടിയായി നിശ്ശബ്ദതയും തുടൎന്നുകൊണ്ടു് ഞങ്ങൾ ശേഷം പേരുടെ പൊട്ടിച്ചിരിയും ലഭിപ്പാൻമാത്രം ഇടവന്നനിലയിൽ വൈദ്യുതപ്രവാഹം പെട്ടെന്നു് തിരിഞ്ഞുപോയ ആ നിമിഷം എങ്ങിനെ വൎണ്ണിക്കട്ടെ! അഥവാ മടക്കുന്നവർ രാത്രി അടിമുടി വൎണ്ണമുള്ള മഷികളിൽ കുളിച്ചു് നില്ക്കുന്നതോ "അതു് നിങ്ങൾക്കു്, അതു് നിങ്ങൾക്കു്" എന്നു് പറയുന്നതുപോലെ കടലാസ്സിന്മേൽ അടിച്ചുകൊണ്ടിരിക്കുന്ന പഴയ പ്രസ്സിൻെറ ഭീകരശബ്ദമോ എങ്ങിനെ വൎണ്ണിക്കട്ടെ! കെട്ടിടത്തിൻെറ ഹൃദയം ഊക്കോടെ അടിക്കാൻ തുടങ്ങുമ്പോഴാണു്, വൈകിയ രാത്രികളേയും തിരക്കേറിയ മണിക്കൂറുകളെയും, ചെയ്‌വാൻ പററിയ ഏതു് പ്രവൃത്തിയുടെയും ഘടകമായ അക്ഷമയേയും സംയോജിപ്പിക്കുന്ന ഒരു നിമിഷം ഞങ്ങൾക്കു മനസ്സിലാവുന്നതു്.

നിരുത്സാഹം തോന്നുമ്പോഴെല്ലാം, 'ഫിഷർ ഏംസ്' എഴുതിയതു് ഞാൻ അനുസ്മരിക്കുന്നു. "എല്ലാ പായകളും വിടൎത്തി നീങ്ങുന്ന ഒരു ഗംഭീരയാനപാത്രമാണു് രാജവാഴ്ച. അന്തസ്സോടുകൂടി അതു് നീങ്ങുന്നു; പിന്നീടു് ഒരു പാറക്കടിച്ചു് ഇങ്ങിനിവരാതവണ്ണം മുങ്ങുന്നു. ജനാധിപത്യം ഒരു മരത്തടിപോലെയാണു്. ശപിച്ചുകൊള്ളൂ, അതൊരിക്കലും മുങ്ങുന്നില്ല; പക്ഷെ നിങ്ങളുടെ 'കാലടികൾ എല്ലായ്പോഴും വെള്ളത്തിലാണു്."

ഒരു നാടൻ വാരികയേയും ശപിച്ചുകൊള്ളു, നിങ്ങളുടെ കാലടികൾ എപ്പോഴും വെള്ളത്തിലാണ്. എല്ലായ്പോഴുമല്ലെങ്കിലും ഇതു് ചൂടുള്ളതാണ്. എന്നാൽ ഞങ്ങളിപ്പോഴും മുങ്ങീട്ടില്ല.

## പരിഭാഷകൻ പറയുന്നു

പത്രപ്രവർത്തനത്തിലെ രസകരമായ അനുഭവങ്ങളെപ്പററിയും വിഷമകരമായ പ്രതിസന്ധിഘട്ടങ്ങളെപ്പററിയും വിവരിക്കുന്ന ഈ പുസ്തകം വായനക്കാരന്ന് സംതൃപ്തി നൽകിയിരിക്കുമെന്ന് വിശ്വസിക്കുന്നു.

ഗ്രന്ഥകർത്രി ഇംഗ്ലീഷിൽ എഴുതിയതു് കഴിയുന്നത്ര ഭംഗിയായി തർജ്ജമ ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും തർജ്ജമക്ക് പല പോരായ്മകളും കണ്ടേക്കാം. ഇംഗ്ലീഷ് പരിജ്ഞാനമുള്ളവർ ഈ മലയാള പരിഭാഷ വായിച്ചതുകൊണ്ടുമാത്രം സംതൃപ്തിപ്പെടരുതെന്നും, ഗ്രന്ഥകർത്രിയുടെ സ്വന്തംഭാഷാശൈലിയിൽ കാര്യങ്ങൾ എഴുതിയത് വായിച്ചാസ്വദിക്കാൻ ശ്രമിക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്

മദ്രാസ്,
ആഗസ്റ്റ് 15, 1956.

കെ. പി. ഉണ്ണികൃഷ്ണൻ.
ലാ കോളേജ്, മദ്രാസ്

## 'ജനാ'യുടെ മറെറാരു പുസ്തകം

തയാറാവുന്നു

അതും പുതുമ നിറഞ്ഞതാണ്.

സ്വാതന്ത്ര്യമായി എഴുതാൻ, സ്വാതന്ത്ര്യമായി ചിന്തിക്കുവാൻ ചെറുപ്പം മുതൽ മരണം വരെ പോരാടി വിജയം വരിച്ച ഒരാളുടെ ജീവിതകഥയാണിത്. സ്വാതന്ത്ര്യമായ പത്രവർത്തനത്തിന്നു് വേണ്ടി സന്ധിയില്ലാസമരംചെയ്ത 'പീററർ സെങ്കരു'ടെ കഥയും മലയാളസാഹിത്യത്തിന്നു് ഒരു മുതൽക്കൂട്ടായിരിക്കും.

## വായനക്കാരോട്

'ജന'യുടെ ഈ പ്രസിദ്ധീകരണം ഞങ്ങളുടെ വായനക്കാരെ എത്രമാത്രം സംതൃപ്തരാക്കിയിട്ടുണ്ടെന്നറിയാൻ ഞങ്ങൾക്ക് കൌതുകമുണ്ട്. അതിനാൽ തുറന്ന അഭിപ്രായങ്ങൾ, ഭാവിയിലെ പ്രസിദ്ധീകരണങ്ങൾ അഭിവൃദ്ധിപ്പെടുത്താനുള്ള പ്രായോഗികനിർദ്ദേശങ്ങളോടുകൂടി അയച്ചുതരുന്നവരോട് ഞങ്ങൾ നന്ദിയുള്ളവരായിരിക്കും.

എഴുതുക:

**'ജന' പബ്ലീക്കേഷൻസ്**

പോസ്റ്റ് കക്കാട്, എൻ. മലബാർ.

SEN GUPTA PUBLIC LIBRARY
Date..........
PUTHIYARA.

## ഇത് എല്ലാ വ്യാഴാഴ്ചയും സംഭവിക്കുന്നു

- ഓരോ പത്രപ്രവർത്തകനും ഒരു പ്രമാണഗ്രന്ഥമാണിത്.
- അനുഭവങ്ങളുടെ കലാസുന്ദരമായ ചിത്രീകരണം.
- പരസ്യം സമ്പാദിക്കുന്ന കുറുക്കുവഴികൾ
- വായനക്കാരെ വശത്താക്കാനുള്ള ഞുണുക്കു വിദ്യകൾ.
- പേജുകൾ മറിക്കുമ്പോൾ എല്ലാം കാണാം.
- ലോകത്തിലെ വിവിധ ഭാഷകളിൽ ഇത് പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു.
- പല ഇന്ത്യൻഭാഷകളിലും പ്രസിദ്ധീകരിച്ചു കഴിഞ്ഞു.
- ഈ പ്രശസ്തകഥ ചലച്ചിത്രമാക്കപ്പെട്ടിട്ടുണ്ട്.

(അതിലെ ഒരു രംഗമാണ് മുഖചിത്രം)

**ഇതാ മലയാളത്തിൽ നിങ്ങളുടെ പുസ്തകം.**

240390

ഊണ്

എല്ലാ വ്യാഴാഴ്ചയും
സംഭവിക്കുന്നു.

ജെയിൻ ഓസ്റ്റ്. തെക്കിൻകരവീട്ടിൽ
പേരി: കെ. പി. ഉണ്ണിക്കുട്ടൻ.